# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം./എം.എൽ/1974/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 31/01/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി

സർ,

വിഷയം : നെയ്യാറ്റിൻകര മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെയ്യാറ്റിൻകര മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ)

2) ഡയറക്ടർ, നഗരകാര്യ വകുപ്പ് തിരുവനന്തപുരം (ഉ.പ.സ)

3) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

4) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം./എം.എൽ/1974/2021 തീയ്യതി: 31/01/2022

## തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ഷീലാ ഉബാൾഡ് | ജോയിന്റ് ഡയറക്ടർ | 11-10-2021 | 23-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 11-10-2021 | 23-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ. പ്രതാപ്കുമാർ. ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
2. ശ്രീമതി. സിന്ധുലാബീവി. എം,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
3. ശ്രീമതി. ശോശാമ്മ. എസ്, ഓഡിറ്റ് ഓഫീസർ
4. ശ്രീ. അനിൽകുമാർ. ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
5. ശ്രീമതി. ആശ. ജി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
6. ശ്രീ. ശ്രീജിത്ത്. എസ്.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
7. ശ്രീമതി. ബിന്ദുലത. ബി.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
8. ശ്രീ. കോസലരാമദാസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
9. ശ്രീ. രാജു. എസ്, ഓഡിറ്റർ
10. ശ്രീ. രഞ്ജിത്ത്. സി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ഡബ്ല്യൂ.ആർ.ഹീബ | ചെയർപേഴ്സൺ | 01-04-2019 | 31-03-2020 |
| ശ്രീ.സജി.എസ്.എസ് | സെക്രട്ടറി | 01-04-2019 | 31-10-2019 |
| ശ്രീ.മണികണ്ഠൻ.ആർ | സെക്രട്ടറി | 01-11-2019 | 31-03-2020 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അഷറഫ് ഖാൻ | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ.എസ്.ജനാർദ്ദനൻ നായർ | അസിസ്റ്റൻറ് എഞ്ചിനിയർ | 01-04-2019 | 21-07-2019 |
| ശ്രീ.എൻ.ലോറൻസ് | അസിസ്റ്റൻറ് എഞ്ചിനിയർ | 22-07-2019 | 31-03-2020 |
| ശ്രീമതി.മേരി സ്റ്റെല്ല.വി | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.വി.എ.അനിൽകുമാർ | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി.ഷീബ.എസ്.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ.കെ.എം.അനിൽകുമാർ | അഗ്രികൾച്ചർ ഓഫീസർ, നെയ്യാറ്റിൻകര | 01-04-2019 | 31-03-2020 |
| ശ്രീമതി.ജിജ്ജ.ജെ.കെ | അഗ്രികൾച്ചർ ഓഫീസർ, പെരുമ്പഴുതൂർ | 01-04-2019 | 31-03-2020 |
| ഡോ.ലിനി.എം.എസ് | മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ.ആർ.എസ്.മിനി | മെഡിക്കൽ ഓഫീസർ, (ആയൂർവേദം) | 01-04-2019 | 31-03-2020 |
| ഡോ.സുലേഖ.ഡി | മെഡിക്കൽ ഓഫീസർ, (ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീ.റോയി സൈമൺ | വ്യവസായ വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.സുജയകുമാർ | ക്ഷീരവികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.പി.കെ ശശികുമാർ | ഹെൽത്ത് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ.ജോയി ജോൺസ് | പ്രിൻസിപ്പാൾ,ഗവ.ജി.എച്ച്.എസ്.എസ്,നെയ്യാറ്റിൻകര | 01-04-2019 | 31-03-2020 |
| ശ്രീ.സജ്ജുകുമാർ.എൻ | പ്രോജക്ട് ഓഫീസർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Asha G R (Senior Grade Auditor, On 29-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 27-01-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Asha G R (Senior Grade Auditor, On 29-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 12-01-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sosamma.S (Audit Officer, On 11-01-2022)<br>Last Updated By: Reni L.S. (Computer Assistant, On 12-01-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Asha G R (Senior Grade Auditor, On 11-01-2022)<br>Last Updated By: Reni L.S. (Computer Assistant, On 28-01-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Sreejith S K (Senior Grade Auditor, On 11-01-2022)<br>Last Updated By: Reni L.S. (Computer Assistant, On 12-01-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: BINDHULATHA BP (Senior Grade Auditor, On 30-12-2021)<br>Last Updated By: Prathap Kumar R (Audit Officer (HG), On 19-01-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Sreejith S K (Senior Grade Auditor, On 30-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 12-01-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Raju. S (Auditor, On 11-01-2022)<br>Last Updated By: Reni L.S. (Computer Assistant, On 12-01-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Sosamma.S (Audit Officer, On 30-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 12-01-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Renjith C (Auditor, On 11-01-2022)<br>Last Updated By: Reni L.S. (Computer Assistant, On 12-01-2022) | 1-10 |
| 11 | വാർഷികകണക്കുകകളിലെ അപാകതകൾ<br>Written By: Asha G R (Senior Grade Auditor, On 29-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 18-01-2022) | 1-11 |
| 12 | ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.<br>Written By: Renjith C (Auditor, On 11-01-2022)<br>Last Updated By: Reni L.S. (Computer Assistant, On 12-01-2022) | 1-12 |
| 13 | വസ്തു നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Raju. S (Auditor, On 01-01-2022)<br>Last Updated By: Reni L.S. (Computer Assistant, On 28-01-2022) | 1-13 |
| 14 | വാടകകുടിശ്ശിക -സമയബന്ധിതമായി പിരിച്ചെടുക്കുന്നില്ല. തനത് ഫണ്ട് കുറയുന്നു.<br>Written By: Raju. S (Auditor, On 31-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 27-01-2022) | 1-14 |
| 15 | റേഷൻകടകളിൽ നിന്നും തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ല.<br>Written By: Raju. S (Auditor, On 31-12-2021)<br>Last Updated By: Raju. S (Auditor, On 20-01-2022) | 1-15 |
| 16 | പാരമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു<br>Written By: Raju. S (Auditor, On 31-12-2021)<br>Last Updated By: Prathap Kumar R (Audit Officer (HG), On 19-01-2022) | 1-16 |
| 17 | സൗകര്യം ഉറപ്പുവരുത്താതെ കംഫർട്ട് സ്റ്റേഷൻ ലേലം ചെയ്യതിനാൽ ധനനഷ്ടം സംഭവിച്ചു.<br>Written By: Raju. S (Auditor, On 31-12-2021)<br>Last Updated By: Prathap Kumar R (Audit Officer (HG), On 19-01-2022) | 1-17 |
| 18 | മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി സമയബന്ധിതമായി പിരിച്ചെടുത്തിട്ടില്ല-28,91,757/-രൂപ കുടിശ്ശിക.<br>Written By: Raju. S (Auditor, On 31-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 27-01-2022) | 1-18 |

| | | |
|---|---|---|
| 19 | നഗരസഭാപരിധിയിൽ പ്രാക്ടീസ് ചെയ്യുന്ന അഭിഭാഷകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Raju. S (Auditor, On 31-12-2021)<br>Last Updated By: Raju. S (Auditor, On 20-01-2022) | 1-19 |
| 20 | ആംബുലൻസ് ഫീ കളക്ഷൻ തുക (1800/- രൂപ) നഗരസഭാ ഫണ്ടിൽ യഥാസമയം ഒടുക്കിയില്ല<br>Written By: Renjith C (Auditor, On 31-12-2021)<br>Last Updated By: Prathap Kumar R (Audit Officer (HG), On 19-01-2022) | 1-20 |
| 21 | രസീത് പ്രകാരം പിരിച്ചെടുത്ത തുക ബാങ്കിൽ ഒടുക്കുന്നതിൽ കാലതാമസം<br>Written By: Renjith C (Auditor, On 31-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 17-01-2022) | 1-21 |
| 22 | ആംബുലൻസിന്റെ ലോഗ് ബുക്ക് നിയന്ത്രണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.<br>Written By: Renjith C (Auditor, On 31-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 17-01-2022) | 1-22 |
| 23 | ലോഗ് ബുക്കുകൾ ഹാജരാക്കിയിട്ടില്ല.<br>Written By: Renjith C (Auditor, On 31-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 17-01-2022) | 1-23 |
| 24 | വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിയതിന് പ്രതിഫലം നൽകി- 26,825/- രൂപ തടസപ്പെടുത്തുന്നു<br>Written By: Sreejith S K (Senior Grade Auditor, On 29-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 27-01-2022) | 1-24 |
| 25 | നഗരസഭയിലെ ഡ്രൈവർമാർക്ക് റ്റി എ ഇനത്തിൽ അധികം തുക നൽകി-6830/- രൂപ തടസപ്പെടുത്തുന്നു<br>Written By: Sreejith S K (Senior Grade Auditor, On 29-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 17-01-2022) | 1-25 |
| 26 | അംഗനവാടി പൂരക പോഷകാഹാര പദ്ധതി-പർച്ചേസുകളിൽ സർക്കാർ ഉത്തരവുകൾ പാലിക്കേണ്ടതാണ്<br>Written By: Sreejith S K (Senior Grade Auditor, On 29-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 17-01-2022) | 1-26 |
| 27 | സാമൂഹ്യ സുരക്ഷാ പെൻഷൻ-അനർഹർക്ക് ലഭിക്കുന്നത് ഒഴിവാക്കേണ്ടതാണ്<br>Written By: Sreejith S K (Senior Grade Auditor, On 29-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 17-01-2022) | 1-27 |
| 28 | സാമൂഹ്യ സുരക്ഷാ പെൻഷൻ-മരണപ്പെട്ടവരെയും/അനർഹരെയും സമയബന്ധിതമായി പട്ടികയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Sreejith S K (Senior Grade Auditor, On 29-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 17-01-2022) | 1-28 |
| 29 | സർവ്വീസ് പെൻഷൻ /ഫാമിലി പെൻഷൻകാർ അനർഹമായി കൈപ്പറ്റിയ ക്ഷേമ പെൻഷൻ തുക തിരികെ അടവാക്കേണ്ടതാണ്<br>Written By: Sreejith S K (Senior Grade Auditor, On 29-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 17-01-2022) | 1-29 |
| 30 | ഫയലുകൾ ഹാജരാക്കിയില്ല – 23,09,787/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Asha G R (Senior Grade Auditor, On 29-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 27-01-2022) | 1-30 |
| 31 | മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല.<br>Written By: Asha G R (Senior Grade Auditor, On 29-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 27-01-2022) | 1-31 |
| 32 | അന്തിമ ചെലവു രേഖകൾ ലഭ്യമായില്ല<br>Written By: BINDHULATHA BP (Senior Grade Auditor, On 30-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 17-01-2022) | 1-32 |
| 33 | കമ്പ്യൂട്ടർ ഉപകരണങ്ങൾ വാങ്ങിയതിലെ അപാകതകൾ - 3,74,700/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: BINDHULATHA BP (Senior Grade Auditor, On 30-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 17-01-2022) | 1-33 |
| 34 | ചെലവ് രേഖകൾ ലഭ്യമായില്ല- 24,78,727/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: BINDHULATHA BP (Senior Grade Auditor, On 30-12-2021)<br>Last Updated By: Sosamma.S (Audit Officer, On 20-01-2022) | 1-34 |
| 35 | ലൈബ്രറി സെസ് യഥാസമയം അടവാക്കുന്നില്ല. | 1-35 |

| | | |
|---|---|---|
| | Written By: BINDHULATHA BP (Senior Grade Auditor, On 30-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 17-01-2022) | |
| 36 | ദിവസവേതന ജീവനക്കാരുടെ ഇ.പി.എഫ്. സംബന്ധിച്ച്<br>Written By: BINDHULATHA BP (Senior Grade Auditor, On 30-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 17-01-2022) | 1-36 |
| 37 | അംഗീകാരമില്ലാത്ത തസ്തികകളിൽ കാലങ്ങളായി താത്കാലിക നിയമനം- സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധം<br>Written By: BINDHULATHA BP (Senior Grade Auditor, On 30-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 17-01-2022) | 1-37 |
| 38 | ഇലക്ഷൻ ആവശ്യത്തിലേക്കായി വാങ്ങിയ ഉപകരണങ്ങൾ തിരികെ നഗരസഭക്കു ലഭ്യമായതിനു രേഖകളില്ല - 21,800/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: BINDHULATHA BP (Senior Grade Auditor, On 30-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 27-01-2022) | 1-38 |
| 39 | ഡി.പി.സി. അംഗീകാരമില്ലാത്ത ചെലവുകൾ - 4,33,853/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: BINDHULATHA BP (Senior Grade Auditor, On 18-01-2022)<br>Last Updated By: Sosamma.S (Audit Officer, On 20-01-2022) | 1-39 |
| 40 | റോഡ് മെയിന്റനൻസ് - നടപടിക്രമം പാലിച്ചിട്ടില്ല - 50,000/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.<br>Written By: BINDHULATHA BP (Senior Grade Auditor, On 31-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 27-01-2022) | 1-40 |
| 41 | തെരുവ് വിളക്ക് പരിപാലനം - പദ്ധതികൾ നടപ്പാക്കുന്നതിൽ ഗുരുതര വീഴ്ച<br>Written By: Sosamma.S (Audit Officer, On 30-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 17-01-2022) | 1-41 |
| 42 | തെരുവ് വിളക്കുകളുടെ പരിപാലനം - പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: BINDHULATHA BP (Senior Grade Auditor, On 31-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 27-01-2022) | 1-42 |
| 43 | ആവശ്യകത നിർണ്ണയിക്കാതെ വാട്ടർ അതോറിറ്റിക്ക് തുക കൈമാറി-തുക തിരികെ ഈടാക്കണം ചെലവ് തുക 27,93,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: Sreejith S K (Senior Grade Auditor, On 30-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 27-01-2022) | 1-43 |
| 44 | മൂല്യനിർണയം നടത്താതെ തുക നൽകി - 26,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Sreejith S K (Senior Grade Auditor, On 30-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 27-01-2022) | 1-44 |
| 45 | ചെലവ് രേഖകളുടെ അഭാവം- 1,20,000/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Sreejith S K (Senior Grade Auditor, On 30-12-2021)<br>Last Updated By: Prathap Kumar R (Audit Officer (HG), On 19-01-2022) | 1-45 |
| 46 | അയ്യങ്കാളി അർബൻ തൊഴിലുറപ്പ് പദ്ധതി-അപാകതകൾ<br>Written By: BINDHULATHA BP (Senior Grade Auditor, On 31-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 17-01-2022) | 1-46 |
| 47 | അമരവിള വാർഡിൽ അട്ടക്കുളം നവീകരണം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല –498400/- രൂപ പാഴ്ചെലവായി<br>Written By: Sosamma.S (Audit Officer, On 30-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 27-01-2022) | 1-47 |
| 48 | മരാമത്ത് പ്രവൃത്തികൾ - കാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല<br>Written By: Sosamma.S (Audit Officer, On 30-12-2021)<br>Last Updated By: Biji T (Computer Assistant, On 17-01-2022) | 1-48 |
| 49 | ആസ്തി സംരക്ഷണം, കുളം നവീകരണം - പദ്ധതികൾ നടപ്പാക്കിയില്ല.<br>Written By: Sosamma.S (Audit Officer, On 30-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 27-01-2022) | 1-49 |
| 50 | പെർഫോർമൻസ് ഗ്യാരന്റി ഈടാക്കിയതിൽ കുറവ്<br>Written By: Sosamma.S (Audit Officer, On 30-12-2021)<br>Last Updated By: Biji T (Computer Assistant, On 17-01-2022) | 1-50 |
| 51 | മിനി ഷോപ്പിംഗ് കോംപ്ലക്സ് പൂർത്തീകരണം - പദ്ധതി നടപ്പാക്കിയില്ല<br>Written By: Sosamma.S (Audit Officer, On 11-01-2022)<br>Last Updated By: Biji T (Computer Assistant, On 17-01-2022) | 1-51 |
| 52 | ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത നടപ്പാതകളിൽ ഇന്റർലോക്ക് ടൈൽ പാകിയത് - 246839/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-52 |

| | | |
|---|---|---|
| | Written By: Sosamma.S (Audit Officer, On 11-01-2022)<br>Last Updated By: Biji T (Computer Assistant, On 17-01-2022) | |
| 53 | സൈറ്റിൽ നിന്നും ലഭിച്ച മണ്ണിനുപകരം കരാറുകാരന്റെ സ്വന്തം മണ്ണ് ഉപയോഗിച്ചതുമൂലം ധനനഷ്ടം- 9109/ രൂപ<br>Written By: Sindhulabeevi.V.M (Audit Officer (HG), On 30-12-2021)<br>Last Updated By: Biji T (Computer Assistant, On 17-01-2022) | 1-53 |
| 54 | ഡി.പി.സി അംഗീകരിക്കാത്ത പദ്ധതിക്ക് തുക ചെലവഴിച്ചു.<br>Written By: BINDHULATHA BP (Senior Grade Auditor, On 31-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 27-01-2022) | 1-54 |
| 55 | സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിരിക്കുന്നു.<br>Written By: Kosalaramadas.K (Senior Grade Auditor, On 17-01-2022)<br>Last Updated By: Reni L.S. (Computer Assistant, On 27-01-2022) | 1-55 |
| 56 | മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ ഹാജരാക്കിയില്ല – 1,81,60,206/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Sosamma.S (Audit Officer, On 30-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 27-01-2022) | 1-56 |
| 57 | ചെലവഴിക്കാത്ത തുക ശുചിത്വ മിഷനിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്-1,32,990/- രൂപ.<br>Written By: Sindhulabeevi.V.M (Audit Officer (HG), On 30-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 27-01-2022) | 1-57 |
| 58 | മെഡിക്കൽ ലാബ്-കെട്ടിടമില്ലാതെ ലാബ് ഉപകരണങ്ങൾ വാങ്ങി 2,10,547/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.6,62,882/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Sindhulabeevi.V.M (Audit Officer (HG), On 30-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 27-01-2022) | 1-58 |
| 59 | ഹോമിയോ ആശുപത്രിയിൽ സൗരോർജ്ജ ഇൻവെർട്ടർ-സ്ഥാപിച്ചതിന്റെ പിറ്റേ ദിവസം മുതൽ പ്രവർത്തനരഹിതമായി ( 82,792/-രൂപ നിരാകരിക്കുന്നു, 7,45,133/-രൂപ തടസ്സപ്പെടുത്തുന്നു)<br>Written By: Sindhulabeevi.V.M (Audit Officer (HG), On 30-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 27-01-2022) | 1-59 |
| 60 | ഔഷധിയിൽ നിന്നും മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം<br>Written By: Sindhulabeevi.V.M (Audit Officer (HG), On 30-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 18-01-2022) | 1-60 |
| 61 | മാലിന്യ നിർമ്മാർജ്ജന പ്രോജക്ടുകൾ-നടപ്പിലാക്കിയിട്ടില്ല<br>Written By: Sindhulabeevi.V.M (Audit Officer (HG), On 30-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 18-01-2022) | 1-61 |
| 62 | ഡി.പി.സി അംഗീകരിച്ച വിദ്യാഭ്യാസ മേഖലയിലെ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല<br>Written By: Kosalaramadas.K (Senior Grade Auditor, On 17-01-2022)<br>Last Updated By: Reni L.S. (Computer Assistant, On 18-01-2022) | 1-62 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Asha G R (Senior Grade Auditor, On 30-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 18-01-2022) | 4-1 |
| 2 | നിക്ഷേപപ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Asha G R (Senior Grade Auditor, On 30-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 18-01-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Asha G R (Senior Grade Auditor, On 30-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 18-01-2022) | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Asha G R (Senior Grade Auditor, On 30-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 18-01-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| | Written By: Asha G R (Senior Grade Auditor, On 30-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 18-01-2022) | |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Asha G R (Senior Grade Auditor, On 30-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 18-01-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ട്<br>Written By: Asha G R (Senior Grade Auditor, On 30-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 18-01-2022) | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം<br>Written By: Asha G R (Senior Grade Auditor, On 18-01-2022)<br>Last Updated By: Asha G R (Senior Grade Auditor, On 18-01-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Asha G R (Senior Grade Auditor, On 18-01-2022)<br>Last Updated By: Shiela Ubald (Joint Director, On 31-01-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്<br>Written By: Asha G R (Senior Grade Auditor, On 18-01-2022)<br>Last Updated By: Shiela Ubald (Joint Director, On 31-01-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

നഗരസഭയുടെ 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 12.02.2019 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം

| | |
|---|---|
| പ്രാരംഭ ബാക്കി | 69615884 |
| പ്രതീക്ഷിത വരവ് | 1346001827 |
| ആകെ വരവ് | 1415617711 |
| പ്രതീക്ഷിത ചെലവ് | 1334805362 |
| നീക്കിയിരിപ്പ് | 80812349 |

ബജറ്റ് രൂപീകരണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) ബജറ്റ് തയ്യാറാക്കുന്നതിന് കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 285, 286പ്രകാരമുള്ള വ്യവസ്ഥകൾ പൂർണമായി പാലിച്ചിട്ടില്ല

1) സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് ശുപാർശകൾ നൽകിയിട്ടില്ല.

2) ബജറ്റ് തയ്യാറാക്കുന്നതിന് എല്ലാ നിർവഹണാധികാരികളും എല്ലാ സെക്ഷനുകളും എസ്റ്റിമേറ്റ്/ ശുപാർശകൾ ലഭ്യമാക്കിയിട്ടില്ല.

3) ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ നൽകേണ്ട ബജറ്റ് ശുപാർശയുടെ അടിസ്ഥാനത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ബജററ് എസ്റ്റിമേറ്റ് തയാറാക്കി ഭരണസമിതിയുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടില്ല.

ബി) 2019-20ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്.

എ) കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 293 പ്രകാരം ബജറ്റിൽ വകയിരുത്തിയതിലും അധികമായി ചെലവു ചെയ്യേണ്ട സാഹചര്യമുണ്ടായാൽ ആയതിലേക്കായി പുതുക്കിയ ബജറ്റോ, അനുപൂരക ബജറ്റോ തയ്യാറാക്കേണ്ടതും, അപ്രകാരം പുതുക്കിയ ശേഷം മാത്രം ചെലവുകൾ ചെയ്യേണ്ടതുമാണ്.

എന്നാൽ നഗരസഭ ബജറ്റിൽ വകയിരുത്തിയതിലധികം തുക തൻവർഷം ചെലവഴിച്ചുവെങ്കിലും ബജറ്റ് റിവൈസ് ചെയ്ത് പ്രസ്തുത ചെലവുകൾ സാധൂകരിച്ചിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് | 2019-20 ബജറ്റ് പ്രകാരമുള്ള തുക | 2019-20 വാർഷിക കണക്കുകൾ പ്രകാരം ചെലവു ചെയ്ത തുക |
|---|---|---|
| 2102004 Other Benefits And Allownaces | 20,00,000/- | 42,27,766/- |
| 2202001 Books And Periodiacals | 25,000/- | 41,452/- |
| 2202101 Printing And Stationary | 5,00,000/- | 7,13,250/- |

സി) വിവിധ ആവശ്യങ്ങൾക്കായി ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടെങ്കിലും, തുക ചെലവഴിക്കാതിരിക്കുകയോ, വകയിരുത്തിയതിലും വളരെ കുറച്ച് ചെലവഴിക്കുകയോ ചെയ്തിരിക്കുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് ഹെഡ് (ബജറ്റ്) | 2019-20 ബജറ്റ് പ്രകാരം തുക | 2019-20വാർഷിക കണക്കുകൾ പ്രകാരം ചെലവു ചെയ്ത തുക |
|---|---|---|
| 2102001 Travelling Allowancess | 1,50,000/- | 75,733/- |
| 2201101 Office Electricity Expenses | 1,00,000/- | 0 |

| | | |
|---|---|---|
| 2201102 Water Charges | 2,20,00,000/- | 8,73,408/- |
| 2203001 TA Of Chairpersons , Chairman Etc | 2,00,000/- | 17,084/- |
| 2205201 Professional And Other Fees | 45,000/- | 66,080/- |
| 2407001 Bank Charges | 55,000/- | 6,076/- |
| 2408001 Other Finance Expenses | 3,50,000/- | 25,000/- |

ഡി) 2019-20 സാമ്പത്തിക വർഷം ബജറ്റിൽ തുക വകയിരുത്തിയ വിവിധ ഇനങ്ങളിൽ ചെലവ് ചെയ്തിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് | ബജറ്റിൽ വകയിരുത്തിയ തുക | ധനകാര്യപത്രിക പ്രകാരം ചെലവ് |
|---|---|---|
| 2205101 Law Charges | 2,00,000/- | 0 |
| 2532002 Minor Irrigation | 60,000/- | 0 |

ഇ ) 2019-20 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്താതെ തുക ചെലവിട്ടിരിക്കുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് | ബജറ്റിൽ വകയിരുത്തിയ തുക | ധനകാര്യപത്രിക പ്രകാരം ചെലവ് |
|---|---|---|
| 2102002 Other Allowances | 0 | 89,99,222/- |
| 2201001 Rent | 0 | 1,50,525/- |
| 2201002 Rates | 0 | 10,675/- |
| 2201299 Miscellaneous Communication Expenses | 0 | 10,900/- |
| 2504001 Development Fund Programmes - Agriculture | 0 | 94,09,237/- |

| | | |
|---|---|---|
| 2513012 Contribution To Social Security Mission | 0 | 10,00,000/- |
| 2533015 Service Enterprises | 0 | 3,50,000/- |
| 2533018 Revolving Fund For Kudumbasree Employment Programmes | 0 | 28,01,563/- |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 5/12.10.21) 2019-20 ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുള്ളതിനാൽ ബജറ്റ് റിവൈസ് ചെയ്യാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

എല്ലാ പ്രതീക്ഷിത ഇനങ്ങളും ബജറ്റിൽ ഉൾപ്പെടുത്തേണ്ടതും പ്രസക്തമല്ലാത്ത ഇനങ്ങൾ ഒഴിവാക്കേണ്ടതുമാണ്. കേരള മുനിസിപ്പാലിറ്റി നിയമം അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നഗരസഭയുടെ മുൻവർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്തും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും വേണം ബജറ്റ് തയ്യാറാക്കേണ്ടത്. യഥാർത്ഥ കണക്കുകളുമായി ഗണ്യമായ വ്യത്യാസം കാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് നഗരസഭയുടെ ധനകാര്യ മാനേജ്മെന്റിനെ പ്രതികൂലമായി ബാധിക്കും. യഥാർത്ഥ വിവരങ്ങൾ വിശകലനം ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 24.08.2020 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 131866218.43 |
| വരവ് | 454996857.00 |
| ആകെ | 586863075.43 |
| ചെലവ് | 535307591.00 |
| നീക്കിയിരിപ്പ് | 51555484.43 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | *56859536 | 56859536 | *51530785 | 5328751 | 90 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 32665666 | 32665666 | 25305984 | 7359682 | 77 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 142478000 | 142478000 | 45216087 | 97261913 | 32 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 12379000 | 12379000 | 6132728 | 6246272 | 50 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 26324000 | 26324000 | 13560579 | 12763421 | 52 |
| ഐ സി ഡി എസ് | 805766.60 | 2434405 | 3240171.60 | 1845617 | 1394554.6 | |
| കാനറാ ബാങ്ക് അക്ഷയ | 55529 | 1927 | 57456 | 0 | 57456 | |

* ധനകാര്യപത്രിക പ്രകാരം ചെലവ് 50686859/-

** എ സി ആർ പ്രകാരം ചെലവ് 51530785/-

എ. വിവിധ ഗ്രാന്റുകളുടെ എ.സി.ആർ പ്രകാരമുള്ള ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല

വിവിധ ഗ്രാന്റുകളുടെ എ.സി.ആർ പ്രകാരമുള്ള ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | ചെലവ് തുക | |
|---|---|---|
| | എ.സി.ആർ പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം |
| വികസന ഫണ്ട്(ജനറൽ) | 51530785 | 50686859 |

(ബി) സംസ്ഥാന ബജറ്റ് പ്രകാരമുള്ള അലോട്ട്മെന്റിനേക്കാൾ കൂടുതൽ തുക പ്രോജക്ടുകൾക്കായി വകയിരുത്തിയിരിക്കുന്നു. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | അലോട്ട്മെന്റ് തുക | സുലേഖ പ്രകാരം വകയിരുത്തിയ തുക |
|---|---|---|
| വികസന ഫണ്ട് - ജനറൽ | 8,56,28,000 | 10,27,38,268 |
| വികസന ഫണ്ട്- SCP | 3,34,39,000 | 4,01,18,093 |

| | | |
|---|---|---|
| മെയിന്റനൻസ് ഫണ്ട്- റോഡിതരം | 2,63,24,000 | 3,05,73,855 |
| മെയിന്റനൻസ് ഫണ്ട്- റോഡ് | 1,23,79,000 | 1,48,47,000 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 14,24,78,000 | 16,85,67,386 |

സ.ഉ (സാധാ) നം.990/2019/തസ്വഭവ തിരുവനന്തപുരം തീയതി 15.05.2019 പ്രകാരം 2019-20 ബജററ് അനുബന്ധം IV പ്രകാരമുള്ള വിഹിതത്തിന് അനുസൃതമായി വാർഷിക പദ്ധതി പ്രോജക്റ്റ് തുകകൾ പരിഷ്കരിക്കേണ്ടതുണ്ട്. ഇപ്രകാരം പദ്ധതി അടങ്കൽ തുകകൾ പരിഷ്കരിച്ചിട്ടില്ല.

സി) ലഭ്യമായ തുകയിൽ പകുതിയിലധികം തുക സ്പിൽ ഓവർ പ്രോജക്ടുകൾക്കായി ചെലവിട്ടിരിക്കുന്നു

| | | സ്പിൽ ഓവർ പ്രോജക്ടുകൾ | | തൻവർഷ പ്രോജക്ടുകൾ | |
|---|---|---|---|---|---|
| ഫണ്ട് | ആകെ ചെലവ് | ചെലവ് | ചെലവ് ശതമാനം | ചെലവ് | ചെലവ് ശതമാനം |
| പൊതുവിഭാഗം (സാധാ) | 50686859 | 10009190 | 20 | 40677669 | 80 |
| പൊതുവിഭാഗം (എസ് സി പി) | 25305984 | 14976203 | 59 | 10329781 | 41 |
| സെൻട്രൽ ഫിനാൻസ് കമ്മിഷൻ ഗ്രാന്റ് | 45216087 | 30300893 | 67 | 14915194 | 33 |
| മെയിന്റൻസ് ഫണ്ട് റോഡ് | 6132728 | 5022618 | 82 | 1110110 | 18 |
| മെയിന്റൻസ് ഫണ്ട് നോൺറോഡ് | 13560579 | 12063481 | 76 | 3297098 | 24 |

ഡി) ഉല്പാദന, സേവന, പശ്ചാത്തല, വനിതാഘടക പദ്ധതി മേഖലകളിൽ വകയിരുത്തുന്ന തുകകൾ പൂർണമായും ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു (സുലേഖ പ്രകാരം).

| ഫണ്ടിനം | മേഖല | വകയിരുത്തിയ തുക (ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ) | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|
| പൊതു വിഭാഗം | ഉല്പാദനം | 35200755 | 3484631 | 10 |
| | സേവനം | 191449582 | 75884349 | 40 |

| | | | | |
|---|---|---|---|---|
| | പശ്ചാത്തലം | 152291437 | 36227273 | 24 |
| പട്ടിക ജാതി വിഭാഗം | ഉല്പാദനം | 0 | 0 | 0 |
| | സേവനം | 33508698 | 23261950 | 69 |
| | പശ്ചാത്തലം | 6771950 | 2044034 | 30 |

പ്രസ്തുത അപാകതകൾക്ക് 22.10.2021ന് നൽകിയ ഓഡിറ്റ് അന്വേഷണം നം-35 -ന് മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|---|
| 411 | 419222422 | 167 | 140902237 | 0 | 244 |

തൻവർഷ പദ്ധതി അടങ്കലിന്റെ 33.61% മാത്രമെ ടി വർഷം നടപ്പിലാക്കിയിട്ടുള്ളൂ.

## 1-6 തൊഴിലുറപ്പ് പദ്ധതി

അയ്യങ്കാളി തൊഴിലുറപ്പ പദ്ധതിയുടെ ക്യാഷ് ബുക്കിലെ മുന്നിരിപ്പ്, വരവ്, നീക്കിയിരിപ്പ് വിവരങ്ങൾ ധനകാര്യപത്രികയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. (അപാകത ഖ.1-11(29)ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| 0 | 10548436 | 10548436 | 9675629 | 872807 |

## 1-7 ക്ഷേമ പദ്ധതികൾ

ധനകാര്യ പത്രിക പ്രകാരം തൻവർഷം നെയ്യാറ്റിൻകര നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ ചെലവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 1129920 | 1335 |
| കർഷക തൊഴിലാളി പെൻഷൻ | 5965200 | 1330 |
| വിധവാപെൻഷൻ | 13933800 | 2590 |
| വാർദ്ധക്യകാല പെൻഷൻ | 28099500 | 5362 |
| വികലാംഗ പെൻഷൻ | 4884700 | 938 |

| | | |
|---|---|---|
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 730800 | 135 |
| വിവാഹ ധനസഹായം | 750000 | 25 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-10-2021-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.പരിശോധനയിൽ 6051/ -രൂപയുടെ ക്യാഷ് ബാലൻസുള്ളതായി ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

എ) പദ്ധതി നടത്തിപ്പിലെ വീഴ്ചകൾ :

തൻവർഷം DPC അംഗീകാരം ലഭിച്ച 411 പദ്ധതികളിൽ 167 എണ്ണം മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. ആകെ പദ്ധതി അടങ്കലിന്റെ 33.61% മാത്രമാണ് തൻവർഷത്തെ പദ്ധതി ചെലവ്.

ആകെ പദ്ധതി അടങ്കലിന്റെ 33.61% മാത്രം തൻവർഷം ചെലവിടാൻ കഴിഞ്ഞിട്ടുള്ളൂ എന്നത് ഭരണ നിർവഹണത്തിലെ വീഴ്ച ആണ്.

ബി) വിവരാവകാശ നിയമം -

വിവരാവകാശ നിയമം അനുസരിച്ച് നഗരസഭയുടെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ എന്നീ സ്ഥാനങ്ങളിൽ നിയോഗിച്ചിരിക്കുന്ന ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ നഗരസഭയുടെ ഫ്രണ്ട് ഓഫീസിൽ പൊതുജനങ്ങൾക്ക് ദൃശ്യമാകുന്ന വിധത്തിൽ പ്രദർശിപ്പിച്ചിട്ടില്ല.

സി) സ്ഥലപരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു .

പ്രവൃത്തി രൂപീകരണവേളയിൽ സ്ഥല പരിശോധന ഇല്ലാതെയും ആവശ്യകത കൃത്യമായി നിർണ്ണയിക്കാതെയും എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനാൽ നിർവ്വഹണ വേളയിൽ കൗൺസിൽ തീരുമാനം പ്രകാരം എസ്റ്റിമേറ്റുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു. സ്ഥല പരിശോധന നടത്തി എസ്റ്റിമേറ്റുകൾ തയ്യാറാക്കണമെന്ന PWD മാന്വൽ നിർദേശങ്ങൾ പാലിക്കണമെന്ന് മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഓഡിറ്റ് വർഷത്തിലും DPC അംഗീകാരം ലഭിച്ച നിരവധി എസ്റ്റിമേറ്റുകൾ നിർവഹണ ഘട്ടത്തിൽ മാറ്റം വരുത്തുന്നതായി കാണുന്നു.

ഡി) സർക്കാർ അംഗീകാരം ഇല്ലാതെ ദിവസവേതനക്കാരെ തുടരാൻ അനുവദിക്കുന്നു

സർക്കാർ അംഗീകാരം ഇല്ലാതെ നിരവധി തസ്തികകളിൽ ദിവസവേതനക്കാരെ വർഷങ്ങളായി തുടരാൻ അനുവദിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ഖണ്ഡിക 1-38ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇ) ആസ്തി രജിസ്റ്റർ അപൂർണം

2019-20 സാമ്പത്തിക വർഷത്തിൽ ചുവടെ ചേർക്കും പ്രകാരം ആകെ 10 വാഹനങ്ങളുള്ളതായി നഗരസഭ അറിയിച്ചിട്ടുണ്ട്.

| വാഹന നമ്പർ | മോഡൽ |
|---|---|
| KL 20 D 7790 | Maruthi New Swift Dxire ZDIBSIV |
| KL 20 D 5321 | Bolero SIx Seates AC&PSBS3 |
| KL 20 F 942 | Mahindra Loading |
| K 20 E 626 | Swaraj Mazda Samart |
| KL 20 F 3409 | Swaraj Mazda Samart CAB Chaisses |
| KL20 C 5714 | Bolero LXMDITC NGS T5202 WD7stRBS3 |
| KL 20 C 8105 | Mahindra Maximo STDLOADBS3 |
| KL 20 G 7963 | Traveller Refresh Ambulance |
| KL 20 H 3271 | TATA Motors TATA Magic |

| | |
|---|---|
| KL 20 D 2613 | Two Wheeler |

പ്രസ്തുത വാഹനങ്ങളൊന്നും തന്നെ നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ ചേർക്കുന്ന വാഹനങ്ങൾ നഗരസഭ ലഭ്യമാക്കിയ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുമില്ല.

KL01T623 Tiller

KL01H9033 Tipper

KL01 3334 Lorry

KL01 AC 4874 Pick Up Van

KL 01 H3804 Tractor

ഈ വാഹനങ്ങളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുവാനറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (41/22.10.2021) മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, ആസ്തി രജിസ്റ്റർ കാലികമാക്കി ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

എഫ് ) രസീതുകൾ റദ്ദ് ചെയ്യുന്നതിലെ അപാകതകൾ

നഗരസഭയുടെ ജനസേവനകേന്ദ്രം കൗണ്ടറിലെ രസീതുകൾ റദ്ദുചെയ്യുന്നതിന് ഓഫീസ് മേധാവിയുടെ അംഗീകാരം നേടുന്നില്ല. അപാകത ശ്രദ്ധയിൽപ്പെടുത്തിയതിൽ (ഓഡിറ്റ് അന്വേഷണം നം. 6/12.10.2021) ഭാവിയിൽ രേഖകൾ യഥാവിധി സൂക്ഷിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. രസീതുകൾ റദ്ദുചെയ്യേണ്ട സാഹചര്യം വരുമ്പോൾ ആയതിനുള്ള കാരണം രേഖപ്പെടുത്തി റദ്ദുചെയ്യേണ്ടതും, മേലധികാരി സാക്ഷ്യപ്പെടുത്തൽ വരുത്തേണ്ടതുമാണ്.

ജി) ദുരിതാശ്വാസനിധി - പരിപാലനം സംബന്ധിച്ച്

2003 ലെ കേരള മുനിസിപ്പാലിറ്റി (ദുരിതാശ്വാസ നിധിരൂപീകരണവും വിനിയോഗവും) ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ നെയ്യാറ്റിൻകര നഗരസഭ ദുരിതാശ്വാസനിധി രൂപീകരിച്ച്, പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിക്കുന്നുണ്ട് (അക്കൗണ്ട് നം.716201001125 കനറാ ബാങ്ക്). എന്നാൽ ഈ ഫണ്ടിന്റെ നടത്തിപ്പ് നാമമാത്രമായ രീതിയിലാണ് നടന്നു പോരുന്നത്. 2019-20 വർഷത്തെ ദുരിതാശ്വാസനിധിയുടെ വരവ് - ചെലവ് കണക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---:|
| മുന്നിരിപ്പ് | 13,887/- |
| വരവ് | 1,000/- |
| ആകെ | 14,887/- |
| ചെലവ് | 10,236/- |
| നീക്കിയിരിപ്പ് | 4,651/- |

12.07.2019 ന ശേഷം ദുരിതാശ്വാസ നിധി യോഗങ്ങൾ കൂടിയിട്ടില്ല. ദുരിതാശ്വാസനിധി അക്കൗണ്ട് നഗരസഭയുടെ വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല. ദുരിതാശ്വാസനിധിയുടെ സ്വാംശീകരണവും, വിനിയോഗവും കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

എച്ച് ) നഗരസഭയുടെ വസ്തുനികുതി പരിഷ്ക രണം അപൂർണം .

2019-20 സാമ്പത്തിക വർഷത്തിൽ വസ്തു നികുതി പരിഷ്കരണത്തിനായി നഗരസഭ രണ്ട് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട് (പ്രോജക്ട് നം.58/20, 348/20). 01.04.2016 പ്രാബല്യത്തിൽ നഗരസഭ വസ്തു നികുതി പരിഷ്കരണം നടപ്പാക്കിയിട്ടുണ്ടെങ്കിലും, നഗരസഭ നടപ്പാക്കിയിട്ടുള്ള വസ്തുനികുതി പരിഷ്കരണം അപൂർണ്ണമാണ്. നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർക്ക് നഗരസഭ നൽകിയ റിപ്പോർട്ടിൽ 22.02.2020ൽ, സഞ്ചയ ഓൺലൈൻ റിപ്പോർട്ടിൻ പ്രകാരം 35164 കെട്ടിടങ്ങൾ ഉള്ളതായും, എന്നാൽ നഗരസഭ നടത്തിയിട്ടുള്ള ഫീൽഡ് തല അന്വേഷണത്തിൽ നമ്പർ നൽകപ്പെട്ട 27740 കെട്ടിടങ്ങൾ മാത്രമാണ് നിലവിലുള്ളതെന്നും, ഈ 27740 കെട്ടിടങ്ങളിൽ 25967 കെട്ടിടങ്ങൾക്കു മാത്രമാണ് ഫോറം 6 തയ്യാറാക്കിയിട്ടുള്ളതെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു. സഞ്ചയയിലെ അസസ്മെന്റ് വിവരങ്ങളും, നഗരസഭയിലെ കെട്ടിടങ്ങളുടെ വിവരവും പൊരുത്തപ്പെടാത്തത് സംബന്ധിച്ച അപാകത ഇതുവരെയും പരിഹരിക്കപ്പെട്ടിട്ടില്ല. സഞ്ചയയിലെ അസസ്മെന്റ് വിവരങ്ങളും യഥാർത്ഥത്തിൽ നിലവിലുള്ള കെട്ടിടങ്ങളുടെ വിവരങ്ങളും പൊരുത്തപ്പെടാത്തത് വസ്തുനികുതിയിനത്തിലെ ഡിമാന്റ്, കുടിശ്ശിക തുകകൾ പെരുപ്പിച്ച് കാണിക്കുന്നതിന് ഇടയാകും. കൂടാതെ, പൊതുജനങ്ങൾക്ക് ബന്ധപ്പെട്ട സേവനങ്ങൾ (ഓൺലൈൻ/നേരിട്ടുള്ള) ലഭ്യമാക്കുന്നതിലും വിഘാതം സൃഷ്ടിച്ചേക്കാം. യഥാർത്ഥത്തിൽ നഗരസഭയിൽ നിലവിലുള്ള കെട്ടിടങ്ങൾ മാത്രം സഞ്ചയ അസസ്മെന്റ് രജിസ്റ്ററിൽ നിലനിർത്തേണ്ടതും, അപാകതകൾ അടിയന്തിരമായി പരിഹരിച്ച് പൊതുജനങ്ങൾക്ക് ഫലപ്രദമായ രീതിയിൽ സേവനങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

ഐ) വാഹനങ്ങളുടെ ഇന്ധനചെലവ് അനുവദിക്കുന്നതിലെ പൊതുവായ അപാകത

മെസ്സേഴ്സ് കെ. കൃഷ്ണൻകുട്ടി & കമ്പനി എന്ന ബങ്കിൽ നിന്നുമാണ് നഗരസഭയുടെ വാഹനങ്ങൾ ഇന്ധനം നിറയ്ക്കുന്നത്. നഗരസഭയുടെ സെക്ഷനിൽ നിന്നും ഇന്ധനം നിറയ്ക്കുന്നതിനായി നൽകുന്ന ഇൻഡന്റിന്റെയും, ഓരോ മാസത്തേക്കും മെസ്സേഴ്സ് കെ. കൃഷ്ണൻകുട്ടി & കമ്പനി നൽകുന്ന ക്രെഡിറ്റ് സ്റ്റേറ്റ്മെന്റിന്റെയും അടിസ്ഥാനത്തിലാണ് നഗരസഭ ഇന്ധനചെലവിനുള്ള തുക അനുവദിക്കുന്നത്. വാഹനങ്ങളുടെ ഇന്ധനബിൽ അനുവദിക്കുന്നതിന് ഇന്ധനം ഫിൽ ചെയ്യുന്ന സമയത്തെ ഓട്ടോമേറ്റഡ് മെഷീൻ ബില്ലുകൾ കൂടി നിഷ്കർഷിക്കേണ്ടതും, യഥാർത്ഥത്തിൽ നിറയ്ക്കുന്ന ഇന്ധനത്തിന് മാത്രം തുക അനുവദിക്കേണ്ടതുമാണ്. ഇന്ധനം നിറയ്ക്കുന്ന സന്ദർഭത്തിൽ ആയത് നിരീക്ഷിക്കുന്ന ഉദ്യോഗസ്ഥൻ നിറച്ച ഇന്ധനത്തിന്റെ അളവ് ലോഗ്ബുക്കിൽ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

ജെ)കയ്യേറ്റം ഒഴിപ്പിക്കുന്നത ിന് നടപടികൾ സ്വീകരിച്ചിട്ടില്ല

ഹരിത കേരള മിഷന്റെ ഉപമിഷനായ ജല സംരക്ഷണ സാങ്കേതിക സമിതിയുടെ നേതൃത്വത്തിൽ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളെ

സംബന്ധിച്ച് നീർത്തട അടിസ്ഥാനത്തിൽ നടത്തിയ പഠനത്തിന്റെ ഭാഗമായി തയ്യാറാക്കിയ നീർത്തടാധിഷ്ഠിത വികസന റിപ്പോർട്ട് 2018, 1.3.2019 ലെ കൗൺസിൽ മീറ്റിംഗിൽ അംഗീകരിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിലെ നീർത്തട വിവരങ്ങളുടെ പട്ടികയിൽ 17-ാം വാർഡിലെ കരിയിൽകുളത്തിൽ കയ്യേറ്റം കാണപ്പെടുന്നു എന്നും റവന്യൂ വകുപ്പിന്റെ ഇടപെടൽ നടത്തി കയ്യേറ്റം ഒഴിപ്പിക്കുകയും കുളം നവീകരിക്കുകയും ചെയ്യണമെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഈ വിഷയത്തിലും മേൽ റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന മറ്റ് ജല സ്രോതസ്സുകളുടെ സംരക്ഷണം, കയ്യേറ്റം എന്നിവയിലും സ്വീകരിച്ച തുടർ നടപടികൾ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

മേൽ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതും അല്ലാത്തതുമായ എല്ലാ കയ്യേറ്റങ്ങളും റവന്യൂ വകുപ്പിന്റെ സഹായത്തോടെ കണ്ടെത്തി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി സംരക്ഷിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

കെ) സേവന ആനുകൂല്യങ്ങൾ അംഗീകരി ച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല

ജീവനക്കാരുടെ സേവന, വേതന ആനുകൂല്യങ്ങൾ സംസ്ഥാന ഓഡിറ്റ് വകുപ്പ് അംഗീകരിച്ച് സേവനപുസ്തകത്തിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാരുടെ പേര്, തസ്തിക | സേവനത്തിൽ പ്രവേശിച്ച തീയതി |
|---|---|---|
| 1 | ശ്രീമതി സുജ. എസ്. വി, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | 4.9.2008 |
| 2 | ശ്രീ. അനു. സി ജി, ഓഫീസ് അറ്റന്റന്റ് | 16.3.2006 |
| 3 | ശ്രീ. ശശി കുമാർ പി.കെ, ഹെൽത്ത് സൂപ്പർ വൈസർ. | 14.7.1992 |

എല്ലാ ജീവനക്കാരുടേയും സേവന വേതന ആനുകൂല്യങ്ങൾ അംഗീകരിച്ച് സാക്ഷ്യപ്പെടുത്തുന്നതിന് നടപടി സ്വകരിക്കേണ്ടതാണ്.

(എൽ) മുൻ ഓഡിറ്റ് റിപ്പോർട്ടുകളുടെ തുടർ നടപടി

2018-19 ൽ സംസ്ഥാന ഓഡിറ്റ് വകുപ്പ് പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന പരാമർശങ്ങളിൻമേൽ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 30/18-10-21) മറുപടി ലഭ്യമാക്കിയില്ല. തീർപ്പാക്കാൻ അവശേഷിക്കുന്ന വിഷയങ്ങളിൽ സത്വര നടപടികൾ സ്വീകരിക്കാത്ത പക്ഷം നഷ്ടതുകകൾ ഈടാക്കുന്നതിന് ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് |
|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | വിവരങ്ങൾ ലഭ്യമായില്ല | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.01.2020 | 2017-18, 2018-19 |

## 1-11 വാർഷികകണക്കുകകളിലെ അപാകതകൾ

1. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം വരവിനേക്കാൾ കൂടുതൽ ചെലവ് ബുക്ക് ചെയ്തിരിക്കുന്നു. (വരവ് 309509525 , ചെലവ് 382970432)

2. ജേണൽ വൗച്ചറുകൾ, കോൺട്രാ വൗച്ചറുകൾ എന്നിവ തയ്യാറാക്കി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയില്ല.

3. ബി14 – Stock In Hand (Inventories) ൽ സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തിയിട്ടില്ല.

4. ധനകാര്യപത്രിക പ്രകാരം Earnmarked Funds ന്റെ മുന്നിരിപ്പ്, വരവ് , ചെലവ് നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| 921463 | 2278324 | 0 | 890000 |

5) അക്കൗണ്ടുകളിന്മേലുള്ള കുറിപ്പ്, വാർഷിക അനുപാതങ്ങൾ എന്നിവ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

6) മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന പ്രകാരം വാർഷിക കണക്കുകളിൽ രണ്ടു വർഷത്തെ തുകകൾ ലഭ്യമാക്കി, താരതമ്യ പഠനം സാധ്യമാക്കിയിട്ടില്ല.

7) കാനറാ ബാങ്കിൽ നിലവിലുള്ള ദുരിതാശ്വാസ നിധിയുടെ പാസ് ബുക്ക് (അക്കൗണ്ട് നം.716201001125, നെയ്യാറ്റിൻകര) പ്രകാരമുള്ള വിശദാംശങ്ങൾ ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

| | |
|---|---|
| പാസ് ബുക്ക് പ്രകാരം മുന്നിരിപ്പ് | 13887 |
| വരവ് | 1000 |
| ചെലവ് | 10236 |
| നീക്കിയിരിപ്പ് | 4651 |

8) ബാങ്ക് അക്കൗണ്ട് മുഖേനയുള്ള വരവുകൾ സാംഖ്യയിൽ യഥാസമയം ബുക്ക് ചെയ്യുന്നില്ല. ഉദാഹരണം - സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഇ – പേയ്മെന്റ് അക്കൗണ്ട് പ്രകാരം 07.09.2019 മുതലുള്ള വരവുകൾ 11.02.2020 ന് ശേഷമാണ് സാംഖ്യയിൽ ബുക്ക് ചെയ്തിരിക്കുന്നത്.

9) ധനകാര്യപത്രിക ആർ പി 40 ബിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന Nationalised Bank Municipal Fund -3,4,5, Catholic Syrian Bank, IOB(FD)2, KSEB Neyyattinkara, Ex In Audit, Post Office Savings, Imprest Account, UCO Bank , IOB (FD) , UCO Bank FD, UCO Bank FD2, UCO Bank FD3, TSB (Own Fund Acct) എന്നീ അക്കൌണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് , ബന്ധപ്പെട്ട റീ കൺസിലിയേഷൻ പത്രികകൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

10) മുൻ വർഷത്തെ മുനിസിപ്പൽ ഫണ്ട് നീക്കിയിരിപ്പ് (ബി-1 ഷെഡ്യൂൾ ജനറൽ ഫണ്ട്, എക്സസ് ഓഫ് ഇൻകം ഓവർ എക്സ്പെന്റിച്ചർ) തൻവർഷത്തെ മുനിസിപ്പൽ ഫണ്ട് മുന്നിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. (ലാന്റ്സ്കേപ്പ് സ്റ്റേറ്റ്മെന്റ് പ്രകാരം )

11) ലാന്റ്സ്കേപ്പ് സ്റ്റേറ്റ്മെന്റ് പ്രകാരം 'സസ്പെൻസ്' ഇനത്തിൽ 135962/-രൂപ മുന്നിരിപ്പായി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മുൻവർഷത്തെ ബാലൻസ്ഷീറ്റ് ബി1 ൽ പ്രസ്തുത വിശദാംശം ഉൾപ്പെട്ടിട്ടില്ല.

12) മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 53 പ്രകാരം സാമ്പത്തിക വർഷത്തെ ചെലവുകൾക്ക് തുക അനുവദിക്കുവാൻ സാധിക്കാത്തപക്ഷം വാർഷിക കണക്കിൽ പ്രസ്തുത ചെലവുകൾക്കായി പ്രൊവിഷൻ രേഖപ്പെടുത്തേണ്ടതുണ്ട്. 2019-20 ലെ ചുവടെ ചേർക്കുന്ന ചെലവുകൾക്ക് പ്രൊവിഷൻ ഉൾപ്പെടുത്താതെ തന്നെ ഏപ്രിൽ 2020 ൽ ചെലവ് നടത്തിയിരിക്കുന്നു.

| ചെലവിനം | ബിൽ നമ്പർ/ തീയതി/ കാലയളവ്/ തുക | ചെക്ക് നമ്പർ/ തീയതി |
|---|---|---|
| കൗൺസിൽ അംഗങ്ങളുടെ മാർച്ച് മാസത്തെ ഓണറേറിയം, സിറ്റിംഗ് ഫീസ് | 3,72,500/- | 615903/2.4.2020 |
| ദിവസവേതനക്കാരുടെ മാർച്ച് മാസത്തെ വേതനം | 16,020/- | 615907/02.04.20 |
| മൈക്ക് അനൗൺസ്മെന്റ് | 12/2019, 1/2020 8,500/- | 615910/3.4.2020 |
| വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ | 03/20, 9,905/- | 615927/18.04.20 |

13) വാർഷിക കണക്കുകളിൽ തനതു വരവുകളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ പൊരുത്തപ്പെടുന്നില്ല.

| വരവിനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| പ്രോപ്പർട്ടി ടാക്സ് (ജനറൽ) (കറണ്ട്) | 13506327 | 12005333 | 1578078.00 |

| | | | |
|---|---|---|---|
| പ്രോപ്പർട്ടി ടാക്സ് (അരിയർ) | 5811345.79 | 9701471 | 2626188.79 |
| അദർ യൂസർ ചാർജസ് (കറന്റ്) | 0 | 4617835 | 611500.00 |
| റെന്റ് ഗസ്റ്റ് ഹൗസ് (അരിയർ ) | 2396298 | 1394445 | 869853.00 |

14) Profession Tax – Institutions, Professionals And Traders കടിശ്ശികയിനത്തിൽ 6,86,938/- രൂപ കളക്ട് ചെയ്തിരിക്കുന്നു. എന്നാൽ പ്രസ്തുത വിവരം മുൻവർഷത്തെ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിരുന്നില്ല.

15) ധനകാര്യപത്രിക പ്രകാരം ഉണഭോക്തൃവിഹിതമിനത്തിൽ 83,250/- രൂപ ചെലവുണ്ട്. എന്നാൽ സുലേഖ പത്രിക പ്രകാരം ഈയിനത്തിൽ ചെലവില്ല.

16) ലൈസൻസിന്റെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് / രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ വരവിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

17) പ്രൊഫഷൻ ടാക്സ് (Institutions, Professionals, Traders, Employees ) ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക ധനകാര്യ പത്രികയും നഗരസഭ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വാർഷിക കണക്കുകൾ പ്രകാരം(കറന്റ് ) | 1097237 | 1097237 | 0 |
| നഗരസഭയുടെ സ്റ്റേറ്റ്മെന്റ് പ്രകാരം(കറന്റ് ) | 11393420 | 10028583 | 1364837 |

18) 2019-20 സാമ്പത്തിക വർഷത്തിൽ നടത്തിയ ഇ ടെണ്ടറുകളുടെ ടെണ്ടർ ഫോറ വിലയിനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിക്ഷേപിക്കപ്പെട്ട തുക, ഫോറ വിലയിനത്തിൽ നഗരസഭയ്ക്ക് ലഭിക്കുവാനുള്ള തുകയായി വാർഷിക കണക്കിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

19) നഗരസഭയിലെ ദിവസവേതന, പാർട്ട് ടൈം , കരാർ ജീവനക്കാർ, ജനപ്രതിനിധികളുടെ ഓണറേറിയം ,സിറ്റിംഗ് ഫീസ് എന്നിവരുടെ മാർച്ച് 2021ലെ ചെലവുകൾക്ക് ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

20) Other Loans And Advances To Employees എന്നയിനത്തിൽ ധനകാര്യപത്രികയിലെ രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുന്നില്ല.

| വരവിനം | ലഭിക്കാനുണ്ടായിരുന്ന തുക | തൻവർഷം മുൻകൂർ നൽകിയ തുക | തിരികെ ലഭിച്ച തുക | തിരികെ ലഭിക്കേണ്ട തുക |
|---|---|---|---|---|
| Other Loans And Advances To Employees | 173531 | 130816 | 0 | 0 |

21) പ്രാദേശിക സർക്കാരുകൾക്ക് 3 ഗഡുക്കളായി സർക്കാർ അനുവദിക്കുന്ന തുകയിൽ ഉറവിടത്തിൽ നിന്നും കുറവു ചെയ്യേണ്ടുന്ന തുകയ്ക്ക് പ്രോജക്റ്റുകൾ രൂപീകരിച്ച് വിവരം ധനകാര്യപത്രിക, സുലേഖ, എ.സി.ആർ. എന്നിവയിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശം ചുവടെ.

| | വിവിധ ഗഡുക്കളിൽ നിന്നും കുറവു ചെയ്യേണ്ടുന്ന തുക സംബന്ധിച്ച വിവരം | | | |
|---|---|---|---|---|
| | അങ്കണവാടി ജീവനക്കാരുടെ അധിക വേതനം | കേരള ജല അതോറിറ്റിയ്ക്ക് നൽകേണ്ട കുടിശ്ശിക തുക | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് | കേരള ഇലക്ട്രിസിറ്റി ബോർഡിന് അടക്കേണ്ട കുടിശ്ശിക തുക |

| | | | | |
|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 2890800 | 8267514 | 17586666 | 23484 |
| വികസന ഫണ്ട് എസ് സി പി | 0 | 0 | 773334 | 0 |

22) ഡെപ്പോസിറ്റിനങ്ങളിലെ വരവ്, ചെലവ്, നീക്കിയിരിപ്പുകൾ പരിശോധിക്കുന്നതിനാവശ്യമായ ഡെപ്പോസിറ്റ് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ധനകാര്യപത്രികയിലെ ഈയിനത്തിലെ തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

23) KURDFC – ലഭ്യമാക്കിയ ലോൺ രജിസ്റ്റർ, ധനകാര്യപത്രിക എന്നിവയിലെ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| | മുന്നിരിപ്പ് | വരവ് | തിരിച്ചടവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| രജിസ്റ്റർ പ്രകാരം | 9600000 | 193400000 | 18360000 | 184640000 |
| ധനകാര്യപത്രിക പ്രകാരം | 0 | 193400000 | 0 | 184640000 |

തിരിച്ചടവ് 251301301 എന്ന ഹെഡിൽ രേഖപ്പെടുത്തിയിട്ടില്ല.

24) വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക ധനകാര്യ പത്രികയും നഗരസഭ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | വാർഷിക കണക്കുകൾ പ്രകാരം | നഗരസഭയുടെ സ്റ്റേറ്റ്മെന്റ് പ്രകാരം | വാർഷിക കണക്കുകൾ പ്രകാരം | നഗരസഭയുടെ സ്റ്റേറ്റ്മെന്റ് പ്രകാരം | വാർഷിക കണക്കുകൾ പ്രകാരം | നഗരസഭയുടെ സ്റ്റേറ്റ്മെന്റ് പ്രകാരം |
| വസ്തുനികുതി (കറണ്ട്) | 13506327 | 13575060 | 12005333 | 12005333 | 1578078 | 1569727 |
| വസ്തുനികുതി (അരിയർ) | 5811345.79 | 12324040 | 9701471 | 9701471 | 2626188.79 | 2622569 |

25) ബാലൻസ് ഷീറ്റ് ബി 21പ്രകാരം വരവിനങ്ങളിൽ 2063660/- രൂപ പ്രൊവിഷൻ രേഖപ്പെടുത്തിയിരിക്കുന്നു. തുക പ്രസ്തുത ശീർഷകത്തിൽ ഉൾപ്പെടുത്താനുള്ള കാരണം, ഭരണസമിതി തീരുമാനം എന്നിവ ലഭ്യമല്ല.

26) ധനകാര്യപത്രികയിൽ ലൈബ്രറി ഗ്രാന്റിനത്തിൽ (ചെക്ക് നം 123701/14.05.2019) വരവായി രേഖപ്പെടുത്തിയിരിക്കുന്ന 23520/- രൂപ തൻവർഷം ചെലവഴിച്ചിട്ടില്ല. നീക്കിയിരിപ്പിന്റെ വിവരം ബാലൻസ് ഷീറ്റിൽ ബാധ്യതയായി രേഖപ്പെടുത്തിയിട്ടില്ല.

27) ധനകാര്യപത്രിക പ്രകാരം 160200100 Reimbersement Expenses എന്നയിനത്തിൽ ലഭിച്ച 3000/- രൂപ ചെലവഴിക്കുകയോ ബാധ്യതയായി ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

28) പ്രോജക്ട് നം.1/2020 പ്രകാരം ഇ.എം.എസ്. ലോൺ വായ്പാ തിരിച്ചടവിനത്തിൽ 50,00,000/- രൂപ തിരിച്ചടവുണ്ട്. എന്നാൽ പ്രസ്തുത ബാധ്യതയുടെ വിവരം 2018-19 ലെ ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല. ഇ.എം.എസ്. ലോൺ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

29)അയ്യങ്കാളി ദേശീയ തൊഴിലുറപ്പ് പദ്ധതിയ്ക്കായി (AUEGS) ലഭിക്കുന്ന വരവുകൾ കാനറാബാങ്കിന്റെ 0716101060054 എന്ന അക്കൗണ്ടിലാണ് വരവു വയ്ക്കുന്നത്. 2019-20 സാമ്പത്തിക വർഷം ലഭിച്ച എല്ലാ വരവുകളും കാഷ് ബുക്കിലും ബാങ്ക് ബുക്കിലും രേഖപ്പെടുത്തിയിട്ടില്ല.

(എ) അയ്യങ്കാളി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ (AUEGS) പാസ് ബുക്ക്, ക്യാഷ് ബുക്ക് എന്നിവയിലെ രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുന്നില്ല.

വിശദാംശം ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ്

| | മുന്നിരിപ്പ് |
|---|---|
| ക്യാഷ് ബുക്ക് പ്രകാരം | 5092001.50 |
| ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം | 5092001.50 |

| | |
|---|---|
| ധനകാര്യപത്രിക പ്രകാരം | 0 |

നീക്കിയിരിപ്പ്

| | |
|---|---|
| ക്യാഷ് ബുക്ക് പ്രകാരം | 65034.50 |
| ധനകാര്യപത്രിക, ബാങ്ക് ബുക്ക് എന്നിവ പ്രകാരം | 872807.00 |

ബി) ബാങ്ക് ബുക്ക് പ്രകാരമുള്ള 3,23,366/-രൂപയുടെ (തീയതി 07.05.2019) വരവ് കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

സി) അയ്യങ്കാളി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ (AUEGS) ക്യാഷ് ബുക്ക് പ്രകാരമുള്ള 11,960/- രൂപയുടെ വരവ് (ജൂലൈ 2019) ബാങ്ക് ബുക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

30) അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ വരവുകൾ RP 31 ലും ചെലവുകൾ 251300801 എന്ന ഹെഡിലും ബുക്ക് ചെയ്തിട്ടില്ല.

വരവുകൾ 320100100 എന്ന ഹെഡിലും ( RP24) ചെലവുകൾ 250200100 ,250401402 ( Cheque Return) എന്നീ ഹെഡുകളിലുമാണ് ( Rp 14) ബുക്ക് ചെയ്തിരിക്കുന്നത്.

31) ആർ പി 7 പ്രകാരം 2850/- രൂപ (170200100) ഡിവിഡന്റിനത്തിൽ ലഭ്യമായിട്ടുണ്ട്. വരവിന്റെ വിശദാംശങ്ങൾ പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

32) ഭരണസമിതി തീരുമാനത്തിന്റെ അഭാവത്തിൽ വസ്തുനികുതി (ജനറൽ)യിൽ നിന്നും 73,75,525/-രൂപ ( I 18 Prior Period Items ) കുറവു ചെയ്തിരിക്കുന്നു.

33) I 18 Prior Period Items Operations And Maintenance Expenses - Miscellaneous Expenses എന്നീയിനങ്ങളിൽ യഥാക്രമം 11,10,380/-രൂപ, 1,71,634/- രൂപ നെഗറ്റീവായി രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത വരവുകൾക്കാധാരമായ രേഖകൾ ലഭ്യമല്ല.

34) ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവുകൾ കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല, ചെലവിന്റെ വിശദാംശം ലഭ്യമല്ല

2018-19 ലെ ധനകാര്യപത്രിക പ്രകാരം നീക്കിയിരിപ്പുള്ള വിവിധ അക്കൌണ്ടുകളുടെ ബാങ്ക് ബുക്ക് പ്രകാരമുള്ള ചെലവുകൾ കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് നമ്പർ | നീക്കിയിരിപ്പ് (2018-19 വർഷത്തെ ധനകാര്യപത്രിക പ്രകാരം | ചെലവിന്റെ വിശദാംശം | തീയതി | തുക |
|---|---|---|---|---|
| IOB 5514 | 8069/- | Prior Period Miscellaneous Expense | 31.03.2020 | 8069.00 |
| Treasury TPA -210 | 128721 | Prior Period Revenue Grants And Contributions | 17.02.2020 | 128721.00 |
| Treasury TPA -218 (NRY) | 60110/- | Prior Period Revenue Grants And Contributions | 17.02.2020 | 60110.00 |
| ആകെ | | | | 196900.00 |

പ്രസ്തുത ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.33) നൽകിയ മറുപടി ഇപ്രകാരമാണ്, പ്രസ്തുത അക്കൗണ്ടുകൾ 2019-20 ന് മുൻപ് അവസാനിച്ചിട്ടുള്ളതും ആ വർഷം ആയത് സാംഖ്യയിൽ അപ്‌ലോഡ് ചെയ്തിട്ടില്ലാത്തതുമാണ്. 'പ്രസ്തുത അപാകത റക്റ്റിഫൈ ചെയ്യാനായി Prior Period Miscellaneous Expense എന്നയിനത്തിൽ ചെലവ് കാണിച്ച് Zero ബാലൻസ് ആക്കിയതാണ്.'

മുൻ വർഷത്തെ ചെലവിന്റെ ആധികാരികത രേഖകൾ സഹിതം ഓഡിറ്റിനെ ബോധ്യപ്പെടുത്താത്തതിനാലും മുന്നിരിപ്പിൽ ഈ തുക ഉൾപ്പെട്ടിരിക്കുന്നതിനാലും മറുപടി അംഗീകരിക്കാനാവില്ല. ബാങ്ക്, ട്രഷറിയിൽ നിന്നുള്ള അക്കൗണ്ട് ക്ലോസ് ചെയ്യുന്നതുവരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റ്, ആവശ്യമായ രേഖകൾ എന്നിവ ഹാജരാക്കി പരാമർശം ഒഴിവാക്കാവുന്നതാണ്.

35) ചെക്ക് മുഖേനയുള്ള വരവുകൾ നാളിതുവരെ കളക്ഷനായില്ല- നഗരസഭയ്ക്ക് നഷ്ടം 4,90,256/- രൂപ

കാനറാ ബാങ്ക് തനത് ഫണ്ട് അക്കൌണ്ടിന്റെ (0716101060053) മാർച്ച് 2020 ലെ റീ കൺസിലിയേഷൻ പത്രിക പ്രകാരം 4,90,256/- രൂപ Cheques Deposited But Not Collected എന്നയിനത്തിൽ കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| Instrument, Vouch No / Date | Amount |
|---|---|
| 6709073/18.03.2020 | 796 |
| 31900197/24.10.2019 | 1000 |
| 7642/02.02.2019 | 13370 |
| 14401/08.02.2019 | 34598 |
| 437987/30.01.2019 | 9350 |
| 161727/06.02.2019 | 16250 |
| 608230/01.02.2019 | 11051 |
| 118160400056/13.02.2019 | 1000 |
| 82/13.02.2020 | 295200 |
| 106832/25.02.2019 | 49000 |
| 106833/26.02.2019 | 9641 |
| 106828/22.02.2019 | 49000 |
| ആകെ | 490256 |

മേൽ വരവുകൾ ഏതിനത്തിലെയാണ്, സ്വീകരിച്ച നടപടികൾ എന്നിവയുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായിട്ടില്ല.

നഗരസഭയുടെ തനത് ഫണ്ടിനുണ്ടായനഷ്ടം ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

36)ചെലവുകളുടെ വിശദാംശങ്ങൾ സുലേഖ പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.

വിവിധ പ്രോജക്റ്റുകൾക്കായി ചെക്ക് മുഖേന നടത്തുന്ന ചെലവുകളുടെ വിശദാംശങ്ങൾ സുലേഖ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തുന്നില്ല.

ഉദാഹരണം - 1) ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ കാഷ് ബുക്ക്, ബാങ്ക് ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം അങ്കണവാടി പൂരക പോഷകാഹാര പദ്ധതി എന്ന പ്രോജക്റ്റിന്റെ (പ്രോജക്റ്റ് നം.7) ചെലവ് 1845617/- രൂപയാണ്. എന്നാൽ പ്രസ്തുതചെലവിന്റെ വിശദാംശങ്ങൾ സുലേഖ പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.

2) ഹെൽത്ത് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ നാപ്കിൻ ഡിസ്ട്രോയർ സ്ഥാപിക്കൽ (പ്രോജക്റ്റ് നം.357) എന്ന പ്രോജക്റ്റിന്റെ പ്ലാൻ ഫണ്ട് ഒഴികെയുള്ള ചെലവ് 1454994/- രൂപയാണ് (ചെക്ക് നം.024509/04.02.20 Rs.484998/-, ചെക്ക് നം.024512/29.02.20 Rs.484998/-, ചെക്ക് നം.024513/23.03.20 Rs.484998/-). എന്നാൽ പ്രസ്തുതചെലവിന്റെ വിശദാംശങ്ങൾ സുലേഖ പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-12 ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

നഗരസഭ നടത്തുന്ന ലേലനടപടികളിൽ പങ്കെടുക്കുന്നവർ ലേലനടപടികളുടെ ഭാഗമായി നിരതദ്രവ്യമായി ഒരു നിശ്ചിത തുക കെട്ടിവയ്ക്കേണ്ടതും ലേലം സ്ഥിരപ്പെടുത്തിയാൽ ലേലം ആർക്കാണോ താൽക്കാലികമായി ഉറപ്പിച്ചത് അയാൾ ഒഴികെ മറ്റുള്ളവർക്ക് കെട്ടിവച്ച തുക തിരികെ നൽകുകയും, ലേലം താൽക്കാലികമായി ഉറപ്പിച്ച വ്യക്തി കെട്ടിവച്ച തുക തദ്ദേശസ്ഥാപനത്തിന്റെ ഫണ്ടിൽ ചേർത്ത് തിരികെ നൽകാനവാനുള്ള തുക എന്ന രീതിയിൽ തദ്ദേശസ്ഥാപനം തനത് ഫണ്ടിൽ സൂക്ഷിക്കുകയും ചെയ്യുന്നു. ഇപ്രകാരം നഗരസഭ നടത്തിയ വിവിധ ലേലങ്ങൾ സ്ഥിരപ്പെടുത്തി കിട്ടിയ വ്യക്തികൾ കെട്ടിവച്ച തുകകൾ രേഖപ്പെടുത്തി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. 2018-19 വർഷത്തിൽ നഗരസഭയ്ക്ക് ഡെപ്പോസിറ്റ് ഇനത്തിൽ 1723052/-രൂപ ലഭിച്ചതായും, 2019-20 വർഷത്തിൽ 1563759/-രൂപ തിരികെ നൽകിയതായും അതേ വർഷം 1465795/-രൂപ ഡെപ്പോസിറ്റ് ഇനത്തിൽ ലഭിച്ചതായും എ.എഫ്.എസ്. പരിശോധിച്ചതിൽ നിന്നും കണ്ടെത്തി. മേൽ തുകകളുടെ ആധികാരിത പരിശോധിക്കുന്നതിനായി രജിസ്റ്റർ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 40/21-ന് ലഭ്യമാക്കിയ മറുപടിയിൽ അത്തരം രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലായെന്നും ഉടൻതന്നെ തയ്യാറാക്കി സൂക്ഷിക്കുന്നതാണെന്നുംഅറിയിച്ചിട്ടുണ്ട്. കാലഹരണപ്പെടുന്ന ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടേണ്ടതിനാൽ രജിസ്റ്റർ സൂക്ഷിക്കേണ്ടത് അത്യാവശ്യമാണ്. ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-13 വസ്തു നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

തദ്ദേശസ്ഥാപനങ്ങളുടെ തനത് വരുമാനത്തിന്റെ ഭൂരിഭാഗവും വസ്തുനികുതി ഇനത്തിലാണ് ലഭിക്കുന്നത്. ആയതിനാൽ കെട്ടിടങ്ങളുടെ അടിസ്ഥാനവിവരങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്തുമ്പോൾ കൃത്യത പുലർത്തിയില്ലായെങ്കിൽ നികുതിചോർച്ചയ്ക്ക് ഇടയാവുന്നതാണ്. നഗരസഭാപരിധിയിലെ കെട്ടിടങ്ങളുടെ അടിസ്ഥാന വിവരങ്ങൾ സഞ്ചയയ സോഫ്റ്റ്‌വെയറിലെ വിവരങ്ങളുമായി ഒത്തുനോക്കിയതിൽ നികുതിപരിഷ്കരണത്തിന് മുമ്പ് നിർമ്മിച്ച ധാരാളം കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയതിൽ നിരവധി തെറ്റുകൾ കടന്നു കൂടിയതായി കണ്ടെത്തി. 60/21-ാംനമ്പർ അന്വേഷണ റിപ്പോർട്ടിന് നൽകിയ മറുപടിയിൽ 30/8/2019- ലെ കൗൺസിൽ തീരുമാനം 11 പ്രകാരം 5 പേരെ ഡേറ്റാ എൻട്രിയ്ക്കായി നിയമിച്ചിരുന്നതായും ആ ഇനത്തിൽ 2019-20-ൽ 360000/-രൂപ നൽകിയതായും അറിയിച്ചു. ഇപ്രകാരം തുക ചെലവഴിച്ചിട്ടും ഡേറ്റാ എൻട്രിയിൽ കൃത്യത പുലർത്താൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല.

കെട്ടിടനിർമ്മാണത്തിന് അനുവാദം നൽകുന്നതു മുതൽ പൂർത്തികരണം, നമ്പറിങ്, നികുതി നിർണ്ണയം എന്നിവ ഒറ്റ ഫയലായി ക്രമീകരിച്ചിട്ടില്ല. കെട്ടിട പെർമിറ്റിനായി നൽകിയ അംഗീകൃതപ്ലാൻ, നമ്പർ ലഭിക്കുന്നതിനായി നൽകുന്ന അപേക്ഷയോടപ്പം സൂക്ഷിച്ചിട്ടില്ലാത്തതിനാൽ കെട്ടിടം അംഗീകൃത പ്ലാനിൽ നിന്നും വ്യതിചലിച്ച് നിർമ്മാണം നടത്തിയോയെന്നും ഓഡിറ്റിന് വിലയിരുത്താൻ സാധിച്ചിട്ടില്ല. മേൽ അപാകങ്ങൾ 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിരുന്നുവെങ്കിലും അത്തരം അപാകങ്ങൾ പരിഹരിക്കാതെ അവശേഷിക്കുന്നു. ആയതിനാൽ നികുതി ചോർച്ച പരിഹരിക്കുന്നതിന് നഗരസഭ നികുതിപരിഷ്കരണത്തിന് മുമ്പ് നിർമ്മിച്ചകെട്ടിടങ്ങൾ പ്രത്യേകം പരിശോധിക്കേണ്ടതും അതുവഴി സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പ്രസ്തുത വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. വസ്തുനികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-13-1 നികുതി നിർണയത്തിൽ കൃത്യത പുലർത്തിയില്ല നികുതി ചോർച്ച സംഭവിച്ചു .

ഉദ്യോഗസ്ഥർ ഫീൽഡ് സന്ദർശനം നടത്തി ഫോറം 6-ൽ ശേഖരിക്കുന്ന വിവരം സഞ്ചയയിൽ ഡേറ്റാ എൻട്രി നടത്തുമ്പോൾ ചട്ടങ്ങൾ പ്രകാരം സഞ്ചയ വസ്തു നികുതി കണക്കാക്കുന്നതാണ്. നൽകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് സഞ്ചയയിൽ നികുതി കണക്കാക്കുന്നത് എന്നതിനാൽ കൃത്യതയില്ലാതെ നൽകുന്ന ഡാറ്റ തെറ്റായ നികുതി നിർണയത്തിന് ഇടയാക്കുന്നു. ഒന്നായി നിർമ്മിക്കുന്ന കെട്ടിടത്തിന് ഉടമയുടെ ഫോം നമ്പർ 6 അപേക്ഷ പ്രകാരം ഒന്നിലധികം നമ്പർ നൽകാം. എന്നാൽ കെട്ടിടത്തിന് വെവ്വേറെ നമ്പർ നൽകുന്നുവെങ്കിലും കൂടുതൽഭാഗം ഏത് ആവശ്യത്തിനാണോ ഉപയോഗിക്കുന്നതെന്ന് അനുസരിച്ച് കെട്ടിടത്തിന് ഒന്നാകെ നികുതി കണക്കാക്കണമെന്ന് കെട്ടിടനികുതി ചട്ടം9(2) നിഷ്കർഷിക്കുന്നു. എന്നാൽ നഗരസഭ സമർപ്പിച്ച ഡെയിഡേഴ്സ് ലിസ്റ്റ് പരിശോധിച്ചത് പ്രകാരം 40/823(1), (3)എന്നീ നമ്പരുകൾ ലഭിച്ചിട്ടുള്ള കെട്ടിടത്തിൽ സൂപ്പർമാർക്കറ്റ് പ്രവർത്തിക്കുന്നതിനായി ലൈസൻസ് നൽകിയിട്ടുണ്ട്. കൂടാതെ നഗരസഭാപരിധിയിലെ സൂപ്പർമാർക്കറ്റുകളുടെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (നമ്പർ 20/21) 40/823(1),(3)എന്നീ നമ്പർ കെട്ടിടത്തിൽ CHOICE SUPERMARKET പ്രവർത്തിക്കുന്നതായും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കെട്ടിടത്തിന്റെ അടിസ്ഥാനവിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചതിൽ 40/823(1)-ാം കെട്ടിടത്തിന്റെ ഫോം നമ്പർ 6 പ്രകാരം വിസ്തീർണം 313.37$m^2$ ആണെന്നും ഉപയോഗക്രമം വാണിജ്യം, ഷോപ്പുകൾ ആണെന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഇതേ കെട്ടിടത്തിൽ 40/8131(3)എന്ന മറ്റൊരു കെട്ടിട നമ്പർ നൽകിയിട്ടുള്ളതും ആയതിന്റെ ഫോം നമ്പർ 6 പരിശോധിച്ചതിൽ വിസ്തീർണം 313.37$m^2$ ആണെന്നും ഉപയോഗക്രമം വാണിജ്യം, ഷോപ്പുകൾ ആണെന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഇപ്രകാരമുള്ള രണ്ട് നമ്പർ കെട്ടിടത്തിനും 100 $M^2$-ന് മുകളിൽ വിസ്തീർണം എന്നും അടിസ്ഥാനവസ്തുനികുതി നിരക്ക് 85/-രൂപയാണെന്നും രേഖപ്പെടുത്തിയിരിക്കുന്നു. 1-8-2011-ലെ നഗരസഭ കൗൺസിൽ തീരുമാനം 8(4) പ്രകാരം 200$m^2$-ന് മുകളിലുള്ള സൂപ്പർമാർക്കറ്റുകൾക്ക് 130/-രൂപ അടിസ്ഥാന നികുതിയായി അംഗീകരിച്ചിട്ടുണ്ട്. ഫോംനമ്പർ 6-ൽ തന്നെ 313.37$m^2$വീതം വിസ്തീർണമുള്ള കെട്ടിടം ഒന്നാണെന്നും വ്യക്തമായിട്ടും 85/- രൂപ മാത്രം അടിസ്ഥാനവസ്തു നികുതി കണക്കാക്കി (85 X 313.37=26636.45). എന്നാൽ ഈടാക്കേണ്ട അടിസ്ഥാന നികുതി സൂപ്പർമാർക്കറ്റ് (200 $M^2$-ന് മുകളിൽ) ആയതിനാൽ-130/$m^2$നിരക്കിലാണ്. (130 X 626.74 $M^2$=81476.20രൂപ). തൽഫലമായി നഗരസഭയ്ക്ക് ഭീമമായ നികുതി ചോർച്ച സംഭവിക്കുന്നു. ആയതിനാൽ 2 വർഷത്തെ പഴക്കം മാത്രമുള്ള പ്രസ്തുത കെട്ടിടത്തിന്റെ ഫോം നമ്പർ 6 പരിശോധിച്ച ഉദ്യോഗസ്ഥൻ, അപ്രൂവ് ചെയ്ത സെക്രട്ടറി എന്നിവരിൽ നിന്നും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 539(2)പ്രകാരം യഥാസമയം നടപടിയെടുക്കുന്നതിലുള്ള വീഴ്ചമൂലം മുനിസിപ്പാലിറ്റിയ്ക്ക് കിട്ടേണ്ട ഏതെങ്കിലും നികുതിയോ മറ്റു സംഖ്യയോ കാലഹരണപ്പെടുകയും, അത്തരം നഷ്ടത്തിന് ഉദ്യോഗസ്ഥർ കാരണമായയെന്ന് കണ്ടെത്തിയാൽ മുനിസിപ്പാലിറ്റിയ്ക്ക് നഷ്ടപ്പെട്ട തുക 12%പലിശ സഹിതം ആ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കാം എന്ന് ഉത്തരവ് നിലവിലുള്ളതിനാൽ ഏത് ദിവസമാണോ ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് മേൽ കെട്ടിടത്തിന് നൽകിയത് അന്ന് മുതൽ കുറവായി ഈടാക്കിയ നികുതി കെട്ടിട ഉടമയിൽ നിന്ന് ഈടാക്കുകയോ അല്ലാത്തപക്ഷം നികുതി കുറവായി ഈടാക്കാൻ കാരണക്കാരായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതും, കൂടാതെ കെട്ടിടം പരിശോധിച്ച് നിലവിലെ നിരക്ക് നിയമപ്രകാരം നിശ്ചയിച്ച്

സഞ്ചയയിൽ മാറ്റം വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-13-2.സംസ്ഥാന ഹൈവേ, ജില്ലാ റോഡ് എന്നിവയോട് ചേർന്ന് സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾക്ക് റോഡിന്റെ വീതി അനുസരിച്ച് വർദ്ധനവ് ചുമത്തിയിട്ടില്ല.

കെട്ടിടനിർമ്മാണം പൂർത്തിയായതായി ഉടമസ്ഥൻ രേഖാമൂലം അറിയിച്ച് കഴിഞ്ഞാൽ ഉദ്യോഗസ്ഥർ ഫീൽഡ് സന്ദർശനം നടത്തി ഫോറം 6-ൽ ശേഖരിക്കുന്ന വിവരങ്ങൾ സഞ്ചയയിൽ ഡാറ്റാ എൻട്രി നടത്തിയ ശേഷമാണ് ചട്ടങ്ങൾ പ്രകാരം വസ്തുനികുതി കണക്കാക്കുന്നത്. കെട്ടിടങ്ങളുടെ തരം, വിസ്തീർണം, മേഖല, റോഡ് സൗകര്യം, ഉപയോഗക്രമം, സെൻട്രലൈസ്ഡ് എ.സി.ഉടങ്ങിയ നികുതി നിർണ്ണയത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ കൃത്യമായാണോ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. 15-3-2013-ലെ സ.ഉ.(അ)നമ്പർ 100/13ത.സ്വ.ഭ.വ.ഉത്തരവ് പ്രകാരം മുൻസിപ്പാലിറ്റി പ്രദേശത്തിന് അകത്തുള്ളതോ, മുനിസിപ്പാലിറ്റി പ്രദേശത്തുകൂടി കടന്ന് പോകുന്നതോ ആയ റോഡുകളുടെയും നടപ്പാതകളുടെയും വീതിയുടെ അടിസ്ഥാനത്തിൽ തരം തിരിച്ച് പട്ടിക പ്രസിദ്ധീകരിക്കേണ്ടതാണ്. എന്നാൽ നഗരസഭ അത്തരത്തിൽ വിജ്ഞാപനം ചെയ്തതിന്റെ കോപ്പി ഓഡിറ്റിന് സമർപ്പിച്ചില്ല. വഴി സൗകര്യം അനുസരിച്ച് നികുതിയിലും ഏറ്റകുറച്ചിലുകൾ ഉണ്ടാകും. 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നുള്ള പ്രവേശന മാർഗ്ഗം ഉണ്ടെങ്കിൽ അടിസ്ഥാന നികുതിയുടെ 20% വർദ്ധനവ് ഈടാക്കേണ്ടതാണ്. എന്നാൽ സഞ്ചയയിലെ പല കെട്ടിടങ്ങളുടെയും അടിസ്ഥാന രേഖപ്പെടുത്തലുകൾ പരിശോധിച്ചതിൽ റോഡ് സൗകര്യം- N.H.എന്നും, 5 മീറ്ററിൽ കൂടുതൽ എന്ന് രേഖപ്പെടുത്തിയ വാണിജ്യകെട്ടിടങ്ങൾക്ക് പോലും നിയമാനുസൃത നികുതി വർദ്ധനവ് നൽകിയിട്ടില്ലായെന്ന് കണ്ടെത്തി. റോഡ് വീതി അനുസരിച്ച് അടിസ്ഥാന നികുതിയിൽ വർദ്ധനവ് വരുത്താതെ നികുതി ഈടാക്കുന്നകെട്ടിടങ്ങൾക്ക് ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | കെട്ടിട നമ്പർ | സഞ്ചയയിലെ രേഖപ്പെടുത്തൽ പ്രകാരം പ്രവേശന മാർഗ്ഗം ഉള്ള റോഡ് | രേഖപ്പെടുത്തിയ റോഡിന്റെ വീതി |
|---|---|---|---|
| 1 | 4/676 | N.H. | 1.50മീറ്റർ |
| 2 | 4/676(1) | ,, | 1.50മീറ്റർ |
| 3 | 4/677 | ,, | 1.50മീറ്റർ |
| 4 | 26/78 ,79 | ,, | 1.50മീറ്റർ |
| 5 | 33/199(j) | P.W.D- നെയ്യാറ്റിൻകര-ഓലത്താനി-പൂവ്വാർ റോഡ്. | 1.50മീറ്ററിൽ കൂടുതൽ വീതി |
| 6 | 32/288 | P.W.D-നെയ്യാറ്റിൻകര-ഓലത്താനി-പൂവ്വാർ റോഡ്. | 1.50മീറ്ററിൽ കൂടുതൽ വീതി |
| 7 | 31/185 | P.W.D-നെയ്യാറ്റിൻകര-ഓലത്താനി-പൂവ്വാർ റോഡ്. | 1.50മീറ്ററിൽ കൂടുതൽ വീതി |
| 8 | 25/118 | P.W.D.-നെയ്യാറ്റിൻകര-ഓലത്താനി-പൂവ്വാർ റോഡ്. | 1.50മീറ്ററിൽ കൂടുതൽ വീതി |
| 9 | 3/587 | N.H. | -- |
| 10 | 4/141 | P.W.D-നെയ്യാറ്റിൻകര-കാട്ടാക്കട റോഡ് | - |
| 11 | 4/264 | P.W.D-നെയ്യാറ്റിൻകര-കാട്ടാക്കട റോഡ് | - |
| 12 | 4/332 | P.W.D-നെയ്യാറ്റിൻകര-കാട്ടാക്കട റോഡ് | 1.50മീറ്ററിൽ കൂടുതൽ വീതി |
| 13 | 4/325 | P.W.D-നെയ്യാറ്റിൻകര-കാട്ടാക്കട റോഡ് | 1.50മീറ്ററിൽ കൂടുതൽ വീതി |
| 14 | 4/339 | P.W.D-നെയ്യാറ്റിൻകര-കാട്ടാക്കട റോഡ് | 1.50മീറ്ററിൽ കൂടുതൽ വീതി |
| 15 | 4/364 | P.W.D-നെയ്യാറ്റിൻകര-കാട്ടാക്കട റോഡ് | 1.50മീറ്ററിൽ കൂടുതൽ വീതി |

മേൽ വിവരിച്ച കെട്ടിടങ്ങൾ അവ ചേർന്ന് സ്ഥിതിചെയ്യുന്ന വഴി സൗകര്യം അനുസരിച്ച് നിയമാനുസൃത നികുതി ചുമത്തിയില്ലായെന്നും അപ്രകാരം രേഖപ്പെടുത്താത്തതിനാൽ ശരിയായ നിരക്കിലുള്ള നികുതി നഗരസഭയ്ക്ക് ലഭിക്കുന്നില്ലായെന്നും ഓഡിറ്റ് കണ്ടെത്തി, ഈ പട്ടിക പൂർണ്ണമല്ല. ആയതിനാൽ മേൽ വിവരിച്ച കെട്ടിടങ്ങൾ ഉൾപ്പെടെ എല്ലാ കെട്ടിടങ്ങളുടെയും അടിസ്ഥാന നികുതിയിൽ അവ സ്ഥിതി ചെയ്യുന്ന റോഡിന് അനുസരിച്ചുള്ള വർദ്ധനവ് ചേർത്ത് സഞ്ചയയിൽ രേഖപ്പെടുത്തി 3 മാസത്തിനകം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 539(2)പ്രകാരം യഥാസമയം നടപടിയെടുക്കുന്നതിലുള്ള വീഴ്ചമൂലം മുനിസിപ്പാലിറ്റിയ്ക്ക് കിട്ടേണ്ട ഏതെങ്കിലും നികുതിയോ മറ്റ സംഖ്യയോ കാലഹരണപ്പെടുകയും, അത്തരം നഷ്ടത്തിന് ഉദ്യോഗസ്ഥർ കാരണമായെന്ന് കണ്ടെത്തുകയും ചെയ്താൽ മുനിസിപ്പാലിറ്റിയ്ക്ക് നഷ്ടപ്പെട്ട തുക 12%പലിശ സഹിതം ആ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണെന്നുള്ളതിനാൽ അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്.

1-13-3 .കെട്ടിടനികുതി നിർണയം -അസസ്സ്മെന്റ് രജിസ്റ്ററിൽ പ്ലിന്ത് ഏര്യ രേഖപ്പെടുത്ത ാതെ നികുതി പിരിക്കുന്നു .

കെട്ടിടങ്ങൾക്ക് നികുതി നിർണയം നടത്തുന്നതിനായി പൂർത്തികരിച്ച കെട്ടിടങ്ങളുടെ ഭൗതിക പരിശോധന നടത്തി അസസ്സ്മെന്റ് റജിസ്റ്ററിൽ

പ്ലിന്ത് ഏര്യ രേഖപ്പെടുത്തേണ്ടത് അനിവാര്യമാണ്. എന്നാൽ 9/21-ാം നമ്പരായി നൽകിയ അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ ചുവടെ വിവരിക്കുന്ന കെട്ടിടങ്ങളുടെ പ്ലിന്ത് ഏര്യ അസസ്സ്മെന്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ലായെന്ന് മറുപടി നൽകി.

| ക്രമ നമ്പർ | കെട്ടിട നമ്പർ | കെട്ടിടത്തിന്റെ വിവരം | റിമാർക്സ് |
|---|---|---|---|
| 1 | 40/38 | എൽ.എം.എസ്.കോ.ഓപ്പറേറ്റീവ് സൊസൈറ്റി. | പ്ലിന്ത്ഏര്യാ സംബന്ധിച്ച് യാതൊരുവിധ വിവരങ്ങളും ലഭ്യമല്ല. |
| 2 | 33/199 | മുത്തൂറ്റ് ഫിനാൻസ് | ,, |
| 3 | 32/288 | മെഡിക്കൽ മിഷൻ ആശുപത്രി | ,, |
| 4 | 31/185 | മാർക്കറ്റിംഗ് കോ.ഓപ്പറേറ്റീവ് സൊസൈറ്റി. | ,, |
| 5 | 30/133 | N.I.T.അമരവിള | ,, |
| 6 | 28/398,399 | സപ്ലൈകോ | ,, |
| 7 | 28/142,143 | സിൻഡിക്കേറ്റ് ബാങ്ക് | ,, |
| 8 | 28/44 | സുമംഗലി ആഡിറ്റോറിയം | ,, |
| 9 | 27/29 | അഗ്രികൾച്ചറൽ കോ.ഓപ്പറേറ്റീവ് സൊസൈറ്റി. | ,, |
| 10 | 25/647 | ടീച്ചേഴ്സ് കോ.ഓപ്പറേറ്റീവ് സൊസൈറ്റി. | ,, |
| 11 | 25/118 | ബിവറേജസ് കോർപ്പറേഷൻ | ,, |
| 12 | 1/190 | MKആഡിറ്റോറിയം | ,, |
| 13 | 3/587 | ഹിന്ദുസ്ഥാൻ പെട്രോൾ പമ്പ് | ,, |
| 14 | 4/325 | അഭയ ലാബ് | ,, |
| 15 | 4/354 | പ്രിയങ്ക മെഡിക്കൽസ് | ,, |
| 16 | 4/374 | അന്നപൂർണ ഹോട്ടൽ | ,, |
| 17 | 4/364 | RRO ഡയഗ്നോസിസ് | ,, |
| 18 | 25/37 | മഹാരാജ കോളേജ് | ,, |
| 19 | 15/2,2a,2-13.<br>15/579<br>15/579 E | -- | ,, |

നഗരസഭാപരിധിയിലെ 44 വാർഡുകളിൽ 10 വാർഡുകളിലെ ഏതാനം കെട്ടിടങ്ങൾ പരിശോധിച്ചപ്പോൾ തന്നെ അസസ്സ്മെൻറ് രജിസ്റ്ററിൽ ധാരാളം കെട്ടിടങ്ങളുടെ പ്ലിന്ത് ഏരിയ അളവ് പോലും രേഖപ്പെടുത്താതെ നികുതി ഈടാക്കുന്നതായി കാണുന്നു. ഇത് ഗുരുതര വീഴ്ചയായി ഓഡിറ്റ്

വിലയിരുത്തുന്നു. ഇപ്രകാരം നികുതി പിരിക്കുന്നത് ഭാവിയിൽ നിയമപ്രശ്നങ്ങൾക്കും, നഗരസഭയ്ക്ക് നികുതിചോർച്ചയ്ക്കും കാരണമാകുമെന്നതിനാൽ അടിയന്തിരമായി അസസ്സ്മന്റ് രജിസ്റ്റർ പരിശോധിച്ച് പ്ലിന്ത് ഏര്യാ രേഖപ്പെടുത്താത്ത മുഴുവൻ കെട്ടിടങ്ങളുടെയും ഭൗതിക പരിശോന നടത്തി ശരിയായ പ്ലിന്ത് ഏരിയ അളവ് രേഖപ്പെടുത്തി സഞ്ചയയിൽ ആവശ്യമായ മാറ്റം വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13-4. വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന കെട്ടിടങ്ങൾ പാർപ്പിടാവശ്യം എന്ന് തെറ്റായി രേഖപ്പെടുത്തി കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കി-വസ്തുനികുതി വരവിൽ വൻ ചോർച്ച.

പല കെട്ടിടങ്ങളുടെയും നികുതി നിർണ്ണയത്തിനായി സഞ്ചയയിൽ ചേർത്തിട്ടുള്ള ഘടകങ്ങളുടെ വിവരങ്ങൾ തെറ്റാണെന്ന് ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തി. വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന കെട്ടിടങ്ങൾ എന്ന് ഡെയിഡേഴ്സ് ലിസ്റ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന കെട്ടിടങ്ങൾ സഞ്ചയയിൽ പാർപ്പിടം എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. അത്തരത്തിൽ കണ്ടെത്തിയ ചില കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഡെയിഡേഴ്സ് ലിസ്റ്റ് പ്രകാരം കെട്ടിട ഉപയോഗം | സഞ്ചയയിലെ കെട്ടിട ഉപയോഗം | റിമാർക്സ് |
|---|---|---|---|---|
| 1 | 37/431 | താലൂക്ക് കോ-ഓപ്പറേറ്റിവ് എംപ്ലോയിസ് സൊസൈറ്റി | പാർപ്പിടം | കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ അളന്ന് ഉപയോഗക്രമം അനുസരിച്ചുള്ള നികുതി ചുമത്തി സഞ്ചയയിൽ മാറ്റം വരുത്തണം |
| 2 | 35/392 | ഹോട്ടൽ | സൂപ്പർമാർക്കറ്റ് | ,, |
| 3 | 32/288 | ആശുപത്രി | പാർപ്പിടം, 3നില | ,, |
| 4 | 31/185 | മാർക്കറ്റിംഗ് കോ.ഓപ്പറേറ്റീവ് സൊസൈറ്റി. | പാർപ്പിടം,2നില | ,, |
| 5 | 28/44 | സുമംഗലി ആഡിറ്റോറിയം | പാർപ്പിടം | ,, |
| 6 | 27/29 | അഗ്രികൾച്ചറൽകോ.ഓപ്പറേറ്റീവ് സൊസൈറ്റി. | പാർപ്പിടം | ,, |
| 7 | 27/735 | എസ്.എൻ.ആഡിറ്റോറിയം | പാർപ്പിടം | ,, |
| 8 | 3/587 | ഹിന്ദുസ്ഥാൻ പെട്രോളിയം | പാർപ്പിടം | ,, |
| 9 | 4/141 | സൂപ്പർമാർക്കറ്റ് | പാർപ്പിടം | ,, |
| 10 | 4/325 | അഭയ ലാബ് | പാർപ്പിടം | ,, |
| 11 | 4/339 | ഹിന്ദുസ്ഥാൻ ലാബ് | പാർപ്പിടം | ,, |
| 12 | 12/288 | വിഷ്ണുപുരം വെൽഫയർ സൊസൈറ്റി | പാർപ്പിടം | ,, |
| 13 | 12/481 | കവിതാ ഫൈനാൻസ് | പാർപ്പിടം | ,, |
| 14 | 16/43 | ആദാം ഫൈനാൻസ് | പാർപ്പിടം | ,, |
| 15 | 25/144 | പൊന്നമ്പലം ചൈൽഡ് കെയർ ആശുപത്രി | പാർപ്പിടം | ,, |

| | | | | |
|---|---|---|---|---|
| 16 | 26/254 | വാസൻ ഐ കെയർ | പാർപ്പിടം | „ |
| 17 | 4/768 | പാരാമെഡിക്കൽ സ്ഥാപനം | പാർപ്പിടം | |
| 18 | 26/360 | ശാന്തി ക്ലിനിക്ക് | പാർപ്പിടം | „ |
| 19 | 4/362 | രമണി ഹോസ്പിറ്റൽ | പാർപ്പിടം | „ |
| 20 | 24/210 | ഭാവന ടെക്സ് | പാർപ്പിടം | „ |
| 21 | 24/338 | എസ്.വി. പ്രസ് | പാർപ്പിടം | „ |
| 22 | 40/1020 | രേഖാ ഫാർമസി | പാർപ്പിടം | „ |
| 23 | 32/288 | മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ | പാർപ്പിടം | „ |
| 24 | 25/737 | എസ്.എൻ. ആഡിറ്റോറിയം | പാർപ്പിടം | „ |

മേൽ വിവരിച്ച കെട്ടിടങ്ങൾ അവയുടെ ഉപയോഗക്രമം അനുസരിച്ച് നികുതി ചുമത്തിയില്ലായെന്നും അപ്രകാരം രേഖപ്പെടുത്താത്തതിനാൽ ശരിയായ നിരക്കിലുള്ള നികുതി നഗരസഭയ്ക്ക് ലഭിക്കുന്നില്ലായെന്നും ഓഡിറ്റ് കണ്ടെത്തി. നഗരസഭ അംഗീകരിച്ച കെട്ടിട നിരക്കുകൾ പ്രകാരം പാർപ്പിട കെട്ടിടങ്ങൾക്ക് 13/- രൂപാ നിരക്കിലും വാണിജ്യാവശ്യ കെട്ടിടങ്ങൾ ഏറ്റവും കുറഞ്ഞത് 60/-രൂപ നിരക്കും ആയതിനാൽ വൻതോതിലുള്ള നികുതി ചോർച്ച സംഭവിക്കുന്നു. ആയതിനാൽ മേൽ വിവരിച്ച കെട്ടിടങ്ങൾ റവന്യു ഇൻസ്പക്ടറുടെ നേതൃത്വത്തിൽ പ്ലിന്ത് ഏരിയ അളന്ന് ഉപയോഗക്രമം അനുസരിച്ചുള്ള നിയമാനുസൃതനികുതി സഞ്ചയയിൽ രേഖപ്പെടുത്തി 3 മാസത്തിനകം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 539(2)പ്രകാരം യഥാസമയം നടപടിയെടുക്കുന്നതിലുള്ള വീഴ്ചമൂലം മുനിസിപ്പാലിറ്റിയ്ക്ക് കിട്ടേണ്ട ഏതെങ്കിലും നികുതിയോ മറ്റ് സംഖ്യയോ കാലഹരണപ്പെടുകയും, അത്തരം നഷ്ടത്തിന് ഉദ്യോഗസ്ഥർ കാരണമായയെന്നും കണ്ടെത്തിയാൽ മുനിസിപ്പാലിറ്റിയ്ക്ക് നഷ്ടപ്പെട്ട തുക 12%പലിശ സഹിതം ആ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണെന്ന് ഉള്ളതിനാൽ അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ സഞ്ചയ പരിശോധിച്ച് കെട്ടിടങ്ങളുടെ വിസ്തീർണം, ഉപയോഗം ഉറപ്പുവരുത്തവാൻ പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് സഞ്ചയയിലെ തെറ്റുകൾ പരിഹരിക്കാനും നികുതി ചോർച്ച തടയാനും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി സത്വര നടപടി എടുക്കേണ്ടതാണ്.

1-13-5 ഫീൽഡ്തല റിപ്പോർട്ട് ഇല്ലാതെ 1031 കെട്ടിടങ്ങൾ രേഖകളിൽ നിന്നും ഒഴിവാക്കി.

28-10-19- ലെ 1(2)നമ്പർ തീരുമാനപ്രകാരം (ഫയൽ നമ്പർ R1-2737/15നമ്പർ) നഗരസഭ രജിസ്റ്ററിൽ നിന്നും 1031 കെട്ടിടങ്ങളെ ഒഴിവാക്കാൻ തീരുമാനിച്ചു. എന്നാൽ മേൽ തീരുമാനം നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാനും ഫീൽഡ്തല പരിശോധനറിപ്പോർട്ട് ഹാജരാക്കാനും ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 24/21-ന് ലഭ്യമാക്കിയ മറുപടിയിൽ സ്ഥലപരിശോധന നടത്തി, അത്തരം കെട്ടിടങ്ങൾ ഡിമോളിഷ് ചെയ്തതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് തീരുമാനം എടുത്തതെന്നും ഫയൽ ഹാജരാക്കിയെന്നും അറിയിച്ചു. എന്നാൽ കെട്ടിടങ്ങൾ ഒഴിവാക്കുവാൻ കാരണമായ ഫീൽഡ്തല റിപ്പോർട്ടും, അനുബന്ധഫയലും ഓഡിറ്റിന് ഹാജരാക്കിയില്ല. ഇതിൽ നിന്നും 1031 കെട്ടിടങ്ങളെ രേഖകളിൽ നിന്നും ഒഴിവാക്കാൻ തീരുമാനിച്ചത് നടപടിക്രമം പാലിച്ചല്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. 1994-ലെ കേരളാ മുൻസിപ്പാലിറ്റി നിയമം വകുപ്പ് 242 പ്രകാരം നിയമപ്രകാരം നിർമ്മിക്കാത്ത കെട്ടിടങ്ങൾ പൊളിച്ച് നീക്കുന്നതിന് കെട്ടിടം പൊളിച്ചുനീക്കുന്ന തീയതിവരെ പ്രസ്തുതകെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ ഒടുക്കേണ്ട നികുതിയും അതോടൊപ്പം ആ നികുതിയുടെ രണ്ട് ഇരട്ടി തുകയും ചേർത്തിട്ടുള്ള തുകയും ഈടാക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. ഇപ്രകാരം ഒഴിവാക്കിയ 1031 കെട്ടിടങ്ങളുടെ ഉപയോഗക്രമം, നികുതി കടിശ്ശിക, കുടിശ്ശികയുടെ അടവ് എന്നിവ കണ്ടെത്താൻ രേഖകളുടെ അഭാവത്തിൽ ഓഡിറ്റിന് സാധിച്ചില്ല.

1-13-6. സഞ്ചയയിലെ കെട്ടിടവിസ്തീർണവും നേരിട്ടുള്ള സ്ഥലപരിശോധനയിൽ കണ്ടെത്തിയ വിസ്തീർണവും തമ്മിൽ വ്യത്യാസം – സഞ്ചയയിലെ രേഖപ്പെടുത്തലുകൾ പുന :പരിശോധിക്കണം

നഗരസഭ 2019-20 സാമ്പത്തിക വർഷം വാണിജ്യസ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയ രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ വിവരിക്കുന്ന കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങളുടെ ഉപയോഗക്രമത്തിലും വിസ്തീർണ്ണത്തിലും വ്യത്യാസം കണ്ടെത്തിയതിനെ തുടർന്ന് ഏതാനും കെട്ടിടങ്ങളുടെ വിസ്തീർണം ഓഡിറ്റ് ടീമിന്റെ സാന്നിദ്ധ്യത്തിൽ അളന്ന് പരിശോധിക്കാൻ നഗരസഭയ്ക്ക് കത്ത് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ നഗരസഭയിലെ ഓവർസീയർ, റവന്യൂഇൻസ്പെക്ടർ എന്നിവർ ഓഡിറ്റ് ടീമിന്റെ സാന്നിദ്ധ്യത്തിൽ നഗരസഭാപരിധിയിലെ 2 വാർഡുകളിലായി സ്ഥിതിചെയ്യുന്ന 4 കെട്ടിടങ്ങളിൽ നടത്തിയ സ്ഥലപരിശോധനയിൽ കെട്ടിടങ്ങളുടെ യഥാർത്ഥ വിസ്തീർണം, ഉപയോഗക്രമം എന്നിവ സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്ന വിസ്തീർണവും ഉപയോഗക്രമവും തമ്മിൽ പ്രകടമായ വ്യത്യാസം ഉള്ളതായി ബോധ്യപ്പെടുകയും ചെയ്തു. അപ്രകാരം കണ്ടെത്തിയ വിസ്തീർണവ്യത്യാസങ്ങൾ ഓവർസീയർ, റവന്യൂഇൻസ്പെക്ടർ എന്നിവർ സംയുക്ത പരിശോധനാ റിപ്പോർട്ടായി സാക്ഷ്യപ്പെടുത്തിനൽകിയിട്ടുണ്ട്. 2 വാർഡുകളിലെ 4 കെട്ടിടങ്ങൾ മാത്രം പരിശോധിച്ചപ്പോൾ തന്നെ കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും വ്യാപകമായ തെറ്റുകൾ കണ്ടെത്തിയതിനാൽ നഗരസഭ പ്രത്യേക പ്രാധാന്യം നൽകി കെട്ടിട നികുതി നിർണ്ണയത്തിലെ അപാകങ്ങൾ പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പ് 9/21-ന് നൽകിയ മറുപടിയിൽ ഉടൻ നടപടി സ്ഥീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 4 കെട്ടിടങ്ങളുടെ സ്ഥലപരിശോധനയിൽ കണ്ടെത്തിയ വിസ്തീർണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | സഞ്ചയയിലെ ഉപയോഗം. | കെട്ടിടത്തിന് നഗരസഭ നൽകിയ ആകെ കെട്ടിട നമ്പരുകളും, വിസതീർണവും. (അന്വേഷണകുറിപ്പ് | സ്ഥലപരിശോനയിൽ കണ്ടെത്തിയ വിസ്തീർണം/ഉപയോഗം | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | 9/21-ന് നൽകിയ മറുപടി പ്രകാരം) | | |
| 1 | 40/664 | വാണിജ്യം | 7കെട്ടിട നമ്പരുകൾ. ആകെ വിസ്തീർണം-175 M2 | 886.95m$^2$/വാണിജ്യം | 886.95m$^2$വിസ്തീർണത്തിന് നികുതി ചുമത്തണം |
| 2 | 40/571,576 Etc | വാണിജ്യം | 9 കെട്ടിട നമ്പറുകൾ നൽകി ആകെ വിസ്തീർണം-170.5 M$^2$ | 2467.76m$^2$/വാണിജ്യം | 2467.76 M$^2$- വിസ്തീർണത്തിന് നികുതി ചുമത്തണം |
| 3 | 25/735 | പാർപ്പിടം | 85 M$^2$ | 842 M$^2$ +/വാണിജ്യം (ആഡിറ്റോറിയം) | 842 M$^2$ + വിസ്തീർണത്തിന് വാണിജ്യാവശ്യത്തിനുള്ള കെട്ടിട നികുതി ചുമത്തണം |
| 4 | 25/736 | ആഡിറ്റോറിയം | 491.8 M$^2$ | 508.56 M$^2$/വാണിജ്യം | 508.56 M$^2$ വിസ്തീർണത്തിന് നികുതി ചുമത്തണം |

മേൽ വിവരിച്ച കെട്ടിടങ്ങൾ പൂർത്തികരിച്ച് നികുതി നിർണയം നടത്തിയ അവസരത്തിൽ തന്നെ കെട്ടിടങ്ങളുടെ യഥാർത്ഥ വിസ്തീർണം, ഉപയോഗം എന്നിവ ശരിയായി രേഖപ്പെടുത്താത്തതിനാൽ നഗരസഭയ്ക്ക് നികുതിയിനത്തിൽ വൻ നഷ്ടം സംഭവിച്ചു. ഉദാഹരണമായി ക്രമ നമ്പർ 3-ൽ വിവരിക്കുന്ന കെട്ടിടത്തിന് സഞ്ചയപ്രകാരം ആകെ 85m$^2$ വിസ്തീർണം എന്നും ഉപയോഗക്രമം പാർപ്പിടം എന്നും രേഖപ്പെടുത്തിയാണ് നികുതി ഈടാക്കുന്നത്. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം കെട്ടിടത്തിൽ ആഡിറ്റോറിയം (കല്യാണമണ്ഡപം) പ്രവർത്തിക്കാൻ ലൈസൻസ് നൽകിയിട്ടുണ്ട്. കൂടാതെ സംയുക്ത സ്ഥലപരിശോധനയിൽ മേൽ കെട്ടിടം ആഡിറ്റോറിയം (കല്യാണമണ്ഡപം) ആണെന്നും 842 M$^2$ -ൽ കൂടുതൽ വിസ്തീർണം ഉള്ളതായും ബോധ്യമായിട്ടുണ്ട്. മേൽ വിവരിച്ച കെട്ടിടങ്ങളുടെ യഥാർത്ഥ വിസ്തീർണം,ഉപയോഗം എന്നിവ സഞ്ചയയിലെ വിസ്തീർണവും ഉപയോഗക്രമവും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നതിനാൽ നികുതിവരവിലുണ്ടായ നഷ്ടം കണക്കാൻ സാധിച്ചിട്ടില്ല. മേൽ വിവരിച്ച കെട്ടിടങ്ങൾക്കുമേൽ ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് 2 മാസത്തിനകം വിസ്തീർണം, ഉപയോഗം ഉടങ്ങിയ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ നിയമാനുസൃത നികുതി നിശ്ചയിക്കേണ്ടതും അത് അനുസരിച്ച് സഞ്ചയയിൽ മാറ്റം വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-13-7 ഫോം നമ്പർ 6-ലെ വിവരങ്ങൾ സഞ്ചയയിലെ ഉപയോഗക്രമവുമായി പൊരുത്തപ്പെടുന്നില്ല -കെട്ടിട വിസ്തീർണം പുനപരിശോധിക്കണം

നഗരസഭപരിധിയിലെ 44 വാർഡുകളിൽ 4വാർഡുകളിലെ ചില കെട്ടിടങ്ങളുടെ ഫോം നമ്പർ 6-പരിശോധിച്ചതിൽ കെട്ടിടവിസ്തീർണം ഫോം നമ്പർ 6-ലെ കെട്ടിടത്തിന്റെ ഉപയോഗക്രമവുമായി പൊരുത്തപ്പെടുന്നില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

കെട്ടിടനമ്പർ.-37/518-529

ഉടമസ്ഥ-ഏലമ്മ.

കെട്ടിടത്തിന്റെ പേര് /ഉപയോഗം-രോഹിണി ടൂറിസ്റ്റ് ഹോം.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഫോം-6-ലെ കെട്ടിട വിവരണം | കെട്ടിട വിസ്തീർണ്ണം | ഉപയോഗം ചുമത്തിയ നികുതി നിരക്ക് | റിമാർക്സ് |
|---|---|---|---|---|---|
| 1 | 37/518 | താഴത്തെ നില. 3 നില A/c. 1 റൂം | 20 M$^2$ | ഹോട്ടൽ, 60/- | വിസ്തീർണ്ണം ഉപയോഗാവശ്യവുമായി പൊരുത്തപ്പെടുന്നില്ല. |
| 2 | 37/519 | 2 റൂം,A/c | 15 M$^2$ | ഷോപ്പുകൾ 60/- | ,, |
| 3 | 37/520 | 2 റൂം, 2 ടോയിലറ്റ് | 28 M$^2$ | ലോഡ്ജ് 50/- | ,, |
| 4 | 37/521 | 2 റൂം, 2 ടോയിലറ്റ് | 28 M$^2$ | ലോഡ്ജ് 50/- | ,, |
| 5 | 37/522 | 1 റൂം | 5 M$^2$ | ഷോപ്പ് | ,, |

| | | | | | |
|---|---|---|---|---|---|
| 6 | 37/523 | 2 റൂം,2 ടോയിലറ്റ് | 36.85 $M^2$ | ലോഡ്ജ് 50/- | „ |
| 7 | 37/524 | 3 റൂം 3ടോയിലറ്റ് | 26.4 $M^2$ | ലോഡ്ജ് 50/- | „ |
| 8 | 37/525 | 2 റൂം,2 ടോയിലറ്റ് | 23.1 $M^2$ | ലോഡ്ജ് 50/- | „ |
| 9 | 37/526 | 3- നില, 2 ബഡ് റൂം, 2 ടോയിലറ്റ്,A/C | 5 $M^2$ | ഹോട്ടൽ 60/- | „ |
| 10 | 37/527 | 2 റൂം,2 ടോയിലറ്റ് | 10 $M^2$ | ഹോട്ടൽ 60/- | „ |
| 11 | 37/528 | 3 റൂം, 3 ടോയിലറ്റ് | 20 $M^2$ | ഹോട്ടൽ 60/- | „ |
| 12 | 37/529 | 2 റൂം,2 ടോയിലറ്റ് | 5 $M^2$ | ഹോട്ടൽ 60/- | „ |

മേൽ കെട്ടിടത്തിന് 12 നമ്പരുകളിലായി ആകെ 222.35 $M^2$ വിസ്തീർണമുള്ളതായി സഞ്ചയയിൽ കണ്ടെത്തി.

എന്നാൽ 9/21-ാം നമ്പർ അന്വേഷണകുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ കെട്ടിടം അളന്നത് 2005-06 കാലഘട്ടത്തിലാണെന്നും, 13 നമ്പർ നൽകിയെന്നും ആകെ പ്ലിന്ത് ഏരിയ 373.25 $M^2$ ആണെന്നും അറിയിച്ചു. എന്നാൽ ബാക്കിയുള്ള 150.9$m^2$ വിസ്തീർണമുള്ള കെട്ടിടത്തിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് വിവരശേഖരണം നടത്തിയതിൽ മേൽ കെട്ടിടം അളന്ന് പരിശോധിച്ച റവന്യൂ അധികാരി D2-23069/2006- ാം നമ്പർ ഫയൽപ്രകാരം 2006- ൽ തന്നെ 786.83 $M^2$ വിസ്തീർണത്തിന് റവന്യൂ കെട്ടിടനികുതി ഈടാക്കിയിട്ടുള്ളതായി കാണുന്നു. കൂടാതെ കെട്ടിടത്തിന്റെ നമ്പരുകളിൽ വിവരിക്കുന്ന വിസ്തീർണങ്ങൾ ഉപയോഗക്രമ വിവരണവുമായി പൊരുത്തപ്പെടുന്നില്ല. ഉദാഹരണമായി ക്രമനം 9-ൽ വിവരിക്കുന്ന37/526നമ്പർ കെട്ടിടത്തിന്റെ വിസ്തീർണം 5$m^2$ എന്നും ഉപയോഗം ഹോട്ടൽ എന്നും 2 ബെഡ്റൂം, 2 ടോയിലറ്റ് ഉള്ളതായും രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ 5$m^2$ വിസ്തീർണ്ണത്തിൽ 2 ബെഡ്റൂം, 2 ടോയിലറ്റ് എന്നിവ പ്രവർത്തിക്കാൻ ആവില്ല എന്നതിനാൽ, ലഭ്യമായ വസ്തുതകളുടെ അടിസ്ഥാനത്തിൽ മേൽ കെട്ടിടത്തിന് സഞ്ചയയിൽ വിവരിക്കുന്നതിനെക്കാൾ വളരെ കൂടുതൽ വിസ്തീർണം യഥാർത്ഥത്തിൽ ഉള്ളതായും മേൽ കെട്ടിടത്തിൽ നിന്നും നഗരസഭയ്ക്ക് ലഭിക്കേണ്ട യഥാർത്ഥ നികുതി ലഭിക്കുന്നില്ലായെന്നും ഓഡിറ്റ് വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ മേൽ വിവരിച്ച നമ്പരുകൾ ഉൾപ്പെട്ട കെട്ടിടം ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് 2 മാസത്തിനകം അളന്ന് തിരിച്ച് നിയമാനുസൃത നികുതി കണക്കാക്കി സഞ്ചയയിൽ മാറ്റം വരുത്തി ഓഡിറ്റിനെ അറിയിക്കാത്ത പക്ഷം വസ്തുനികുതി പരിഷ്കരണം നിലവിൽ വന്ന 2016 ഏപ്രിൽ മാസം മുതലുള്ള നികുതി കുടിശ്ശിക അന്ന് മുതൽ ചുമതലയുണ്ടായിരുന്ന സെക്രട്ടറി, റവന്യൂ ഇൻസ്പെക്ടർ എന്നിവരുടെ ബാധ്യതയായി കണക്കാക്കുന്നതാണ്. ഇത്തരത്തിലുള്ള അപാകങ്ങൾ ഉണ്ടെങ്കിൽ കണ്ടെത്തി പൂർണമായും പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-13-8. കെട്ടിടങ്ങളുടെ നമ്പർ സഞ്ചയയിൽ കണ്ടെത്താൻ സാധിച്ചിട്ടില്ല -നികുതി ചോർച്ച .

2019-20സാമ്പത്തിക വർഷത്തിൽ നഗരസഭയിലെ വാണിജ്യസ്ഥാപനങ്ങൾ ലൈസൻസ് ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ നൽകിയ ചില കെട്ടിടനമ്പരുകൾ സഞ്ചയയുമായി ഒത്തുനോക്കിയതിൽ അത്തരം കെട്ടിടനമ്പരുകളുടെ വിസ്തീർണം വാണിജ്യാവശ്യത്തിന് യുക്തിസഹമല്ലായെന്ന് കണ്ടതിനാൽ നൽകിയ അന്വേഷണകുറിപ്പ് 9/21- ന് നൽകിയ മറുപടിയിൽ എസ്.ബി.ഐ. ലൈഫ് ഇൻഷ്വറൻസ് (5$m^2$) വിസ്മയ ഹോട്ടൽ (8$m^2$) തുടങ്ങിയ സ്ഥാപനങ്ങൾ സ്ഥിതിചെയ്യുന്ന കെട്ടിടത്തിന് 9 കെട്ടിടനമ്പരുകൾ നൽകിയിട്ടുണ്ടെന്ന് നഗരസഭ അറിയിച്ചു. ആയതിൻപ്രകാരം മേൽകെട്ടിടം 40/565 മുതൽ 576വരെയുള്ള 12നമ്പരുകളിൽ ഉൾപ്പെട്ടതും ആസിഫ് എന്നയാളുടെ പേരിലാണെന്നും കണ്ടെത്തി. എന്നാൽ സഞ്ചയയിലെ പരിശോധനയിൽ 40/567, 568, 570 എന്നീ 3 നമ്പരുകളുടെ അടിസ്ഥാന വിവരങ്ങൾ " NOT FOUND "എന്ന് കാണുന്നു. സഞ്ചയയിൽ മേൽ നമ്പരുകളുടെ അടിസ്ഥാനവിവരങ്ങൾ രേഖപ്പെടുത്താത്തതിനാൽ നികുതി ഈടാക്കിയിട്ടില്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഒരു കെട്ടിടത്തിന് 565മുതൽ 576വരെയുള്ള നമ്പർ നൽകിയതിൽ 3 നമ്പരുകൾ സഞ്ചയയിൽ ഒഴിവായത് സംബന്ധിച്ച് വ്യക്തമായ കാരണം ബോധിപ്പിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഈ ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് 2 മാസത്തിനകം മേൽ വിവരിച്ച 12 നമ്പരുകൾ ഉൾപ്പെട്ട കെട്ടിടം ഒന്നാകെ അളന്ന് അടിസ്ഥാനവിവരങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്തിയും, വിസ്തീർണം,ഉപയോഗം, റോഡ് വീതി തുടങ്ങിയവ അടിസ്ഥാനമാക്കി നിയമാനുസൃത നികുതി ഈടാക്കിയും ഓഡിറ്റിനെ അറിയിക്കേണ്ടതും അല്ലാത്തപക്ഷം നികുതി പരിഷ്കരണം നിലവിൽ വന്ന 4/2016 മുതലുള്ള നികുതികുടിശ്ശിക ഉദ്യോഗസ്ഥരുടെ ബാധ്യതയായി കണക്കാക്കുന്നതുമാണ്.

## 1-14 വാടകകുടിശ്ശിക -സമയബന്ധിതമായി പിരിച്ചെടുക്കുന്നില്ല. തനത് ഫണ്ട് കുറയുന്നു.

1) അക്ഷയകോംപ്ലക്സ്

നഗരസഭയുടെ ഭൂമിയിൽ കോടികൾ ചെലവഴിച്ച് നിർമ്മിച്ച അക്ഷയകോംപ്ലക്സ് കെട്ടിടത്തിൽ നിലവിൽ 148 ഷോപ്പുകൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. ഷോപ്പുകളുടെ വാടകരജിസ്റ്റർ പരിശോധിച്ചതിൽ 2019-20 സാമ്പത്തിക വർഷം വരെ 26,28,650/-രൂപ കുടിശ്ശികയുള്ളതായി കണ്ടെത്തി. ആയത് സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പ് 37/21-ന് ലഭ്യമാക്കിയ മറുപടിയിയിൽ കുടിശ്ശിക ഈടാക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നതായും ആയതിന്റെ ഫയൽ സമർപ്പിച്ചതായും അറിയിച്ചു. ഫയൽ പരിശോധിച്ചതിൽ 2016 മുതൽ ലക്ഷക്കണക്കിന് രൂപ കുടിശ്ശിക അടയ്ക്കാതിരുന്നിട്ടും റിക്കവറി നോട്ടീസുകൾ അയച്ചതല്ലാതെ കുടിശ്ശികക്കാരെ ഒഴിപ്പിക്കുന്നതടക്കമുള്ള ശക്തമായ തുടർനടപടികൾ നഗരസഭ നാളിതുവരെ സ്വീകരിച്ചിട്ടില്ലായെന്ന് കണ്ടെത്തി. കുടിശ്ശിക തുകയുടെയും വാടകക്കാരുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഷോപ്പ് നമ്പർ,ലേലക്കാരന്റെ പേര് | കുടിശ്ശിക കാലയളവ് | കുടിശ്ശിക തുക |
|---|---|---|---|
| 1 | BF-A(13), A.ടിങ്കു | 11/2017മുതൽ 3/2020 | 207418/- |
| 2 | BFB(1) N.മെഹബൂബ | 9/2019മുതൽ 3/2020 | 12138/- |
| 3 | BFB(3) മുഹമ്മദ് താഹ | 9/2017മുതൽ 3/2020 | 16740/- |
| 4 | BFB(4) കല | 9/2019മുതൽ 3/2020 | 7590/- |
| 5 | BFB(5) മുഹമ്മദ് താഹ | 9/2019മുതൽ 3/2020 | 6600/- |
| 6 | NB(9) മെഹബൂബ | 9/2019മുതൽ 3/2020 | 14790/- |
| 7 | BF(B10A) സുഗതൻ | 6/2019മുതൽ 3/2020 | 8840/- |
| 8 | BF13(14) ശശി | 4/2018മുതൽ 3/2020 | 25710/- |
| 9 | BFB(15A) സാംസിബോസ് | 8/2019മുതൽ 3/2020 | 11291/- |
| 10 | BFB(16) സാംസിബോസ് | 4/2019മുതൽ 3/2020 | 15576/- |
| 11 | BFC(2) N.ഷാജി | 9/2018മുതൽ 3/2020 | 16524/- |
| 12 | BFC(3) കമലാദേവി | 10/2018മുതൽ 3/2020 | 41904/- |
| 13 | BFC4(1) ജിനൻ | 9/2019മുതൽ 3/2020 | 4200/- |
| 14 | BFC(5) മോഹനൻ | 10/2018മുതൽ 3/2020 | 54162/- |
| 15 | BFC(9) പ്രദീപ്കുമാർ | 4/2019മുതൽ 3/2020 | 2880/- |
| 16 | BFB5(1) മുഹമ്മദ് താഹ | 9/2019മുതൽ 3/2020 | 15379/- |
| 17 | GFA(2) അനിൽകുമാർ | 8/2018മുതൽ 3/2020 | 272776/- |
| 18 | GFA-6(1) മാനേജർ ആക്സിസ് ബാങ്ക് | 10/2016മുതൽ 3/2020 | 383370/- |
| 19 | GFA-6(2) അനു | 3/2019മുതൽ 3/2020 | 74664/- |
| 20 | GFA(7) V.S.സഞ്ചയ് | 1/2019മുതൽ 3/2020 | 241520/- |
| 21 | GFA(12-1) ഷേക്സ്പിയർ.S | 10/2016മുതൽ 3/2020 | 109536/- |
| 22 | GFA(8) ഷേക്സ്പിയർ.S | 4/2019മുതൽ 3/2020 | 103128/- |
| 23 | GFA(13) ഷേക്സ്പിയർ.S | 12/2019മുതൽ 3/2020 | 173514/- |
| 24 | GFC(3) ഷേക്സ്പിയർ. | 8/2018മുതൽ 3/2020 | 32705/- |
| 25 | GFC(4)ഷേക്സ്പിയർ. | 8/2018മുതൽ 3/2020 | 30153/- |
| 26 | GFA10(1)ഗീത | 9/2019മുതൽ 3/2020 | 18459/- |
| 27 | GFA10(2) അർച്ചന | 12/2018മുതൽ 3/2020 | 43008/- |
| 28 | GFA 11(1)ഷാജി.N | 8/2019മുതൽ 3/2020 | 12908/- |
| 29 | GFA11(2)ഹാരിസ് | 12/2018മുതൽ 3/2020 | 7168/- |

| | | | |
|---|---|---|---|
| 30 | GFA-11(7)സജിലാൽ | 3/2019മുതൽ 3/2020 | 49530/- |
| 31 | GFC(5)ദേവരാജ് | 3/2019മുതൽ 3/2020 | 16740/- |
| 32 | GFC(11)അജയൻ | 10/2019മുതൽ 3/2020 | 7398/- |
| 33 | GFC(13)ഷാജി | 12/2019മുതൽ 3/2020 | 1864/- |
| 34 | FF-S-(6)(3)അനു.K.S. | 11/2019മുതൽ 3/2020 | 13310/- |
| 35 | NTA.താലൂക്ക്പ്രവാസി വെൽഫയർ സംഘംT.1681 | 18/7/2018മുതൽ 3/2020 | 203200/- |
| 36 | First Class Judicial Magistrate Court (Temperary) NTA | 8/2018മുതൽ 3/2020 | 360000/- |
| 37 | FF 07പ്രദീപ്കുമാർ | 10/2019മുതൽ 3/2020 | 1872/- |
| 38 | SF-07,സാം സി ബ്രൈറ്റ് | 11/2019മുതൽ 3/2020 | 10285/- |
| | ആകെ | | 2628850/- |

6-8-2016-ൽ തദ്ദേശ സ്വയം ഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിലെ 3-ാം നമ്പർ തീരുമാനപ്രകാരം അക്ഷയ കോംപ്ലക്സിലെ വാടകപിരിച്ചെടുക്കാതെ വന്നാൽ ആയതിന്റെ ഉത്തരവാദിത്തം നഗരസഭ സെക്രട്ടറിയ്ക്കും KURDFC -മാനേജിംഗ് ഡയറക്ടർക്കുമായിരിക്കുമെന്നുണ്ട്. എന്നാൽ അക്ഷയ കോംപ്ലക്സിനായി എടുത്ത ലോൺ ഒറ്റവണ തീർപ്പാക്കൽ പ്രകാരം (18-10-2017-ലെ HUDCO/TRO/FIN-51/2017-18കത്ത് പ്രകാരം) തീർപ്പായതിനാൽ അക്ഷയ കോംപ്ലക്സിലെ വാടകപിരിച്ചെടുക്കാതെ വന്നാൽ ആയതിന്റെ ഉത്തരവാദിത്തം നഗരസഭ സെക്രട്ടറിയ്ക്കും നഗരസഭ കൗൺസിലിനും ആയി മാറുന്നതിനാൽ അക്ഷയ കോംപ്ലക്സിലെ വാടകകുടിശ്ശിക പിരിച്ചെടുക്കാൻ ശക്തമായ നടപടി സ്വീകരിക്കേണ്ടതാണ്. 26,28,850/- രൂപയുടെ കുടിശ്ശിക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) നഗരസഭയുടെ ഉടമസ്ഥതയിലുള്ള മറ്റ് കെട്ടിടങ്ങളിലെ ഷോപ്പുകൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. 2019-20വർഷത്തിൽ ചുവടെ വിവരിക്കുന്ന കെട്ടിടങ്ങളിലെ ഷോപ്പുകൾ ലേലത്തിൽ പിടിച്ച വ്യക്തികൾ കുടിശ്ശികകൾ അടച്ചിട്ടില്ലായെന്ന് രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തി.

(A).ടാക്സി സ്റ്റാൻഡ് ബിൽഡിംഗ്-

| ക്രമ നമ്പർ | ഷോപ്പ് നമ്പർ, കുടിശ്ശികക്കാരന്റെ പേര് | കുടിശ്ശിക കാലയളവ്. | കുടിശ്ശിക തുക |
|---|---|---|---|
| 1. | 9/191,സുകുമാരൻനായർ | 2/2020<br>3/2020 | 5500/-<br>5500/- |
| | ആകെ | | 11000/- |

(B) ടൗൺ മാർക്കറ്റ്.

| ക്രമ നമ്പർ | ഷോപ്പ് നമ്പർ, വാടകക്കാരന്റെ പേര് | കുടിശ്ശിക കാലയളവ്. | കുടിശ്ശിക തുക |
|---|---|---|---|
| 1 | 1.നാസറുദീൻ | 12/2017 മുതൽ 3/2020 വരെ | 21216/- |
| 2 | 2.നാസറുദീൻ | 2/2017മുതൽ 3/2020വരെ | 24156/- |
| 3 | 3.സലീം | 7/2017മുതൽ 3/2020വരെ | 18720/- |
| 4 | 7.നിസാർ | 10/2018മുതൽ3/2020വരെ | 30726/- |
| 5 | 8.നൌഷാദ് | 4/2019മുതൽ3/2020വരെ | 18420/- |
| 6 | 14.സുധീർ | 4/2019മുതൽ3/2020വരെ | 8100/- |
| 7 | 15.സുധീർ | 4/2016മുതൽ 3/2020 വരെ | 8100/- |
| 8 | 25.സെയ്യദ് മുഹമ്മദ് | 4/2017 മുതൽ 3/ 2020 വരെ | 3091/- |
| 9 | 26.അൻസാരി | 4/2019മുതൽ 3/2020വരെ | 2237/- |
| 10 | 29.ഷാജഹാൻ | 3/2018മുതൽ3/2020വരെ | 3280/- |
| 11 | 35,36,37,38,39.സലീം. | 4/2011മുതൽ 3/2020വരെ | 51975/- |
| 12 | 40.ഷാജഹാൻ | 4/2014മുതൽ3/2020 | 4284/- |
| 13 | 41.പൌളി | 4/2014മുതൽ 3/2020.വരെ | 5414/- |
| 14 | 42,43,44,45.നാസർ | 4/2018മുതൽ3/2020വരെ | 15776/- |
| | ആകെ | | 215495/- |

(C).ആറാലുംമൂട് ചന്ത -സ്റ്റാൾ.

| ക്രമ നമ്പർ | സ്റ്റാൾ നമ്പർ, വാടകക്കാരന്റെ പേര് | കുടിശ്ശിക കാലയളവ് | കുടിശ്ശിക തുക |
|---|---|---|---|
| 1 | 2.സെൽവരജ് | 4/2019മുതൽ 3/2020 വരെ | 1931/- |
| 2 | 3.അജി. | 4/2019മുതൽ 3/2020 വരെ | 1901/- |
| 3 | 4.ശ്രീകുമാർ | 4/2019മുതൽ 3/2020 വരെ | 2460/- |
| 4 | 10,11.സലീം | 4/2017മുതൽ 3/2020 വരെ | 9741/- |
| 5 | 20.രാമചന്ദ്രൻ | 4/2018മുതൽ 3/2020 വരെ | 3566/- |
| 6 | 22.ഷാജഹാൻ | 4/2019മുതൽ 3/2020 വരെ | 2473/- |
| 7 | 45.രവീന്ദ്രൻ | 4/2019മുതൽ 3/2020 വരെ | 6790/- |
| 8 | 47.രാമച്ചാപിള | 4/2019മുതൽ 3/2020 വരെ | 3731/- |
| 9 | 54.ഗോപൻ | 4/2019മുതൽ 3/2020 വരെ | 3809/-- |
| 10 | 55.ജയിനി | 4/2019മുതൽ 3/2020 വരെ | 3561/- |
| 11 | 56.മണിയൻ | 4/2019മുതൽ 3/2020 വരെ | 3561/- |
| 12 | 57.ചെല്ലക്കണ്ണ്. | 4/2019മുതൽ 3/2020 വരെ | 4512/- |
| ആകെ | | | 48036/- |

(D)ആറാലുംമൂട് ഷോപ്പിംഗ് കോംപ്ലക്സ്

| ക്രമ നമ്പർ | ഷോപ്പ് നമ്പർ, വാടകക്കാരന്റെ പേര് | കുടിശ്ശിക കാലയളവ് | കുടിശ്ശിക തുക |
|---|---|---|---|
| 1 | F.7, അനിൽകുമാർ | 8/2019മുതൽ 3/2020വരെ | 33312/- |
| 2 | NMC.X1X-374-C, D .വിജയകുമാർ | 19/2019മുതൽ3 /2020വരെ | 14040/- |
| | ആകെ | | 47352/- |

(E). പെരുമ്പഴുതൂർ ചന്ത -ഷോപ്പ്

| ക്രമ നമ്പർ | ഷോപ്പ് നമ്പർ,വാടകക്കാരന്റെ പേര് | കുടിശ്ശിക കാലയളവ് | കുടിശ്ശിക തുക |
|---|---|---|---|
| 1 | 1.കൃഷ്ണൻനായർ | 4/2019മുതൽ3 /2020വരെ | 2538/- |
| 2 | 2.ജോർജ്. | 4/2019മുതൽ3 /2020വരെ | 6716/- |
| | ആകെ | | 9254/- |

ലേലരജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭയിലെ വിവിധ ഷോപ്പുകൾ ലേലം ചെയ്ത് നൽകിയതിൽ 331137/-രൂപ 2019-20സാമ്പത്തിക വർഷത്തിൽ കുടിശ്ശികയുണ്ട്. ആയത് സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പ് 37/21-നൽകിയ മറുപടിയിൽ കുടിശ്ശിക തുക ഈടാക്കാൻ നടപടികൾ സ്വീകരിച്ചതായി അറിയിച്ചു. എന്നാൽ ഫയൽ പരിശോധനയിൽ 2011 മുതലുള്ള കുടിശ്ശിക തുക ഈടാക്കാൻ കുടിശ്ശികക്കാർക്ക് നോട്ടീസുകൾ അയച്ചുനൽകുന്നതല്ലാതെ ശക്തമായ തുടർനടപടികൾ സ്വീകരിച്ചിട്ടില്ലായെന്ന് കണ്ടെത്തി. മേൽ വിവരിച്ച കുടിശ്ശിക തുക എത്രയും വേഗം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 റേഷൻകടകളിൽ നിന്നും തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ല.

നഗരസഭാപരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസും, തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ലായെന്ന് കണ്ടെത്തിയതിൻപ്രകാരം നൽകിയ അന്വേഷണകുറിപ്പ് 16/21 -ന് ലഭ്യമാക്കിയ മറുപടിയിൽ നഗരസഭാ പരിധിയിൽ 45 റേഷൻകടകൾ പ്രവർത്തിക്കുന്നതായും നികുതി അടയ്ക്കുവാൻ റേഷൻകടകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. സിവിൾ സപ്ലൈസ് ഡയറക്ടറുടെ 22-01-2019-ലെ (സി.എസ്.)എ9-764/19 നമ്പർ ഉത്തരവ് പ്രകാരം റേഷൻകടകൾ ലൈസൻസ് ഫീസിൽ നിന്നും,തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ലായെന്ന് വ്യക്തമാക്കിട്ടുണ്ട്. ആയതിനാൽ നഗരസഭാ പരിധിയിലെ റേഷൻ

കടകളിൽ നിന്നും ലൈസൻസ് ഫീസും,തൊഴിൽ നികുതിയും ഈടാക്കേണ്ടതാണ്. തൊഴിൽ നികുതി അടവാക്കാത്ത പക്ഷം റേഷൻകടകളുടെ മേലധികാരിയെന്ന നിലയിൽ താലൂക്ക് സപ്ലൈ ആഫീസർക്ക് അറിയിപ്പ് നൽകി പ്രസ്തുത നികുതി ഈടാക്കാൻ നഗരസഭ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 പാരമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1994-ലെ കേരളാ മുൻസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളും, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ) ചട്ടം പാലിച്ച് രജിസ്ട്രേഷൻ നടത്തിയ ശേഷം മാത്രമേ പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തനം തുടങ്ങാവൂ. എന്നാൽ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ പരിശോധിച്ചതിൽ 2018-19വർഷത്തിൽ ലൈസൻസ് എടുത്ത ചില സ്ഥാപനങ്ങൾ 2019-20 വർഷത്തിൽ ലൈസൻസ് എടുത്തിട്ടില്ലായെന്ന് കണ്ടെത്തി.വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | 1/286 | ദീപാ ക്ലിനിക്ക് |
| 2 | 4/213 , | ദേവ് ഹോമിയോ |
| 3 | 6/645 | ഹിന്ദുസ്ഥാൻ തെറോക്ലിനിക്ക് |
| 4 | 6/652 G. | ആര്യാ ക്ലിനിക്ക് |
| 5 | 6/1 | ലക്ഷ്മി ക്ലിനിക്ക് |
| 6 | 9/682A | കോസ്മോ ദന്തൽ ക്ലിനിക്ക് |
| 7 | 9/130,131 | സിബി ആയൂർവേദിക്ക് സെന്റർ |
| 8 | 9/48 | DDRC |
| 9 | 11/38A | JA ഹോമിയോ ക്ലിനിക്ക് |
| 10 | 6/293 | അമൃത ഹോമിയോ ക്ലിനിക്ക് |

നഗരസഭാ പരിധിയിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന മുഴുവൻ സ്വകാര്യ ആശുപത്രികൾക്കും, പാരാ മെഡിക്കൽ സ്ഥാപനങ്ങൾക്കും തുടർവർഷത്തിൽ ലൈസൻസ് നൽകാനും ലൈസൻസ് ഫീ കുടിശ്ശിക ഈടാക്കാനും ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി നടപടി എടുക്കേണ്ടതും ഈ ഇനത്തിലെ നികുതി ചോർച്ച അവസാനിപ്പിക്കേണ്ടതുമാണ്.

## 1-17 സൗകര്യം ഉറപ്പുവരുത്താതെ കംഫർട്ട് സ്റ്റേഷൻ ലേലം ചെയ്തതിനാൽ ധനനഷ്ടം സംഭവിച്ചു.

നഗരസഭയുടെ പരിപാലനത്തിലുള്ള കൊടങ്ങാവിള മാർക്കറ്റിനുള്ളിൽ സ്ഥാപിച്ചിട്ടുള്ള കംഫർട്ട് സ്റ്റേഷൻ2019-20 വർഷത്തിലെ നടത്തിപ്പിനായി ഏറ്റവും കൂടിയ തുകയായ 6000/-രൂപ വിളിച്ച ഷാജിയെന്ന വ്യക്തിയ്ക്ക് ലേലം ചെയ്ത് നൽകി. ടിയാൻ ആദ്യഗഡുവായി 1000/-രൂപ നഗരസഭയിൽ അടവാക്കുകയും ചെയ്തു. എന്നാൽ കംഫർട്ട് സ്റ്റേഷനിൽ വൈദ്യുതി, വെള്ളം എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തിനാൽ ടി ലേലം റദ്ദ് ചെയ്ത് തുക തിരികെ നൽകണമെന്ന് ടിയാൻ 21-8-2019-ൽ അപേക്ഷ നൽകുകയും 27-11-2019-ൽ ചേർന്ന നഗരസഭാ കമ്മിറ്റി 15(3)-ാം നമ്പർ തീരുമാനപ്രകാരം ലേലം റദ്ദ് ചെയ്യുകയും ചെയ്തു. മേൽ നടപടിയിലൂടെ നഗരസഭയ്ക്ക് ലഭിക്കേണ്ട ബാക്കി 5000/-രൂപ നഷ്ടപ്പെട്ടു. ലേല നടപടികൾ ആരംഭിക്കുന്നതിന് മുമ്പ് ഇത്തരം കെട്ടിടങ്ങളിൽ ഉപയോഗത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തിയിരുന്നുവെങ്കിൽ ഇത്തരത്തിലുള്ള ധനനഷ്ടം ഒഴിവാക്കുവാൻ സാധിക്കുമായിരുന്നു. തുടർവർഷങ്ങളിൽ ഇത്തരത്തിലുള്ള ലേലങ്ങൾ നടത്തുന്നതിന് മുമ്പ് വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്താൻ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി വേണ്ടത്ര ജാഗ്രത പുലർത്തേണ്ടതാണ്.

## 1-18 മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി സമയബന്ധിതമായി പിരിച്ചെടുത്തിട്ടില്ല-28,91,757/-രൂപ കുടിശ്ശിക.

2011-ലെ കേരള മുൻസിപ്പാലിറ്റി ആക്ട് വകുപ്പ് 233(1) (2) പ്രകാരം മുനിസിപ്പാലിറ്റി പ്രദേശത്തുള്ളതും ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഓരോ കെട്ടിടത്തിനും ആക്ടിലെ വ്യവസ്ഥകൾക്കും നിർണയിക്കപ്പെട്ടേക്കാവുന്ന ചട്ടങ്ങൾക്കും അനുസൃതമായി വസ്തുനികുതി ചുമത്തേണ്ടതാണ്. നഗരസഭ അതിന്റെ പരിധിയിലുള്ള മൊബൈൽ ടവറുകളിൽ നിന്നും നിയമാനുസൃത വസ്തുനികുതി ഈടാക്കേണ്ടതാണ്. നഗരസഭയിലെ മൊബൈൽ ടവറുകളുടെ രജിസ്റ്റർ പരിശോധിച്ചതിൽ ഭീമമായതുക കുടിശ്ശികയുണ്ടെന്ന് കണ്ടെത്തി. മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശികയുണ്ടെങ്കിൽ ആയത് പിരിക്കുന്നതിനായി സർക്കുലർ നം.40395/RC2/2014/L.S.G.D തിയതി-19-10-2014 പ്രകാരം സ്പെഷ്യൽ ഡ്രൈവ് നടത്തിയതിന്റെ വിവരം ആരാഞ്ഞ് നൽകിയ 20/21- ാം നമ്പർ അന്വേഷണകുറിപ്പിന് നൽകിയ മറുപടിയിൽ നഗരസഭാ പരിധിയിൽ 17മൊബൈൽ ടവറുകൾ സ്ഥാപിച്ചിട്ടുള്ളതായും 2021-2022 കാലയളവ് വരെ 4003199/-രൂപ കുടിശ്ശിക പിരിച്ചെടുക്കാനുണ്ടെന്നും,എല്ലാ മൊബൈൽ ഉടമസ്ഥർക്കും നോട്ടീസ് നൽകിയതായും അറിയിച്ചു. 2019-20 സാമ്പത്തിക വർഷത്തിൽ കുടിശ്ശികയായ 28,91,757/- രൂപയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്, കെട്ടിടനമ്പർ, ടവർ ഉടമ | കുടിശ്ശിക കാലയളവ് | കുടിശ്ശിക തുക |
|---|---|---|---|
| 1 | 1/576. ദി പ്രിൻസിപ്പൽ ജനറൽ മാനേജർ, ടെലികോം | 2011-2020 | 277198/- |
| 2 | 43/476, ഐഡിയ മൊബൈൽ | 2015-2020 | 171358/- |
| 3 | 36/109, റിലയൻസ് | 2011-2020 | 277198/- |
| 4 | 3/414, റിലയൻസ് | 2011-2020 | 277198/- |
| 5 | 4/260, ഇൻഡ്യ ടെലികോം | 2011-2020 | 277198/- |
| 6 | 16/41, ദി മാനേജർ ഇൻഡസ് ടവർ | 2016-2020 | 20642/- |
| 7 | 37/438, ബിജു.റ്റി.നായർ,ഇൻഡസ് ടവർ | 2016-2020 | 86530/- |
| 8 | 37/496, ദി മാനേജർ എ.റ്റി.സി. | 2011-2020 | 256147/- |
| 9 | 16/14, സർക്കിൾ മാനേജർ,ടവർ വിഷൻ. | 2011-2020 | 296994/- |
| 10 | 3/381.എ.സി.റ്റി. | 2016-2020 | 126903/- |
| 11 | 27/142.വയർലസ്സ് .റ്റി.റ്റി.ഇൻഫോ | 2016-2020 | 118440/- |
| 12 | 4/275.മാനേജർ W.T.T.I.L. | 2016-2020 | 108573/- |
| 13 | 3/617.വയർലസ് .I.T.L | 2011-2020 | 297002/- |
| 14 | 37/290.മാനേജർ W.T.T.I.L. | 2012-2020 | 127320/- |
| 15 | 27/143.ബിജു.റ്റി.നായർ.ഭാരതി എയർടെൽ | 2016-2020 | 86529/- |
| 16 | 25/278.ബിജു.റ്റി.നായർ.ടവറിന്റെ പേര് നൽകിയിട്ടില്ല. | 2017-2020 | 86527/- |
| 17 | 37/438.ബിജു.റ്റി.നായർ, ഇൻഡസ് ടവർ ലിമിറ്റഡ്. | 2016-2020 | 86530/- |
| | ആകെ | | 2891757/- |

2011 മുതലുള്ള കുടിശ്ശിക ഉൾപ്പെട്ട 2891757/- രൂപ പിരിച്ചെടുക്കാത്തത് തനത് ഫണ്ടിന്റെ ശോഷണത്തിന് കാരണമാകുന്നതിനാൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി അടിയന്തിരനടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 നഗരസഭാപരിധിയിൽ പ്രാക്ടീസ് ചെയ്യുന്ന അഭിഭാഷകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2005-ലെ കേരളാ മുൻസിപ്പാലിറ്റി (തൊഴിൽനികുതി) ചട്ടം 3(2,1,4)പ്രകാരം നഗരസഭയ്ക്ക് നഗരസഭാപരിധിയിൽ പ്രവർത്തിക്കുന്ന കോടതികളിൽ പ്രാക്ടീസ് ചെയ്യുന്ന അഭിഭാഷകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാം. എന്നാൽ നഗരസഭാപരിധിയിൽ പ്രാക്ടീസ് ചെയ്യുന്ന മുഴുവൻ അഭിഭാഷകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലായെന്ന് കണ്ടെത്തി. ആയത് സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പ് 16/21-ന് സമർപ്പിച്ച മറുപടിയിൽ നഗരസഭാപരിധിയിൽ 2019-20ഒന്നാം അർദ്ധവർഷം 311അഭിഭാഷകരും രണ്ടാം അർദ്ധവർഷം 317അഭിഭാഷകരും പ്രാക്ടീസ് നടത്തിയിരുന്നതായും അതിൽ 6 അഭിഭാഷകർ മാത്രമേ തൊഴിൽ നികുതി അടവാക്കിയിട്ടുള്ളുവെന്നും അറിയിച്ചു.

നഗരസഭയുടെ തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിനായി നഗരസഭാപരിധിയിൽ പ്രാക്ടീസ് ചെയ്യുന്ന മുഴുവൻ അഭിഭാഷകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാനുള്ള സത്വര നടപടി നഗരസഭ സ്വീകരിക്കേണ്ടതാണ്.

## 1-20 ആംബുലൻസ് ഫീ കളക്ഷൻ തുക (1800/- രൂപ) നഗരസഭാ ഫണ്ടിൽ യഥാസമയം ഒടുക്കിയില്ല

നഗരസഭയുടെ ഉടമസ്ഥതയിലുള്ള KL 20G 7963 നം.ആംബുലൻസ് സേവനം പ്രയോജനപ്പെടുത്തിയതിനു രസീത് ബുക്ക് നം. 17 ൽ നിന്ന് രസീത് നൽകി ഈടാക്കിയ തുകകൾ മുനിസിപ്പാലിറ്റിയിൽ ഒടുക്കിയിട്ടില്ല. ബന്ധപ്പെട്ട രജിസ്റ്ററിലും ഈ രസീത് നമ്പറുകൾ രേഖപ്പെടുത്തിയിട്ടില്ല. ആകെ 1800/- രൂപയാണ് നഗരസഭാ ഫണ്ടിൽ യഥാസമയം ഒടുക്കിയിട്ടില്ലാത്തത്. വിശദാംശം ചുവടെ ചേർക്കുന്നു.

| രസീത് നമ്പർ | തുക | തീയതി |
|---|---|---|
| 1689 | 500/- രൂപ | 13/01/2020 |
| 1690 | 500/- രൂപ | 13/01/2020 |
| 1691 | 300/- രൂപ | 13/01/2020 |
| 1692 | 500/- രൂപ | 14/01/2020 |
| ആകെ | 1800/- | |

ഓഡിറ്റ് എൻക്വയറി നം 49 പ്രകാരം ഇക്കാര്യം ശ്രദ്ധയിൽ പെടുത്തിയതിനെ തുടർന്ന് 2394/- രൂപ (18% പിഴ ഉൾപ്പെടെ) 25/10/2021 ന 121160107847 നം. രസീത് പ്രകാരം നഗരസഭ ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ സംഭവിച്ച വീഴ്ചയ്ക്ക് കൃത്യമായ വിശദീകരണം മറുപടിയായി അറിയിച്ചിട്ടില്ല. രജിസ്റ്ററിൽ പ്രസ്തുത രസീതുകൾ രേഖപെടുത്താത്തത് മേലധികാരികളുടെ ശ്രദ്ധയിൽപെട്ടിട്ടില്ല. രസീത് പ്രകാരം പിരിച്ചെടുക്കുന്ന മുഴുവൻ തുകയും നഗരസഭ ഫണ്ടിൽ ഒടുക്കുന്നുണ്ടെന്ന് മേലധികാരികൾ ഉറപ്പു വരുത്തേണ്ടതാണ്. തുടർന്നും ഇത്തരം പിഴവുകൾ ആവർത്തിക്കാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 രസീത് പ്രകാരം പിരിച്ചെടുത്ത തുക ബാങ്കിൽ ഒടുക്കുന്നതിൽ കാലതാമസം

2007-ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) റൂൾസ് 16(2) പ്രകാരം നഗരസഭയുടെ എല്ലാ വരവുകളും അതതു ദിവസം തന്നെ നഗരസഭ അക്കൗണ്ടിൽ ഒടുക്കേണ്ടതാണ്. കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് മാന്വൽ, അദ്ധ്യായം.5, ഖണ്ഡിക 5.7സി(എ) പ്രകാരം നഗരസഭയുടെ എല്ലാ വരവു തുകകളും തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ട്രഷറി അക്കൗണ്ടിലോ ബാങ്ക് അക്കൗണ്ടിലോ ഒടുക്കേണ്ടതാണ്. എന്നാൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള KL 20G 7963 നമ്പർ ആംബുലൻസ് നൽകുന്ന സേവനത്തിനു രസീത് പ്രകാരം പിരിച്ചെടുത്ത തുക മുഴുവനായും അതാതു ദിവസം തന്നെ നഗരസഭ ഫണ്ടിൽ ഒടുക്കിയിട്ടില്ല. കളക്ഷൻ തുക അനധികൃതമായി കൈയിൽ സൂക്ഷിച്ച് നഗരസഭ ഫണ്ടിൽ ഒടുക്കാൻ കാലതാമസം വന്നതിനു ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| രസീത് പ്രകാരം പണം കൈപ്പറ്റിയ തീയതി | രസീത് നമ്പർ | പിരിച്ചെടുത്ത തുക |
|---|---|---|
| 08/01/2020 | 1676 | 500 |
| 08/01/2020 | 1677 | 500 |
| 10/01/2020 | 1682 | 500 |
| 11/01/2020 | 1683 | 400 |
| 11/01/2020 | 1684 | 500 |
| 12/01/2020 | 1685 | 500 |
| | ആകെ | 2900 |
| നഗരസഭാ ഫണ്ടിൽ ഒടുക്കിയ തീയതി : 17/01/2020 | | |

| | | |
|---|---|---|
| രസീത് നമ്പർ :01/ 120160112210 | | |
| 01/03/2020 | 1815 | 500 |
| നഗരസഭാ ഫണ്ടിൽ ഒടുക്കിയ തീയതി : 16/03/2020<br>രസീത് നമ്പർ :01/ 120160119080 | | |
| 20/02/2020 | 1796 | 500 |
| 20/02/2020 | 1797 | 400 |
| 20/02/2020 | 1798 | 500 |
| | ആകെ | 1400 |
| നഗരസഭാ ഫണ്ടിൽ ഒടുക്കിയ തീയതി : 17/01/2020<br>രസീത് നമ്പർ :01/ 120160112210 | | |

മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും സമാനമായ ക്രമക്കേട് ചൂണ്ടിക്കാട്ടിയിട്ടുള്ളതാണ്. നഗരസഭയുടെ എല്ലാ വരവുകളും അതതു ദിവസം തന്നെ നഗരസഭ അക്കൗണ്ടിൽ ഒടുക്കേണ്ടതാണെന്ന ഓഡിറ്റ് നിർദേശം പാലിക്കപ്പെട്ടിട്ടില്ല. വരവുകൾ യഥാസമയം നഗരസഭ ഫണ്ടിൽ ഒടുക്കുന്നുണ്ടോയെന്ന് നിയന്ത്രണോദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്.

## 1-22 ആംബുലൻസിന്റെ ലോഗ് ബുക്ക് നിയന്ത്രണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

ഓരോ ദിവസത്തേയും യാത്ര സംബന്ധമായ വിവരങ്ങളും ഇന്ധനം നിറയ്ക്കുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളും ലോഗ് ബുക്കിൽ രേഖപ്പെടുത്തുകയും രേഖപ്പെടുത്തലുകൾ നിയന്ത്രണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള KL 20G 7963 നമ്പർ ആംബുലൻസിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ ദിനം പ്രതിയുള്ള രേഖപെടുത്തലുകൾ നിയന്ത്രണ അധികാരി സാക്ഷ്യപ്പെടുത്തിയിട്ടില്ല എന്ന് കണ്ടെത്തി. കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.68ന മറുപടി ലഭിച്ചിട്ടില്ല. ലോഗ് ബുക്ക് അവശ്യ രേഖപ്പെടുത്തൽ നടത്തി നിയന്ത്രണ അധികാരി സാക്ഷ്യപ്പെടുത്തി ആധികാരികമായി സൂക്ഷിക്കേണ്ടതാണ്.

## 1-23 ലോഗ് ബുക്കുകൾ ഹാജരാക്കിയിട്ടില്ല.

പലവിധ ആവശ്യങ്ങൾക്കായി നഗരസഭയിൽ ഉപയോഗിക്കുന്ന 9 വാഹനങ്ങളിൽ 5 വാഹനങ്ങളുടെ ലോഗ് ബുക്ക് മാത്രമാണ് പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളത്. ബാക്കി 4 വാഹനങ്ങളുടെ ലോഗ് ബുക്ക് കൂടി ഹാജരാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം 68ന മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ഹാജരാക്കിയിട്ടുള്ള ലോഗ് ബുക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാഹന നം. |
|---|---|
| 1 | KL-20-D-7790 |
| 2 | KL-20-E-626 |
| 3 | KL-20-G-7963 |
| 4 | KL-20-H-3271 |
| 5 | KL-20-C-5714 |

വാഹനങ്ങളുമായി ബന്ധപ്പെട്ട രേഖകൾ കൃത്യമായി പരിപാലിക്കുകയും ഓഡിറ്റ് വേളയിൽ അവ പരിശോധനയ്ക്കായി കൃത്യമായി ഹാജരാക്കേണ്ടതുമാണ്.

## 1-24 വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിയതിന് പ്രതിഫലം നൽകി- 26,825/- രൂപ തടസപ്പെടുത്തുന്നു

2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിയതിന് ശ്രീമതി ആശ. S U ന് വൗച്ചർ നം. 46(ചെക്ക് നം.832534/9.7.2019) പ്രകാരം 18850/- രൂപയും, 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിയതിലെ അപാകത പരിഹരിച്ചതിന് ടിയാൾക്ക് വൗച്ചർ നം.55 (ചെക്ക് നം.832592/9.8.2019) പ്രകാരം 7975/- രൂപയും ഉൾപ്പെടെ ആകെ 26825/- രൂപ അനുവദിച്ചിട്ടുണ്ട്. 23.10.2021തീയതിയിലെ ഓഡിറ്റ് എൻക്വയറി നം.51 പ്രകാരം പ്രസ്തുത ചെലവിന് ആസ്പദമായ ഫയലും അനുബന്ധ രേഖകളും ഹാജരാക്കുന്നതിന് ആവശ്യപ്പെടുകയും ഫയൽ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. ഫയലിൽ ഇത്തരത്തിൽ ചെലവ് നടത്തുന്നതിന് സർക്കാർ അനുമതി ഉള്ളതായി കാണുന്നില്ല. നഗരസഭയിലെ അക്കൗണ്ട്സ് കൈകാര്യം ചെയ്യുന്നതിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ ഉണ്ടെന്നിരികെ പ്രസ്തുത ആവശ്യത്തിനായി തുക ചെലവഴിച്ചത് അംഗീകരിക്കാവുന്നതല്ല. മേൽ സാഹചര്യത്തിൽ 26825/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. നഗരസഭാ അക്കൗണ്ട്സ് തയ്യാറാക്കുന്നതിന് ദിവസവേതനാടിസ്ഥാനത്തിൽ ആളെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവോ/നിർദേശങ്ങളോ ഉണ്ടെങ്കിൽ ആയത് ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത തുക തിരിച്ചടക്കേണ്ടതാണ്.

## 1-25 നഗരസഭയിലെ ഡ്രൈവർമാർക്ക് റ്റി എ ഇനത്തിൽ അധികം തുക നൽകി-6830/- രൂപ തടസപ്പെടുത്തുന്നു

നഗരസഭയിലെ ഡ്രൈവർമാർക്ക് റ്റി എ ഇനത്തിൽ അധികം തുക നൽകിയതായി കാണുന്നു.

എ) ക്വാർട്ടർലി സീലിംഗ് അധികരിച്ച് റ്റി.എ നല്കി.

Sri.Biju S ,Driver For The Period From 10/2018 To 6/2019 (വൗച്ചർ നം. 88,ചെക്ക് നം.832606, തുക. 16250/- തീയതി. 26.8.2019)

| മാസം | തുക | അനുവദനീയമായത് ( ക്വാർട്ടർലി സീലിംഗ്) | നൽകിയത് | അധികം നൽകിയത് |
|---|---|---|---|---|
| 10/2018 | 2500 | 4140 | 6250 | 2110 |
| 11/2018 | 1875 | | | |
| 12/2018 | 1875 | | | |
| 1/2019 | 2125 | 4140 | 5375 | 1235 |
| 2/2019 | 1500 | | | |
| 3/2019 | 1750 | | | |
| 4/2019 | 625 | 4140 | 4625 | 485 |
| 5/2019 | 1875 | | | |
| 6/2019 | 2125 | | | |
| | | | | 3830/- |

ബി). Sri.Asokan N ,Driver For The Period From 8/2018 To 7/2019(വൗച്ചർ നം. 89,ചെക്ക് നം.832607, തുക. 12500/- തീയതി. 26.8.2019)

ടിയാന് യാത്ര നടത്തിയതിൽ ചുവടെ പറയുന്ന ദിവസങ്ങളിൽ ഫുൾ ഡി എ അനുവദിച്ചതായി കാണുന്നു. ഡ്രൈവർമാർക്ക് ഔദ്യോഗിക യാത്രകൾക്ക് ഹാഫ് ഡി എ മാത്രമാണ് അനുവദനീയമായിട്ടുള്ളത്.

| ക്രമ നം | ദിവസം | നൽകിയത് | അനുവദിക്കാവുന്നത് |
|---|---|---|---|
| 1 | 9/8/18 | 250 | 125 |
| 2 | 21/8/18 | 250 | 125 |
| 3 | 23/8/18 | 250 | 125 |
| 4 | 24/8/18 | 250 | 125 |
| 5 | 29/8/18 | 250 | 125 |
| 6 | 9/9/18 | 250 | 125 |
| 7 | 18/9/18 | 250 | 125 |
| 8 | 20/9/18 | 250 | 125 |
| 9 | 26/9/18 | 250 | 125 |
| 10 | 29/9/18 | 250 | 125 |
| 11 | 5/10/18 | 250 | 125 |
| 12 | 20/10/18 | 250 | 125 |

| | | | |
|---|---|---|---|
| 13 | 3/11/18 | 250 | 125 |
| 14 | 16/11/18 | 250 | 125 |
| 15 | 30/11/18 | 250 | 125 |
| 16 | 7/12/18 | 250 | 125 |
| 17 | 25/2/19 | 250 | 125 |
| 18 | 8/5/19 | 250 | 125 |
| 19 | 19/5/19 | 250 | 125 |
| 20 | 20/5/19 | 250 | 125 |
| 21 | 30/5/19 | 250 | 125 |
| 22 | 5/7/19 | 250 | 125 |
| 23 | 6/7/19 | 250 | 125 |
| 24 | 28/7/19 | 250 | 125 |

**3000/-**

ഇപ്രകാരം തുക അനുവദിച്ചതിനുള്ള കാരണം വിശദീകരിക്കുന്നതിനും രണ്ട് പേരുടെയും ടൂർ ഡയറിയും ഹാജരാക്കുന്നതിനുമായി 23.10.2021തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.-51 നൽകിയിരുന്നു.ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ സാഹചര്യത്തിൽ 6830/-രൂപ ഓഡിറ്റ് തടസത്തിൽ വയ്ക്കുന്നു.വ്യക്തമായ മറുപടി ലഭ്യമാകാത്ത പക്ഷം ടി തടസം നിരാകരണമായി മാറുന്നതാണ്.

## 1-26 അംഗനവാടി പൂരക പോഷകാഹാര പദ്ധതി-പർച്ചേസുകളിൽ സർക്കാർ ഉത്തരവുകൾ പാലിക്കേണ്ടതാണ്

അംഗനവാടി പൂരക പോഷകാഹാര പദ്ധതി എന്ന പ്രോജക്റ്റിൽ പെരുമ്പഴുതൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ കീഴിലുള്ള നീതി സ്റ്റോറിൽ നിന്നും ഭക്ഷ്യവസ്തുക്കൾ വാങ്ങിയതിന് തുക അനുവദിച്ചിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ/തീയതി | തുക | തുക അനുവദിച്ച ബിൽ/തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 17/27.2.2019 | 11,28,445 | 95/6.8.19, 23,49,934/- | |
| 2 | 20/3.6.19 | 6,415 | | |
| 3 | 19/3/6/19 | 12,09,074 | | |
| 4 | 16/22.2.19 | 11,98,254 | 2,84,696 | 9,13,558/- രൂപ മുൻ വർഷത്തിൽ നൽകി |
| ആകെ | | | 26,33,630/- | |

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 04.05.2011 ലെ നം.54814/DC2/2010/lsgd സർക്കുലർ പ്രകാരം അംഗനവാടികൾക്ക് ആവശ്യമായ ഭക്ഷ്യവസ്തുക്കൾ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിതരണ കേന്ദ്രങ്ങളായ മാവേലി സ്റ്റോർ,ലാഭം മാർക്കറ്റ് എന്നിവിടങ്ങളിലെ വിലയിൽ അധികരിക്കാതെ ലഭിക്കുകയാണെങ്കിൽ മാത്രമെ നീതി/സഹകരണസ്റ്റോറുകളിൽ നിന്നോ, തീരമൈത്രി സൂപ്പർമാർക്കറ്റിൽ നിന്നോ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വാങ്ങാൻ പാടുള്ളൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് നീതി സ്റ്റോറിൽ നിന്നും വാങ്ങാൻ ഉണ്ടായ കാരണം വ്യക്തമാക്കുന്നതിനും, സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിലയിൽ അധികരിക്കാതെയാണോ വാങ്ങൽ നടത്തിയിട്ടുള്ളതെന്നും ആരാഞ്ഞ് ഓഡിറ്റ് എൻക്വയറി (നം.-10/13.10.21) നൽകിയതിന് മറുപടിയായി 2019 ന് മുമ്പ് മുതൽ തന്നെ അംഗനവാടികൾക്ക് ആവശ്യമായ ഭക്ഷ്യവസ്തുക്കൾ പെരുമ്പഴുതൂർ സഹകരണ സംഘത്തിൽ നിന്നുമാണ് വാങ്ങുന്നതെന്നും, 20.6.19 ലെ B1/493/2019 ലെ സർക്കുലർ പ്രകാരം സപ്ലൈകോയിൽ നിന്നും മാത്രമേ വാങ്ങാൻ പാടുള്ളൂ എന്ന് കർശനമായി നിർദേശിച്ചതിനാൽ കൗൺസിൽ തീരുമാന പ്രകാരം 2019 സെപ്റ്റംബർ മാസം മുതൽ സപ്ലൈകോയിൽ നിന്നും വാങ്ങാൻ തുടങ്ങിയെന്നും അറിയിച്ചിട്ടുണ്ട്.04.05.2011 ലെ നം.54814/DC2/2010/lsgd സർക്കുലർ പ്രകാരം തന്നെ പ്രസ്തുത നിർദേശം നിലനിൽക്കവെയാണ് ഇത്തരത്തിൽ വാങ്ങൽ നടത്തിയിട്ടുള്ളത്. ഭാവിയിൽ സർക്കാർ

നിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 1-27 സാമൂഹ്യ സുരക്ഷാ പെൻഷൻ-അനർഹർക്ക് ലഭിക്കുന്നത് ഒഴിവാക്കേണ്ടതാണ്

സമൂഹത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അശരണരും നിരാലംബരുമായവർക്ക് ഒരു കൈത്താങ്ങ് എന്ന നിലക്കാണ് സർക്കാർ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിക്കുന്നത്.

വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ ഫയലുകൾ പരിശോധിച്ചതിൽ, അനർഹരായവർ പെൻഷൻആനുകൂല്യം കൈപ്പറ്റുന്നത് സംബന്ധിച്ച് പരാതികൾ/അപാകതകൾ കാണുന്നു.

A). ഫയൽ പരിശോധിച്ചതിൽ നിന്നും ശ്രീ.ഷീബ L,സായി സദനം,കൃഷ്ണപുരം,പാലക്കടവ് (ആധാർ നം 990623258349) എന്നയാൾ വാർദ്ധക്യകാല പെൻഷന് അപേക്ഷിക്കുകയും ആയത് 8/2019 മുതൽ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.ടിയാളുടെ അപേക്ഷയിൽ സമർപ്പിച്ചിട്ടുള്ള റേഷൻകാർഡിൽ ഭർത്താവിന്റെ ജോലി 'പൊതുമേഖല' എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.കൂടാതെ വരുമാന സർട്ടിഫിക്കറ്റ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. GO.52/14/SWD Dated 20.06.2014 പ്രകാരം വാർദ്ധക്യകാല പെൻഷന് കുടുംബ വാർഷിക വരുമാന പരിധി 1 ലക്ഷം രൂപയാണ്. 12.02.2015 ലെ GO.08/2015/SJD പ്രകാരം വാർദ്ധക്യകാല പെൻഷന് വരുമാന സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ട്.

ബി). ഫയൽ പരിശോധിച്ചതിൽ നിന്നും, “സുലോചന,രാജ് ഭവൻ,നെയ്യാറ്റിൻകര എന്ന സമ്പന്ന കുടുംബ പശ്ചാത്തലം ഉള്ളയാളും സർവ്വീസ് പെൻഷനറുടെ ഭാര്യയുമായ ആൾക്ക് (101750204822) അനധികൃതമായി വാർദ്ധക്യകാല പെൻഷൻ അനുവദിക്കുന്നതായും,
അവരുടെ കുടുംബ വാർഷിക വരുമാന പരിധി 1 ലക്ഷം രൂപയിൽ കൂടുതലാണെന്നും” പരാതി ലഭിച്ചിട്ടുണ്ട്.

രണ്ട് അപാകതകളെ സംബന്ധിച്ചും പരിശോധന നടത്തുന്നതിനായി, ക്രമ നം (എ) യുടെ കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ് പരിശോധനക്കായി ഹാജരാക്കുന്നതിനും, ക്രമ നം (ബി) ക്ക് പെൻഷൻ ആനുകൂല്യം അനുവദിച്ച ഫയൽ, കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കുന്നതിനു ഓഡിറ്റ് എൻക്വയറി (നമ്പർ-50/23.10.21) നൽകിയതിന് മറുപടിയായി പ്രസ്തുത അപാകതകളെ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും, അനർഹമായി പെൻഷൻ കൈപ്പറ്റിയിട്ടുള്ള പക്ഷം പെൻഷൻ റദ്ദാക്കി അനർഹമായി നൽകിയ തുക തിരികെ ഈടാക്കുന്നതിനു നടപടി സ്വീകരിക്കും എന്നുമാണ് അറിയിച്ചിട്ടുള്ളത്.

രണ്ട് അപാകതകളിൻമേലും പരിശോധന നടത്തി ആയതിന്റെ പരിശോധനാ റിപ്പോർട്ടും,കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റും ഓഡിറ്റിന് ഹാജരാക്കേണ്ടതും, അനർഹമായി പെൻഷൻ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-28 സാമൂഹ്യ സുരക്ഷാ പെൻഷൻ-മരണപ്പെട്ടവരെയും/അനർഹരെയും സമയബന്ധിതമായി പട്ടികയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവർ മരണപ്പെടുകയാണെങ്കിൽ പെൻഷൻ വിതരണം നിർത്തുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ 22.9.2017 തീയതിയിലെ SFCB1/71/2017/fin നം സർക്കുലറിൽ നിർദേശിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം മരണപ്പെടുന്നയാളുടെ പെൻഷൻ ഉടനടി തന്നെ നിർത്തി വക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് അന്വേഷണം നമ്പർ 27 പ്രകാരം 18/10/2021-ൽ താഴെപ്പറയുന്ന വിവരങ്ങൾ ആരാഞ്ഞിരുന്നു.

1.2019-20 സാമ്പത്തിക വർഷത്തിൽ മരണപ്പെട്ടതിനു ശേഷം ആർക്കെങ്കിലും സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം നടത്തിയിട്ടുണ്ടെങ്കിൽ ആയ വിവരങ്ങൾ .

2. മരണം രജിസ്റ്റർ ചെയ്യുന്ന ഉടൻ തന്നെ ടി സെക്ഷനിൽ നിന്നും, സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നുണ്ടെങ്കിൽ ആയത് നിർത്തിവക്കുന്നതിനായി വിവരങ്ങൾ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം നടത്തുന്ന സെക്ഷനിലേക്ക് കൈമാറി നൽകുന്നതിന്റെ വിവരങ്ങൾ.

3. 2019-20 സാമ്പത്തിക വർഷത്തിൽ മരണപ്പെട്ടതിനെ തുടർന്ന് അല്ലാതെ അനർഹരെന്ന് കണ്ടെത്തി സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം നിർത്തിയ ആൾക്കാരുടെ ലിസ്റ്റ് (ഏത് പെൻഷനാണ് കൈപ്പറ്റിയത് എന്നുൾപ്പെടെ)

അതിൽ പെൻഷൻവാങ്ങുന്ന ആൾ മരണപ്പെട്ടാൽ അതു സംബന്ധിച്ച വിവരം ലഭിക്കുന്ന ഉടനെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നു എന്നാണ് മറുപടിയായി അറിയിച്ചിട്ടുള്ളത്. എന്നാൽ അത് എപ്രകാരമാണ് ചെയ്യുന്നതെന്ന് വിശദീകരിച്ചിട്ടില്ല.

ഒരാൾ പെൻഷൻ വാങ്ങുന്നുണ്ടെങ്കിൽ അയാളുടെ ആധാർ/പെൻഷൻ ഐഡി/ബാങ്ക് പാസ് ബുക്ക് നമ്പർ ഇതു ഉപയോഗിച്ചു മാത്രമെ പെൻഷൻ സംബന്ധമായ വിവരങ്ങൾ ശേഖരിക്കുന്നതിന് സാധിക്കുകയുള്ളൂ.മരണപ്പെടുന്നയാളുടെ മരണ റിപ്പോർട്ടിലോ മറ്റ് രേഖകളിലോ പ്രസ്തുത വിവരങ്ങൾ ലഭ്യമല്ല.അതിനാൽ മരണപ്പെടുന്ന ആൾക്ക് പെൻഷൻ ലഭിക്കുന്നുണ്ടോ എന്നറിയുന്നതിന് പെൻഷൻ വിതരണ പട്ടികയുമായി മാനുവൽ ആയി പേര്/അഡ്രസ് എന്നിവ വച്ച് ഒത്ത് നോക്കിയാൽ മാത്രമെ സാധിക്കുകയുള്ളൂ.നഗരസഭയിൽ 11,580 പേർക്ക് വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ചിട്ടുണ്ട്.ആയതിനാൽ ഇത്രയും പേരടങ്ങുന്ന പട്ടികയിൽ നിന്നും മരണപ്പെടുന്നവരെ മാനുവലായി കണ്ടെത്തി ഒഴിവാക്കുന്നത് പ്രായോഗികമല്ലാത്തതാകുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ മരണപ്പെട്ടതിനു ശേഷം ആർക്കെങ്കിലും സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം നടത്തിയിട്ടുള്ളതിന്റെയും, മരണപ്പെട്ടതിനെ തുടർന്ന് അല്ലാതെ അനർഹരെന്ന് കണ്ടെത്തി സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം നിർത്തിയതിന്റെയും വിവരങ്ങൾ തേടിയിരുന്നതിൽ, ബന്ധപ്പെട്ട ഫയൽ ഓഡിറ്റിന് കൈമാറിയിട്ടുണ്ട് എന്നാണ് മറുപടി നൽകിയിരിക്കുന്നത്.എന്നാൽ പരിശോധനക്കായി ഹാജരാക്കിയത് 10117/21 എന്ന ഫയലാണ്(മരണപ്പെട്ട ആൾക്ക് നൽകിയ പെൻഷൻ തിരികെ ഈടാക്കുന്നത് സംബന്ധിച്ചത്).ഇതിൽ 24.6.2021 മുതലുള്ള വിവരങ്ങൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്.ആയതിനാൽ 2019-20 വർഷത്തിൽ, പെൻഷൻ വാങ്ങിക്കൊണ്ടിരിക്കെ മരണപ്പെട്ടതിനെ തുടർന്ന് പെൻഷൻ നിർത്തലാക്കിയവരുടെ വിവരങ്ങൾ,മരണപ്പെട്ടതിനു ശേഷവും ആർക്കെങ്കിലും പെൻഷൻ വിതരണം നടത്തിയിട്ടുണ്ടോ എന്നതു സംബന്ധിച്ച വിവരങ്ങൾ എന്നിവ ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

മരണപ്പെട്ടവരെയും,അനർഹരെയും സമയബന്ധിതമായി പെൻഷൻ പട്ടികയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികളും, അനർഹർക്ക് പെൻഷൻ നൽകിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-29 സർവ്വീസ് പെൻഷൻ /ഫാമിലി പെൻഷൻകാർ അനർഹമായി കൈപ്പറ്റിയ ക്ഷേമ പെൻഷൻ തുക തിരികെ അടവാക്കേണ്ടതാണ്

ചുവടെ പറയുന്ന സർവ്വീസ് പെൻഷൻ /ഫാമിലി പെൻഷൻകാർ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നതായി ബോധ്യപ്പെട്ടതിനാൽ ആയത്

തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ധനകാര്യ വകുപ്പ് നിർദേശിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പേര് | പെൻഷൻ ഐ.ഡി | പെൻഷൻ വിതരണം തുടങ്ങിയ മാസം |
|---|---|---|---|
| 1 | സരസ്വതിഅമ്മ | 101750100197 | 2/2003 |
| 2 | ചെല്ലപ്പൻപിള്ള | 101750100385 | 1/2003 |
| 3 | വിജയമ്മ | 101750100561 | 1/2003 |
| 4 | ചെല്ലമ്മ | 101750101740 | 12/2003 |
| 5 | സുമതി | 101750102013 | 4/2007 |
| 6 | സുകുമാരി | 101750102335 | 9/2010 |
| 7 | സരോജിനി | 101750102574 | 11/2011 |
| 8 | സുശീല | 101750102582 | 6/2014 |
| 9 | റോസമ്മ | 101750102604 | 5/2015 |
| 10 | പരമേശ്വരൻ പിള്ള | 101750200818 | 10/2008 |
| 11 | ബേബി | 101750202042 | 7/2013 |
| 12 | ലോയിസ് | 101750202095 | 7/2013 |
| 13 | കർമ്മല | 101750202701 | 6/2014 |
| 14 | രാംലതി | 101750203042 | 12/2013 |
| 15 | നടരാജനാശാരി | 101750203121 | 1/2012 |
| 16 | വിമലാദേവി | 101750203402 | 10/2014 |
| 17 | സൈലസ് | 101750203988 | 5/2015 |
| 18 | യേശുദാസ് | 101750204230 | 9/2015 |
| 19 | ശാന്തകുമാരി | 101750204402 | 9/2015 |
| 20 | വിലാസിനി | 101750204454 | 2/2016 |
| 21 | രുദ്രായണി | 101750204484 | 3/2016 |

| | | | |
|---|---|---|---|
| 22 | ബേബി | 101750204571 | 3/2016 |
| 23 | കരുണാകരൻ നായർ | 101750204618 | 12/2015 |
| 24 | മോഹനൻ | 101750204670 | 2/2016 |
| 25 | ജോയിസ് | 101750204782 | 5/2016 |
| 26 | സുമംഗലാഭായി | 101750204892 | 2/2016 |
| 27 | ശ്രീധരൻ | 101750204930 | 2/2016 |
| 28 | ഉഷാകുമാരി | 101750204967 | 6/2016 |
| 29 | ദാസ് | 101750205183 | 9/2016 |
| 30 | പ്രിയംവദ | 101750205310 | 10/2016 |
| 31 | ലീല | 101750205322 | 12/2015 |
| 32 | സരോജം | 101750205323 | 12/2015 |
| 33 | തങ്കപ്പൻ | 101750400002 | 4/2003 |
| 34 | മേരി | 101750400060 | 4/2003 |
| 35 | സുലജ | 101750400122 | 4/2003 |
| 36 | വിജയൻ | 101750400224 | 1/2003 |
| 37 | രവീന്ദ്രൻ | 101750400285 | 4/2007 |
| 38 | വൽസലകുമാരി | 101750600121 | 3/2003 |
| 39 | സുശീല | 101750600254 | 11/2003 |
| 40 | ഗോമതി | 101750601081 | 3/1996 |
| 41 | ഇന്ദിരാകുമാരി | 101750602565 | 12/2013 |
| 42 | ജയകുമാരി | 101750602709 | 2/2015 |
| 43 | ക്രസ്തുദാനം | 101750205444 | 11/2018 |
| 44 | ത്രേസ്യാമ്മ | 101750205535 | 2/2019 |
| 45 | കമലാഭായി | 101750205583 | 2/2019 |
| 46 | സരസ്വതിഅമ്മ | 101750205614 | 2/2019 |
| 47 | രാജലക്ഷ്മി | 101750603031 | 3/2019 |
| 48 | ലില്ലി | 101750206094 | 8/2019 |

തുക തിരികെ അടവാക്കാത്ത പക്ഷം പെൻഷൻ/കുടിശ്ശിക എന്നിവയിൽ നിന്നും ഈടാക്കുന്നതിന് ധനകാര്യ വകുപ്പിന്റെ 23.1.2020 തീയതിയിലെ 7/2020/fin Para 5, 8.2.2021 തീയതിയിലെ 14/2021/fin സർക്കുലറുകൾ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ഓരോരുത്തർക്കും അനർഹമായി നൽകിയ തുക കണക്കാക്കി ആയത് തിരികെ ഈടാക്കുന്നതിന് സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുന്നതിനും തുക അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെയും വിശദവിവരങ്ങൾ ലഭ്യമാക്കുന്നതിനായി 23.10.2021തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.50/23.10.2021) മറുപടിയായി അതിൽ കുറച്ച് പേർ തുക ഒടുക്കു വരുത്തിയിട്ടുണ്ടെന്നും ബാക്കിയുള്ളവരുടെ പേര് വിവരങ്ങൾ തുടർനടപടി സ്വീകരിക്കുന്നതിനായി റീജിയണൽ ജോയിന്റെ ഡയറക്ടർക്ക് അയച്ച് കൊടുത്തിരിക്കുകയുമാണ് എന്നാണ് അറിയിച്ചിരിക്കുന്നത്. അനർഹമായി കൈപ്പറ്റിയ തുക കണക്കാക്കി ആയത് അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-30 ഫയലുകൾ ഹാജരാക്കിയില്ല - 23,09,787/- രൂപ തടസ്സപ്പെടുത്തുന്നു.

Member Of Parliament / Member Of Legislative Assembly Fund (311710100 ) എന്ന ലെഡ്ജർ പ്രകാരം എം.പി/എം എൽ എ ഫണ്ടിനത്തിൽ തൻവർഷം 31,99,787/- രൂപ വരവുണ്ട്. നീക്കിയിരിപ്പായി 8,90,000/- രൂപ അവശേഷിക്കുന്നു.

(എ) ലെഡ്ജറിലെ ചെലവുകളുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

| ഫയൽ നം | ചെലവ് തുക (ലെഡ്ജർ പ്രകാരം ) | വൌച്ചർ നം /തീയതി |
|---|---|---|
| E2/21638/17 | 2309787/- | 419000307/31.03.2020 |
| E2/21639/17 | | |
| E2/5625/17 | | |
| E2/5705/17 | | |
| ആകെ | 2309787/- | |

ചെലവിനാധാരമായ രേഖകൾ ഹാജരാക്കാത്തതിനാൽ ലെഡ്ജർ പ്രകാരമുള്ള ചെലവു തുക 23,09,787/-രൂപ തടസ്സപ്പെടുത്തുന്നു.

(ബി) ലെഡ്ജറിൽ പരാമർശിച്ചിട്ടുള്ള ഫയൽ നം 9143/17 പ്രകാരം ഐ ടി, KCWWF, ജി എസ് ടി ( ടി ഡി എസ്) ഇനങ്ങളിലെ 17015/- (4253+4253+8507) രൂപ കുറച്ചാണ് കരാറുകാരന് നൽകിയിരിക്കുന്നത്. എന്നാൽ നികുതിയിനത്തിൽ ഈടാക്കിയ തുകകൾ അതാത് സ്ഥാപനങ്ങളിൽ അടവാക്കിയതിന്റെ രേഖകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-31 മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല.

മുൻകൂർ രജിസ്റ്റർ പ്രകാരം ജീവനക്കാർക്ക് വിവിധ ആവശ്യങ്ങൾക്കായി നൽകിയ മുൻകൂറുകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മുൻകൂർ കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | തുക | വൌച്ചർ നം / തീയതി |
|---|---|---|
| വിനോദ്കുമാർ, ജെ എച്ച് ഐ | 7000 | 125/19.01.2015 |
| അജി, ജെ എച്ച് ഐ | 6000 | 48/13.04.2015 |
| ഷീജ, (പി ഡബ്ല്യു ഡി II) | 4000 | 152/24.01.2015 |
| ഷീലമേരി, (പി ഡബ്ല്യു ഡി I) | 15000 | 33/3.08.2015 |

| | | |
|---|---|---|
| ഷീലമേരി, (പി ഡബ്ല്യ ഡി I) | 25000 | 34/03.08.2015 |
| വിനോദ്, ജെ എച്ച് ഐ | 20000 | 103/18.08.2015 |
| വിനോദ്കമാർ, ജെ എച്ച് ഐ | 15000 | 193/31.08.15 |
| ഷീലമേരി, (പി ഡബ്ല്യ ഡി I) | 50000 | 126/29.09.2015 |
| വിജയകുമാരി (പി ഡബ്ല്യ ഡി II) | 3000 | 82/20.10.2015 |
| വിജയകുമാരി (പി ഡബ്ല്യ ഡി II) | 34958 | 82/27.11.15 |
| ഷീലമേരി, (പി ഡബ്ല്യ ഡി ) | 20000 | 83/27.11.2015 |
| വിജയകുമാരി (പി ഡബ്ല്യ ഡി II) | 7000 | 92/17.05.2016 |
| ഷീലമേരി, (പി ഡബ്ല്യ ഡി ) | 10000 | 16/03.06.2016 |
| വിജയകുമാരി (പി ഡബ്ല്യ ഡി II) | 10000 | 134/21.06.2016 |
| വിനോദ്കമാർ, ജെ എച്ച് ഐ | 5000 | 42/05.09.2016 |
| വിനോദ്കമാർ, ജെ എച്ച് ഐ | 1500 | 43/05.09.2016 |
| വിനോദ്കമാർ, ജെ എച്ച് ഐ | 13000 | 147/23.11.16 |
| റ്റി രമേശ്, ക്ലർക്ക് | 3500 | 96/26.12.2016 |
| വിനോദ്കമാർ, ജെ എച്ച് ഐ | 5000 | 135/24.02.2017 |
| രാജേന്ദ്രൻ പിള്ള, ജെ എച്ച് ഐ | 1500 | 50/04.03.2017 |
| ഡബ്ല്യ. ആർ. ഹീബ, ചെയർപേഴ്സൺ | 30000 | 67/10.05.2017 |
| വിനോദ്കമാർ, ജെ എച്ച് ഐ | 10000 | 150/27.05.2017 |
| വിനോദ്കമാർ, ജെ എച്ച് ഐ | 25000 | 41/06.06.2017 |
| വിനോദ്കമാർ, ജെ എച്ച് ഐ | 16000 | 72/14.06.2017 |
| രാജേന്ദ്രൻ പിള്ള, ജെ എച്ച് ഐ | 3000 | 88/20.06.2017 |
| വിനോദ്കമാർ, ജെ എച്ച് ഐ | 2500 | 92/20.06.2017 |
| വിനോദ്കമാർ, ജെ എച്ച് ഐ | 20000 | 47/03.07.2017 |
| വിനോദ്കമാർ, ജെ എച്ച് ഐ | 3000 | 80/10.07.2017 |
| ഡോ. വി എ അനിൽ കമാർ, സീനിയർ വെറ്റിനറി സർജൻ | 25000 | 152/28.07.2017 |
| ഡോ. വി എ അനിൽ കമാർ, സീനിയർ വെറ്റിനറി സർജൻ | 10000 | 89/10.08.2017 |
| വിനോദ്കമാർ, ജെ എച്ച് ഐ | 7000 | 92/18.08.2017 |
| ഡോ. വി എ അനിൽ കമാർ, സീനിയർ വെറ്റിനറി സർജൻ | 50000 | 126/24.11.2017 |
| വിനോദ്കമാർ, ജെ എച്ച് ഐ | 5000 | 156/25.02.2018 |
| ഷിംന, പി ഡബ്ല്യ ഡി | 10000 | 41/08.08.2018 |
| ശശികമാർ, (HS) | 30000 | 125/26.20.2018 |
| വിജയലക്ഷ്മി അമ്മ, പി ഡബ്ല്യ ഡി | 11000 | 117/23.02.2019 |
| വിജയലക്ഷ്മി അമ്മ, പി ഡബ്ല്യ ഡി | 50000 | 124/22.03.2019 |
| വിജയലക്ഷ്മി (PWD) | 10000 | 73/10.03.20 |
| ആകെ | 573958 | |

ജി.ഒ.(പി)419/2011 ധന തീയതി.04.10.2011 -ൽ മുൻകൂറുകൾ കൈപ്പറ്റി 3 മാസത്തിനകം ഫൈനൽ ബിൽ സമർപ്പിച്ച് ക്രമീകരിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം മുഴവൻ അഡ്വാൻസ് തുകയും തിരിച്ചപിടിക്കേണ്ടതും തുക പിൻവലിച്ച തീയതി മുതൽ തിരിച്ചുപിടിക്കുന്ന ദിവസം വരെ 18 ശതമാനം നിരക്കിൽ പിഴ ഈടാക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. തുക ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 33/18.10.21) മറുപടി ലഭ്യമാക്കിയിട്ടില്ല. മുൻകൂറുകൾ കൈപ്പറ്റിയ ജീവനക്കാരിൽ നിന്ന് അന്തിമ ബിൽ ലഭ്യമാക്കി, മുൻകൂറുകൾ ക്രമീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിയമാനുസൃത പലിശ സഹിതം തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-32 അന്തിമ ചെലവു രേഖകൾ ലഭ്യമായില്ല

ചുവടെ ചേർക്കുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഇതുവരെയും ലഭ്യമായിട്ടില്ല.

എ) പ്രോ. നം. 2/20 എസ്.എസ്.എ. നഗരസഭാ വിഹിതം

അടങ്കൽ തുക - 25,00,000/- വികസന ഫണ്ട്

ചെലവു തുക - 25,00,000/-

ബിൽ നം. 5/24.08.2019 - 25,00,000/-

മേൽ പദ്ധതി പ്രകാരം ആകെ 2500000/- രൂപ എസ്.എസ്. കെ. ജില്ലാ പ്രോജക്ട് ഓഫീസറുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. ഇതു സംബന്ധിച്ച വിനിയോഗരേഖകൾ ലഭ്യമാക്കുവാനറിയിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 14/13.10.2021) വിനിയോഗ രേഖകൾ എസ്.എസ്.കെ. യ്ക്ക് കത്ത് നൽകി ലഭ്യമാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി.

ബി) പ്രോ. നം. 37/20 ഐ.കെ.എം. ന് അടയ്ക്കേണ്ട വിഹിതം

അടങ്കൽ തുക - 6,00,000/- വികസന ഫണ്ട്

ചെലവു തുക - 6,00,000/-

ബിൽ നം. - 4/25.07.2019

മേൽ പദ്ധതി പ്രകാരം ആകെ 6,00,000/- രൂപ ഇൻഫർമേഷൻ കേരള മിഷന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. ഇതു സംബന്ധിച്ച കൈപ്പറ്റ്, വിനിയോഗരേഖകൾ ലഭ്യമാക്കുവാനറിയിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 14/13.10.2021) ഐ.കെ.എം. ന്റെ ഓഡിറ്റ് പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ രേഖകൾ ലഭ്യമാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി.

ചെലവു തുകയുടെ വിനിയോഗ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-33 കമ്പ്യൂട്ടർ ഉപകരണങ്ങൾ വാങ്ങിയതിലെ അപാകതകൾ - 3,74,700/- രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി
പ്രോ. നം. 347/20 നഗരസഭയ്ക്ക് കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ വാങ്ങൽ

അടങ്കൽ തുക - 400000/- വികസനഫണ്ട്

ചെലവു തുക - 3,74,700/-

ബിൽ നം. - 10/31.08.2019

പദ്ധതി പ്രകാരം 6 ഡെസ്ക്ടോപ്പുകൾ, 6പ്രിന്ററുകൾ, 3സ്കാനറുകൾ എന്നിവ വൈഗ ഇൻഫോ സൊല്യൂഷൻസ് എന്ന സ്ഥാപനത്തിൽ നിന്നും ക്വട്ടേഷനിലൂടെ വാങ്ങിയിട്ടുണ്ട്. സർക്കാർ വകുപ്പുകളിലും, സ്ഥാപനങ്ങളിലും, കമ്പ്യൂട്ടർ, ലാപ് ടോപ്പുകൾ തുടങ്ങിയ ഐ.റ്റി. ഉപകരണങ്ങൾ വാങ്ങുന്നതിനായി 18.03.2019 ലെ നം.ഐറ്റി സെൽ -1/26/2019/വി.സ.വ പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് കമ്പ്യൂട്ടർ ഉപകരണങ്ങൾ Www.cprcs.kerala.gov.in എന്ന സർക്കാർ പോർട്ടലിൽ നിന്നുമാണ് വാങ്ങേണ്ടിയിരുന്നത്. എന്നാൽ നഗരസഭ ക്വട്ടേഷനിലൂടെ തെരഞ്ഞെടുത്ത സ്ഥാപനത്തിൽ നിന്നുമാണ് കമ്പ്യൂട്ടർ ഉപകരണങ്ങൾ വാങ്ങിയത്.

പദ്ധതി പ്രകാരമുള്ള വാങ്ങലിനായി നഗരസഭ പുറപ്പെടുവിച്ചിട്ടുള്ള ടെണ്ടർ നോട്ടീസ്, ടെണ്ടർ പരസ്യം, പത്രപരസ്യം, ടെണ്ടർ പരസ്യം വെബ്സൈറ്റിൽ അപ് ലോഡ് ചെയ്തതു സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ ലഭ്യമായില്ല. വാങ്ങലിനായി സ്ഥാപനങ്ങളിൽ നിന്നും ഇ.എം.ഡി., സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവയും സ്വീകരിച്ചിട്ടില്ല. വാങ്ങൽ നടപടികൾ സ്വീകരിക്കുന്നതിനു മുൻപ് വൈഗ ഇൻഫോ സൊല്യൂഷൻസുമായി നിയമാനുസൃത കരാറിലേർപ്പെട്ടിട്ടില്ല. കൂടാതെ, വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിലെടുത്തതു സംബന്ധിച്ച വിശദാംശങ്ങളും, അവ ഏതൊക്കെ സെക്ഷനുകളിൽ അനുവദിച്ചു നൽകിയെന്നതു സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമല്ല.

Notification No. 50/2018 – Central Tax തീയതി 13.10.2018 പ്രകാരം 2.5ലക്ഷത്തിലധികമുള്ള വാങ്ങലുകൾക്ക് സാധനങ്ങളുടെ മൂല്യത്തിന്റെ 2% ടി.ഡി.എസ്. (1%CGST+1%SGST) ആയി ഈടാക്കേണ്ടതുണ്ട്. പദ്ധതി പ്രകാരം ആകെ 3,17,542/- രൂപ മൂല്യമുള്ള ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. 2% ടി.ഡി.എസ്. ഇനത്തിൽ മേൽ പദ്ധതി പ്രകാരം ആകെ 6351/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്കേണ്ടിയിരുന്നു. എന്നാൽ നഗരസഭ ജി.എസ്.ടി. ടി.ഡി.എസ്. ഈടാക്കിയിട്ടില്ല.

അപാകത സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 18/16.10.2021) ഉപകരണങ്ങൾ വാങ്ങിയപ്പോൾ കമ്പനിയിൽ നിന്നും ജി.എസ്.ടി. ഈടാക്കിയിരുന്നതിനാലാണ് നഗരസഭ ജി.എസ്.ടി. ഈടാക്കാത്തതെന്നു മറുപടി ലഭ്യമാക്കി. പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. നികുതി സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് തദ്ദേശസ്ഥാപനങ്ങളും ബാധ്യസ്ഥമാണ്. പദ്ധതി നടത്തിപ്പിലെ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, ജി.എസ്.ടി. ടിഡിഎസ് ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക കരാറുകാരനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ ഒടുക്കി രേഖകൾ ലഭ്യമാക്കേണ്ടതുമാണ്. അപാകതകൾ നിലനിൽക്കുന്നതിനാൽ, 3,74,700/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-34 ചെലവ് രേഖകൾ ലഭ്യമായില്ല- 24,78,727/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ചുവടെ ചേർക്കുന്ന ചെലവുകളുമായി ബന്ധപ്പെട്ട ഫയലുകൾ, വൗച്ചറുകൾ, മുൻകൂറുകൾ ക്രമീകരിച്ചത് സംബന്ധിച്ച രേഖകൾ തുടങ്ങിയവ പരിശോധനക്ക് ലഭ്യമായില്ല.

| ചെക്ക് നം/ തീയതി | വൗച്ചർ നം | ഫയൽ നം | ചെലവ് തുക | വിശദാംശം |
|---|---|---|---|---|
| 176454 /05.12.2019 | 21901127 | E2/22415/19 | 50000 | പനങ്ങാട്ടുകരി വാർഡ് റോഡ് മെയിന്റൻസിനു ശ്രീമതി,വിജയലക്ഷ്മി, ഓവർസിയർക്ക് നൽകിയ മുൻകൂർ |
| 176502 /31.12.2019 | 21901241 | E2/1337/18 | 322641 | റിടെൻഷൻ തുക തിരികെ നൽകിയത് |
| 2304271 /31.03.2020 | 21902048 | P/21237/17 | 1816400 | മൾട്ടി സർവീസ് ഡേ കെയർ സെന്ററിന്റെ 19-20 വർഷത്തെ നടത്തിപ്പിനായി സാമൂഹ്യ നീതി വകുപ്പിൽ നിന്നും ലഭിച്ച തുക ഹെൽപ് ഏജ് ഇന്ത്യക്ക് അനുവദിച്ചത് |

| | | | | |
|---|---|---|---|---|
| 832810 /12.11.2019 | 21901030 | E2/5560/17 | 183546 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് Retention തുക തിരികെ അനുവദിച്ചത് |
| 176519 /06.01.2020 | 21901285 | E2/23736/19 | 40000 | ഗെയിംസ് ഫെസ്റ്റിവലിന് മുന്നോടിയായി കായിക മത്സരങ്ങൾ നടത്തുന്നതിനുള്ള ചെലവുകൾക്കായി ശ്രീമതി,വസന്തയ്ക്ക് അനുവദിച്ചത് |
| 615749/25.01.2020 | 21901400 | PO/23709/19 | 66140 | PMAY-LIFE പദ്ധതികളുടെ കുടുംബസംഗമം, അദാലത്ത് എന്നിവയ്ക്കായി ജെ.എച്ച്.ഐ. ഐ.കുമാറിന് അനുവദിച്ചത് |
| ആകെ | | | 2478727 | |

ചെലവു രേഖകൾ ലഭ്യമാക്കുവാനറിയിച്ച നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം. 23/18.10.2021, 41/22.10.2021) മറുപടി ലഭ്യമായില്ല. മറുപടി/രേഖകളുടെ അഭാവത്തിൽ 24,78,727/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-35 ലൈബ്രറി സെസ് യഥാസമയം അടവാക്കുന്നില്ല.

നഗരസഭയുടെ വാർഷിക കണക്കുകൾ പ്രകാരം 31/03/2020 ലെ Library Cess Payable ഇനത്തിലെ നീക്കിയിരുപ്പ് 47,96,348.15 രൂപയാണ്. പ്രസ്തുത തുക ഒടുക്കിയതിനുള്ള രേഖകൾ ലഭ്യമാക്കിയില്ല.

സർക്കുലർ നം.10088/എൽ3/05/ത.സ്വ.ഭ.വ തീയതി 20.09.2005 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക രണ്ട് ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടയ്ക്കണം. ആദ്യഗഡു ഏപ്രിൽ 30നകവും രണ്ടാം ഗഡു നവംബർ 30നകവും അടയ്ക്കേണ്ടതാണ്. ഇതിൽ വീഴ്ചവരുത്തിയാൽ അത് നഗരസഭ സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതും ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽനിന്നും ഈടാക്കേണ്ടതുമാണ്.

തുക അടവാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.41/22.10.2021) മറുപടി ലഭ്യമാക്കിയില്ല. അടിയന്തിരമായി ലൈബ്രറി കൗൺസിലിലേയ്ക്ക് തുക ഒടുക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-36 ദിവസവേതന ജീവനക്കാരുടെ ഇ.പി.എഫ്. സംബന്ധിച്ച്

ഇ.പി.എഫ്. എൻഫോഴ്സ്മെന്റ് ഓഫീസറുടെ 29.05.2017 ലെ TVM/1526513/130/KT7/2017 നം. ഇൻസ്പക്ഷൻ റിപ്പോർട്ടിനെ തുടർന്ന്, 07.06.2017, 02.08.2017 തീയതികളിൽ ഇ.പി.എഫ്. അസി. പ്രൊവിഡന്റ് ഫണ്ട് കമ്മിഷണർ KR/TVM/1526513/ENF/11(3)/2017 നമ്പർ കത്തിലൂടെ നഗരസഭയിൽ ഡ്രൈവർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ, മൈക്ക് ഓപ്പറേറ്റർ, സെക്യൂരിറ്റി, കടത്ത് ജീവനക്കാർ എന്നീ തസ്തികകളിൽ സേവനം ചെയ്യുന്ന ദിവസവേതന ജീവനക്കാരുടെ 9/14 മുതൽ 4/17 വരെയുള്ള ഇപിഎഫ് കടിശ്ശികയിനത്തിൽ 16,84,361/- രൂപ അടവാക്കണമെന്ന് അറിയിക്കുകയുണ്ടായി. തുടർന്ന് സെക്യൂരിറ്റി, കടത്ത് ജീവനക്കാരെ ഒഴിവാക്കി 28.09.2017 തീയതിയിൽ നഗരസഭ 12,54,884/- രൂപ ഇ.പി.എഫിൽ ഒടുക്കു വരുത്തി.

07.05.2018 തീയതിയിൽ 5,54,100/- രൂപ കൂടി ഒടുക്കുവാൻ ഇ.പി.എഫ്. അസി. കമ്മിഷണർ കത്ത് നൽകിയെങ്കിലും നഗരസഭ പ്രസ്തുത തുക ഒടുക്കുവരുത്തിയില്ല. 08.08.2018 തീയതിയിൽ റിക്കവറി സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുന്നതിന് മുന്നോടിയായി ഇ.പി.എഫ്.ഒ. നൽകിയ ഷോകാസ് നോട്ടീസിനു നഗരസഭ മറുപടി നൽകിയില്ല. ആയതിനാൽ, 24.10.2018തീയതിയിൽ ഇ.പി.എഫ്.ഒ. തുക ഈടാക്കുന്നതിന് നഗരസഭയുടെ തനതു അക്കൗണ്ട് സൂക്ഷിച്ചിട്ടുള്ള കാനറാ ബാങ്കിന്റെ മാനേജർക്കു നിർദ്ദേശം നൽകുകയും, ബാങ്ക് മാനേജർ തദനുസൃതമായ തുക 6,12,347/- രൂപ (410594 ഡാമേജസ്+ 201753 പലിശ) ഡിഡി. നം. 474824/25.10.2018 മുഖേന റീജിയണൽ പി.എഫ്. കമ്മിഷണർക്ക് അയച്ചു കൊടുക്കുകയും ചെയ്തു.

08.01.2011 ലെ കേന്ദ്ര സർക്കാർ ഗസറ്റ് നോട്ടിഫിക്കേഷൻ പ്രകാരം മുനിസിപ്പൽ കോർപ്പറേഷനുകളും 1952 ലെ ഇ.പി.എഫ്. ആക്ടിന്റെ പരിധിയിൽ വരുന്നു. 20ലധികം കരാർ/ദിവസവേതന ജീവനക്കാർ ഉള്ള സ്ഥാപനങ്ങൾക്ക് ഇ.പി.എഫ്. രജിസ്ട്രേഷൻ നിയമം മൂലം നിർബന്ധമാക്കിയിട്ടുണ്ട്.

നഗരസഭയുടെ തനത് അക്കൗണ്ടിൽ നിന്നും ഭീമമായ തുക നഷ്ടമായിട്ടും, ഇതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഭരണസമിതിയുടെയോ,

സർക്കാരിന്റെയോ ശ്രദ്ധയിൽപ്പെടുത്തിയില്ല. തുക നഷ്ടമായ 2018-19 സാമ്പത്തിക വർഷത്തിൽ ഇതു സംബന്ധിച്ച ഫയൽ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയില്ല (2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-40). മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.44/20.10.2021) മറുപടി ലഭ്യമാക്കിയില്ല.

സർക്കാർ അംഗീകാരമില്ലാതെ വിവിധ തസ്തികകളിലായി 20ലധികം ജീവനക്കാരെ കരാർ/ദിവസവേതന വ്യവസ്ഥകളിൽ വർഷങ്ങളായി തുടരാൻ അനുവദിച്ചതിന് മതിയായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇ.പി.എഫ് ആക്ടിൻ പ്രകാരമുള്ള നടപടികൾക്ക് യഥാസമയം മറുപടി ലഭ്യമാക്കാത്തതിനാൽ റിക്കവറി സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും, അതിലൂടെ പലിശകൂടി നഗരസഭയുടെ അക്കൗണ്ടിൽ നിന്നും നഷ്ടമാവുകയും ചെയ്തു. ഭീമമായ തുക ഇ.പി.എഫ് എൻഫോഴ്സ്മെൻറ് ഓഫീസറുടെ പരിശോധനയെ തുടർന്ന് നഷ്ടമായിട്ടും നഗരസഭ പ്രസ്തുത വിഷയം നഗരകാര്യ ഡയറക്ടറെയോ, സർക്കാരിനെയോ അറിയിച്ചില്ല. ഇ.പി.എഫ് നടപടികളുടെ ഭാഗമായി നഗരസഭക്കുണ്ടായ ചെലവായ 18,67,231/-(1254884 + 612347) രൂപയ്ക്ക് സർക്കാർ സാധൂകരണം നേടേണ്ടതാണ്.

## 1-37 അംഗീകാരമില്ലാത്ത തസ്തികകളിൽ കാലങ്ങളായി താത്കാലിക നിയമനം- സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധം

സർക്കാരിന്റെ അനുമതി കൂടാതെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് ചട്ടവിരുദ്ധമാണെന്നും അത്തരം പ്രവൃത്തികൾ നിർത്തിവയ്ക്കേണ്ടതുമാണെന്നുമുള്ള നിയമസഭാ സമിതിയുടെ ശുപാർശ പ്രകാരം നഗരകാര്യ ഡയറക്ടർ നഗരസഭയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം പാലിക്കാതെ, നഗരസഭാ കൗൺസിൽ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 6 സെക്യൂരിറ്റി ജീവനക്കാരുടെയും, 2 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെയും, ഒരു മൈക്ക് ഓപ്പറേറ്റർ കം വാച്ച്മാന്റെയും സേവനം നിലവിലുള്ള രീതിയിൽ (ദിവസവേതനം) തുടരുന്നതിനുള്ള അനുമതിക്കായി ത.സ്വ.ഭ.വ സെക്രട്ടറിക്ക് നഗരകാര്യ ഡയറക്ടർ മുഖാന്തിരം 20.09.14 ൽ നഗരസഭ കത്ത് നൽകി. പ്രസ്തുത കത്തിന് മറുപടി ലഭിക്കാത്തതിനെ തുടർന്ന് 22.06.2016 ലും സമാനമായി കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കത്ത് നൽകിയിട്ടുണ്ടെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സർക്കാർ അംഗീകാരമില്ലാത്ത തസ്തികകളിൽ നഗരസഭ നടത്തിവരുന്ന ഏതാനും ദിവസവേതന നിയമനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

എ) മൈക്ക് ഓപ്പറേറ്റർ /വാച്ചർ

നഗരസഭയുടെ ഷോപ്പിംഗ് കോംപ്ലക്സിലെ (അക്ഷയ ഹാൾ) മൈക്ക് ഓപ്പറേറ്റർക്ക് തൊഴിൽ നഷ്ടമാകാതിരിക്കുന്നതിനായി 1/2013 മുതൽ സ്വദേശാഭിമാനി ടൗൺ ഹാളിൽ മൈക്ക് ഓപ്പറേറ്ററായി 377/- രൂപ ദിവസവേതനത്തിൽ നിയമനം നൽകി. ആരംഭത്തിൽ ഹാൾ ബുക്കിംഗ് ഉള്ള ദിവസങ്ങളിൽ മാത്രം വേതനം അനുവദിച്ചുവെങ്കിലും, 18.03.2015 ലെ 5(3) കൗൺസിൽ തീരുമാനത്തെ തുടർന്ന് താക്കോൽ ഡ്യൂട്ടി ചെയ്യുന്നതിനാൽ എല്ലാ ദിവസത്തെയും വേതനം അനുവദിച്ചു തുടങ്ങുകയും, താക്കോൽ ഡ്യൂട്ടി ചെയ്യുന്നതിനാൽ മൈക്ക് ഓപ്പറേറ്ററെ വാച്ച്മാൻ എന്നു കൂടി നാമകരണം ചെയ്ത്, വാച്ച്മാൻ തസ്തികയ്ക്ക് സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള നിരക്കിൽ 01.04.2016 മുതൽ വേതനം നൽകി വരുന്നു. (ഹാൾ ബുക്കിംഗ് ഉള്ള ദിവസങ്ങളിൽ മാത്രം താക്കോൽ ഡ്യൂട്ടി നിർവഹിച്ചാൽ മതിയെന്നും, മറ്റു ദിവസങ്ങളിൽ താക്കോൽ നഗരസഭാ കാര്യാലയത്തിൽ സൂക്ഷിച്ചാൽ മതിയെന്നും സെക്രട്ടറി ഫയലിൽ കുറിച്ചെങ്കിലും പരിഗണിച്ചില്ല)

ബി) ഡ്രൈവർ

നഗരസഭക്ക് രണ്ട് സ്ഥിരം ഡ്രൈവർ തസ്തികകളാണുള്ളത്. എന്നാൽ 2011 മുതൽ നഗരസഭ ഡ്രൈവർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയോഗിച്ചു പോരുന്നു. ഇപ്രകാരം 8 ഡ്രൈവർമാരെ വരെ നഗരസഭ ദിവസവേതനാടിസ്ഥാനത്തിൽ ഒരേ കാലയളവിൽ നിയമിച്ചിരുന്നു. ഇതിൽ 2 പേർക്ക് കണ്ടിജന്റ് ജീവനക്കാരായി നിയമനം അനുവദിച്ചത് സംബന്ധിച്ച് മുൻ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്(2018-19 ഖണ്ഡിക 1-37). സാനിട്ടേഷൻ വർക്കർ തസ്തികയിൽ സ്ഥിരനിയമനം നൽകിയ ടി ജീവനക്കാരെ നിലവിലും നഗരസഭ ഡ്രൈവർ ഡ്യൂട്ടിക്കു നിയോഗിച്ചു പോരുന്നു.

ഡ്രൈവർമാരുടെ സേവനകാലയളവ് ദീർഘിപ്പിച്ചു കൊണ്ടുള്ള കൗൺസിൽ തീരുമാനങ്ങൾ, നിയമനത്തിൽ പ്രവേശിക്കുന്നതിനു മുൻപായി ടി ജീവനക്കാർ നഗരസഭയുമായി സ്ഥാപിച്ചിട്ടുള്ള കരാർ എന്നിവയൊന്നും തന്നെ ലഭ്യമായില്ല.

സി) സെക്യൂരിറ്റി ജീവനക്കാർ

മെസ്സേഴ്സ് എക്സ് സർവീസ് മെൻ കോ ഓപ്പറേറ്റീവ് സൊസൈറ്റി മുഖാന്തിരം നഗരസഭ 6 നൈറ്റ് വാച്ചർമാരുടെയും, 1 ഡേ വാച്ചറുടെയും സേവനം 2019-20 ൽ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിലേക്കായി മെസ്സേഴ്സ് എക്സ് സർവീസ് മെൻ കോ ഓപ്പറേറ്റീവ് സൊസൈറ്റിയുമായി കരാർ ചമച്ചിട്ടില്ല. സെക്യൂരിറ്റി ജീവനക്കാരുടെ താത്കാലിക നിയമനം KEXCON മുഖാന്തിരം നടത്തണമെന്ന സർക്കാർ നിർദ്ദേശവും പാലിച്ചിട്ടില്ല.

ഡി) നഴ്സറി സ്കൂൾ ടീച്ചർ , ആയ

നഴ്സറി ടീച്ചർ തസ്തികയിൽ 2014 മുതലും, നഴ്സറി സ്കൂൾ ആയ തസ്തികയിൽ 2012 മുതലും ദിവസവേതനത്തിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ടി ജീവനക്കാരെ ഏതു രീതിയിലാണ് നിയമിച്ചിട്ടുള്ളത് എന്നോ, ഒഴിവുകൾ പി.എസ്.സി. ക്കു റിപ്പോർട്ട് ചെയ്തത് സംബന്ധിച്ചോ രേഖകൾ ലഭ്യമായില്ല. ദിവസവേതന ജീവനക്കാർ നഗരസഭയുമായി കരാർ ചമച്ചിട്ടില്ല.

ഇ) ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ

ദിവസവേതനാടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ രണ്ട് പേരെ നഗരസഭ നിയമിച്ചിരുന്നു. ഇതിൽ ഒരു ജീവനക്കാരിക്ക് നഗരസഭാ സെക്രട്ടറിയുടെ ഇ4/എച്ച്1/9498/09 തീയതി 03.03.2017 ഉത്തരവിലൂടെ 08.03.2017മുതൽ സാനിട്ടേഷൻ വർക്കർ തസ്തികയിൽ സ്ഥിരനിയമനം അനുവദിച്ചു.

എഫ് ) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2

നഗരസഭാ കൗൺസിലിന്റെ 23.08.16 ലെ തീരുമാനം 12 ലൂടെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ എംപ്ലോയ്മെന്റ്

എക്സ്ചേഞ്ച് മുഖാന്തിരം നിയമിച്ചിട്ടുള്ള ശ്രീ. ലിജോയ് എൽ ന്റെ സേവനകാലയളവ് 30.08.2016 ൽ അവസാനിക്കുന്നതിനാൽ 01.09.2016 മുതൽ പ്രസ്തുത തസ്തികയിൽ സ്ഥിരജീവനക്കാരനെ നിയമിക്കുന്നതുവരെ തുടരുന്നതിന് അനുവദിക്കുകയും, തുടർന്ന് വിവിധ കൗൺസിൽ തീരുമാനങ്ങളിലൂടെ ടിയാൾ നഗരസഭയിൽ തുടരുകയും ചെയ്യുന്നു.

ശ്രീ. ലിജോയ് എൽ നെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നിയമിച്ചതു സംബന്ധിച്ച രേഖകൾ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ നഗരസഭയ്ക്കുള്ള 4 അംഗീകൃത തസ്തികകളിൽ മേൽ കാലയളവിൽ ഒഴിഞ്ഞു കിടന്ന തസ്തികകളുടെ വിശദാംശം, ഒഴിവ് നിശ്ചിത കാലങ്ങളിൽ പി.എസ്.സി.ക്കു റിപ്പോർട്ട് ചെയ്തത് സംബന്ധിച്ച രേഖകൾ എന്നിവയൊന്നും തന്നെ ലഭ്യമായില്ല.

ജി) ഓഫീസ് അറ്റൻഡന്റ് നിയമനം - നടപടിക്രമങ്ങൾ പാലിച്ചില്ല

നഗരസഭയിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഒഴിവു ഉണ്ടായതിനാൽ 01.01.2018 മുതൽ ദിവസവേതനത്തിൽ നിയമനം നടത്തി. ഇതിലേക്കായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നിയമനം നടത്തണമെന്നിരിക്കെ, പ്രസ്തുത നടപടികളൊന്നും സ്വീകരിക്കാതെ ശ്രീ. അഖിൽ എം. എന്നവ്യക്തിയെ നിയമിക്കുകയും, 26.10.2019 വരെ (179 ദിവസം കൂടുമ്പോൾ ബ്രേക്ക് വരുത്തി) വിവിധ കൗൺസിൽ തീരുമാനങ്ങളിലൂടെ തുടരാൻ അനുവദിക്കുകയും ചെയ്തിരിക്കുന്നു. ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഒഴിവ് ഉണ്ടായപ്പോൾ പ്രസ്തുത ഒഴിവ് സമയബന്ധിതമായി കെ.പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തതിനോ, താത്കാലിക നിയമനത്തിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന് ശുപാർശ നൽകിയതു സംബന്ധിച്ചോ രേഖകൾ ലഭ്യമായില്ല.

താത്കാലികാടിസ്ഥാനത്തിൽ നിയമനം നൽകിയെങ്കിലും, ഇതിലേക്കായി ടി വ്യക്തി നഗരസഭയുമായി കരാറിലേർപ്പെട്ടിട്ടില്ല. താത്കാലികാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാരന് 2018, 2019 വർഷങ്ങളിൽ ഓണം അഡ്വാൻസ് അനുവദിച്ചിട്ടുണ്ട്. 179 ദിവസത്തേക്ക് മാത്രം താത്കാലികമായി നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് ഓണം അഡ്വാൻസ് അനുവദിക്കുന്നതിലേക്കായി സർക്കാർ ഉത്തരവുകൾ നിലവിലില്ലാത്തതാണ്. 2019-20 സാമ്പത്തിക വർഷത്തിൽ ശ്രീ. അഖിൽ എം.ന് (ചെക്ക് നം. 832647/07.09.2019) ഓണം അഡ്വാൻസായി അനുവദിച്ച 5000/- രൂപയിൽ 2000/- രൂപ മാത്രമാണ് ടിയാളിൽ നിന്നും ഈടാക്കിയിട്ടുള്ളത്. ഓണം അഡ്വാൻസ് ഇനത്തിൽ തിരികെ ലഭ്യമാകുവാനുള്ള തുക പിഴ സഹിതം ഈടാക്കേണ്ടതുമാണ്.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം.45/23.10.2021, 79/27.10.2021) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ / നഗരകാര്യ ഡയറക്ടറുടെ നിർദ്ദേശങ്ങൾ അവഗണിച്ച കൊണ്ട് അംഗീകാരമില്ലാത്ത തസ്തികകളിൽ ജീവനക്കാരെ നിയമനം നടത്തിയതിനു വിശദീകരണം ലഭ്യമാക്കേണ്ടതാണ്. നഗരസഭ താത്കാലിക ജീവനക്കാരെ നിലനിർത്തുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിലേക്ക് സമർപ്പിച്ചിട്ടുള്ള ശുപാർശകൾക്ക് നാളിതുവരെ മറുപടി ലഭ്യമാകാത്തതിനാൽ അംഗീകാരമില്ലാത്ത തസ്തികകളിൽ ജീവനക്കാരെ നിലനിർത്തുന്നതു സംബന്ധിച്ച് നഗരകാര്യ ഡയറക്ടർ നൽകിയിട്ടുള്ള നിർദ്ദേശം പാലിക്കേണ്ടതും, ഇതു സംബന്ധിച്ച റിപ്പോർട്ട് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-38 ഇലക്ഷൻ ആവശ്യത്തിലേക്കായി വാങ്ങിയ ഉപകരണങ്ങൾ തിരികെ നഗരസഭക്കു ലഭ്യമായതിനു രേഖകളില്ല - 21,800/- രൂപ തടസ്സപ്പെടുത്തുന്നു.

തദ്ദേശ സ്ഥാപനങ്ങളിലെ പൊതു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചെലവുകൾക്കായി ചെക്ക് നം. 615740/20.01.2020 പ്രകാരം 100000/- രൂപ സൂപ്രണ്ട് ശ്രീ. ശ്രീകുമാറിന് മുൻകൂറായി അനുവദിച്ചിരുന്നു. 04.11.2020 ലെ 3(22) കൗൺസിൽ തീരുമാനത്തിലൂടെ പ്രസ്തുത ചെലവ് ക്രമീകരിച്ചിട്ടുണ്ട്. മുൻകൂർ ഉപയോഗിച്ച് 21800/- രൂപ ചെലവിൽ വാങ്ങിയ A4 Canon Duplex Printer നിലവിൽ ഏത് സെക്ഷനിലാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളത് എന്ന വ്യക്തമല്ല. ഉപകരണം സ്റ്റോക്കിലെടുത്തത് സംബന്ധിച്ച രേഖകളും ലഭ്യമായില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.52/23.10.2021) മറുപടി ലഭ്യമാക്കിയില്ല. മറുപടി/സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാകാത്തതിനാൽ ഇതിലേക്കായി ചെലവു ചെയ്ത 21,800/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-39 ഡി.പി.സി. അംഗീകാരമില്ലാത്ത ചെലവുകൾ - 4,33,853/-രൂപ തടസ്സപ്പെടുത്തുന്നു.

എ) ശിശുദിനാഘോഷം

ഫയൽ നം. H1/19835/19

ചെക്ക് നം. 832802/07.11.2019 - 100000

ചെക്ക് നം.832809/12.11.2019 - 200000

ചെക്ക് നം. 615928/21.04.2020 - 47,058

ആകെ - 347058 തനതുഫണ്ട്

നിർവഹണച്ചുമതല - ശ്രീ. ഐ. കുമാർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ

ശിശുദിനാഘോഷ പരിപാടികളുടെ നടത്തിപ്പിനായി നഗരസഭ മുൻവർഷങ്ങളിൽ ഡി.പി.സി. അംഗീകാരത്തോടുകൂടി പദ്ധതി തുകയാണ് വിനിയോഗിച്ചിരുന്നത്. 2019-20 സാമ്പത്തിക വർഷത്തിൽ ഇതിലേക്കായി ആവിഷ്കരിച്ചിരുന്ന 273/20 എന്ന പദ്ധതിക്കു ഡി.പി.സി. അംഗീകാരം ലഭിക്കാത്തതിനാൽ തനതുഫണ്ടിൽ നിന്നും, സ്പോൺസർമാരെ കണ്ടെത്തിയും തുക വിനിയോഗിക്കുന്നതിനു നഗരസഭ തീരുമാനിച്ചു(കൗൺസിൽ തീരുമാനം നം. 8(5) തീയതി 28.10.2019).

തുടർന്ന് ശ്രീ. ഐ. കുമാർ, ജെ.എച്ച്.ഐ. ക്ക് 3,00,000/- രൂപ 2019 നവംബർ മാസത്തിൽ മുൻകൂർ അനുവദിക്കുകയും, ടിയാൾ സമർപ്പിച്ചിട്ടുള്ള ബില്ലുകളുടെ അടിസ്ഥാനത്തിൽ 17.03.2020 ലെ കൗൺസിൽ തീരുമാനം 26 ലൂടെ പ്രസ്തുത ചെലവു ക്രമീകരിച്ച്, അധികമായി ചെലവു ചെയ്ത 47,058/- രൂപ അനുവദിക്കുകയും ചെയ്തു. പ്രസ്തുത ബില്ലുകൾ ഓഡിറ്റ് പരിശോധനക്ക് ലഭ്യമായില്ല. ഡി.പി.സി. അംഗീകാരം നേടാതെ പദ്ധതിക്കായി തനതുഫണ്ടിൽ നിന്നും ചെലവ് ചെയ്തത് ക്രമവിരുദ്ധമാണ്. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്

(നം.52/23.10.2021) മറുപടി/രേഖകൾ ലഭ്യമാക്കിയില്ല.

ബി) കേരളോത്സവം

ഫയൽ നം. H1/19637/19

ചെക്ക് നം. 176438/28.11.2019 - 25000

ചെക്ക് നം. 615877/11.03.2020 - 61795

ആകെ - 86795 തനതുഫണ്ട്

നിർവഹണചുമതല - ശ്രീ. ശശികമാർ, ഹെൽത്ത് സൂപ്പർവൈസർ

2019 കേരളോത്സവത്തിന്റെ ഭാഗമായി മേൽപ്രകാരം 86,795/- രൂപ ചെലവു ചെയ്തിട്ടുണ്ട്. എന്നാൽ ഇതിലേക്കായി പദ്ധതി തയ്യാറാക്കി ഡി.പി.സി. അംഗീകാരം നേടാതെയാണ് നഗരസഭ തുക ചെലവു ചെയ്തത്. നഗരസഭയുടെ വാർഷിക കണക്കുകളിൽ കേരളോത്സവത്തിനു ചെലവ് രേഖപ്പെടുത്തിയിട്ടില്ല. ലഭ്യമാക്കിയിട്ടുള്ള രേഖകളിൽ വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചയിനത്തിൽ കൺവീനർമാർക്ക് തുക അനുവദിച്ചതു സംബന്ധിച്ച രേഖകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. മത്സരങ്ങളിൽ പങ്കെടുത്തവരുടെ വിശദാംശങ്ങൾ, ഇതു സംബന്ധിച്ച മത്സരങ്ങൾ നടത്തിയ സ്ഥലം തുടങ്ങിയ വിവരങ്ങൾ ലഭ്യമായില്ല.

അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.66/25.10.2021) മറുപടി/രേഖകൾ ലഭ്യമാക്കിയില്ല.

മറുപടി, ചെലവു രേഖകളുടെ അഭാവത്തിലും, ഡി.പി.സി. അംഗീകാരം ഇല്ലാതെ ചെലവ് ചെയ്തതിനാലും മേൽ പദ്ധതികൾ പ്രകാരം ചെലവു ചെയ്ത 4,33,853/- (3,47,058+86,795)/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-40 റോഡ് മെയിന്റനൻസ് - നടപടിക്രമം പാലിച്ചിട്ടില്ല - 50,000/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

ഫയൽ നം. E1/1441/2020

ചെക്ക് നം. 615761/03.02.2020 - 50000/-

രാമേശ്വരം വാർഡിലെ ഇരുമ്പിൽ തെക്കത് ക്ഷേത്രം റോഡ് സഞ്ചാരയോഗ്യമാക്കുന്നതിലേക്കായി നഗരസഭാ ചെയർപെഴ്സൺ, സെക്രട്ടറിക്ക് 18.12.2019 ൽ കത്ത് നൽകുകയുണ്ടായി. തുടർന്ന്, പ്രസ്തുത റോഡ് ക്വാറിമക്ക് ഉപയോഗിച്ച് ലെവൽ ചെയ്ത് സഞ്ചാരയോഗ്യമാക്കിയതായും, ഇതിലേക്കായി മണ്ണ് വാങ്ങിയ ഇനത്തിൽ 52,500/- രൂപയും, കൂലിയിനത്തിൽ 8000/- രൂപയുമുൾപ്പെടെ ആകെ 60500/- രൂപ വാർഡ് ഓവർസീയറായ വിജയലക്ഷ്മി അമ്മയുടെ കൈയിൽ നിന്നും ചെലവു വന്നതായും റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ മേൽ പ്രകാരം ശ്രീമതി, വിജയലക്ഷ്മി അമ്മയ്ക്ക് 50000/- രൂപ അനുവദിക്കുകയുണ്ടായി.

എന്നാൽ, മണ്ണ് വാങ്ങിയതിനുള്ള ബില്ലുകളോ, ജോലി ചെയ്തതിനുള്ള മസ്റ്റർ റോളോ ഫയലിൽ ലഭ്യമല്ല. മരാമത്ത് പ്രവൃത്തികളിൽ പ്രവൃത്തികളുടെ അളവ് രേഖപ്പെടുത്തിയതിനുള്ള എം. ബുക്ക് അനിവാര്യമാണെങ്കിലും പ്രസ്തുത രേഖകളൊന്നും തന്നെ ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തിക്കായി സ്ഥലപരിശോധന നടത്തി എസ്റ്റിമേറ്റ്, ബില്ലുകൾ എന്നിവയും തയ്യാറാക്കിയിട്ടില്ല. ഇപ്രകാരമൊരു റോഡിന്റെ അറ്റകുറ്റപ്പണി ആവശ്യമുള്ളതായി പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയോഗത്തിലോ, കൗൺസിൽ യോഗത്തിലോ ആവശ്യം ഉന്നയിച്ച തീരുമാനങ്ങൾ സ്വീകരിച്ചു കാണുന്നില്ല. നഗരസഭയുടെ റോഡുകളുടെ ആസ്തി രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയില്ല.

നടപടിക്രമങ്ങൾ പാലിക്കാത്തതിനാലും, രേഖകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാലും മേൽപ്രകാരം ചെലവു ചെയ്ത 50,000/- രൂപ തടസ്സം ചെയ്യുന്നു.

## 1-41 തെരുവ് വിളക്ക് പരിപാലനം - പദ്ധതികൾ നടപ്പാക്കുന്നതിൽ ഗുരുതര വീഴ്ച

തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം പദ്ധതികൾ നടപ്പാക്കിയിരിക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര്, നം | അടങ്കൽ തുക | ചെലവ് തുക | ബിൽ നം തീയതി | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതിയുടെ ലക്ഷ്യം |
|---|---|---|---|---|---|---|
| 1 | തെരുവ് വിളക്ക് - എൽ ഇ ഡി സ്ഥാപിക്കൽ 301/20 (SO) | 3500000/- | 3498910/- | 30/19-20 26.06.2019 | അസിസ്റ്റന്റ് എഞ്ചിനീയർ | 44 വാർഡുകളിലും കെ എസ് ഇ ബിയുടെ നിലവിലുള്ള വൈദ്യുത പോസ്റ്റുകളിൽ 30W, 120W എന്നിങ്ങനെ എൽ ഇ ഡി ലൈറ്റുകൾ സ്ഥാപിക്കുക |
| 2 | തെരുവ് വിളക്ക് മെയിന്റനൻസ്, 289/20 (SO) | 1000000/- | 1000000/- | 21/19-20 06.06.2019 | അസിസ്റ്റന്റ് എഞ്ചിനീയർ | കേടായ തെരുവ് വിളക്കുകൾ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുക |

മേൽ പദ്ധതികൾ ടെൻഡർ നടപടികൾ സ്വീകരിച്ച് കരാറുകാർ മുഖേന നടപ്പാക്കി. എന്നാൽ പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. പുതിയതായി തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനും അറ്റകുറ്റപണികൾ നടപ്പാക്കുന്നതിനും ആവശ്യകതാ നിർണയത്തിന് അടിസ്ഥാനമാക്കിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (19/16.10.21, 29/18.10.21) മറുപടി ലഭ്യമാക്കിയില്ല. പദ്ധതി നടത്തിപ്പിലെ മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

(എ) നഗരസഭയിൽ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് പരിശോധിച്ച് യഥാസമയം അറ്റകുറ്റപ്പണി നടത്തേണ്ടതുമാണെന്നാണ് തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച സർക്കുലർ നം.3055/ഡി.എ3/ 2011/ത.സ്വ.ഭ.വ. തീ.15.09.11 ഖ.2നുള്ള കുറിപ്പ് (ഇ)നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഇപ്രകാരമുള്ള ഒരു പരാതി രജിസ്റ്റർ നഗരസഭയിൽ സൂക്ഷിക്കുന്നില്ല.

(ബി) വാർഡ് കൗൺസിലർമാർ സാക്ഷ്യപ്പെടുത്തി നല്കുന്ന കണക്കുകളുടെ അടിസ്ഥാനത്തിലാണ് തുക നല്കുന്നത്. ഈ കണക്കുകളിൽ പ്രവൃത്തി

നടത്തിയതെന്നെന്ന് വ്യക്തതയില്ല. ഏതാനം ഇലക്ട്രിക്ക് പോസ്റ്റുകളുടെ വിവരം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് പരിശോധിക്കുന്നതിനാവശ്യമായ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല.

(സി) അറ്റകുറ്റപണികൾക്കായി വാങ്ങുന്ന ഉപകരണങ്ങൾ നഗരസഭ സ്റ്റോക്കിൽ എടുക്കാതെ നേരിട്ട് കരാറുകാരന് നൽകുന്നു.

(ഡി) കരാറുകാരൻ വാറൻറി കാലാവധി കഴിയുന്നതിന് മുമ്പ് കേടാകുന്ന തെരുവുവിളക്കുകൾ നഗരസഭയിൽ തിരികെയേല്പിക്കുന്നതിന്റെയും അവ റീപ്ലേസ് ചെയ്തു കിട്ടുന്നതിന് നടപടികൾ നഗരസഭയിൽ സ്വീകരിക്കുന്നതിന്റെയും രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

(ഇ) തെരുവ് വിളക്കുകളുടെ മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

(എഫ്) തെരുവ് വിളക്ക് പരിപാലനത്തിനായി വാർഡ് തല മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചിട്ടില്ല. മുനിസിപ്പൽ എഞ്ചിനീയറുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റില്ല.

(ജി) 15-9-11 ലെ 3055/DA3-2011 ത സ്വ ഭ വ സർക്കുലർ പ്രകാരം 10% സെക്യൂരിറ്റി ഡെപ്പോസിറ്റ് അടവാക്കേണ്ടതുണ്ട്. എന്നാൽ 5% മാത്രമെ ഈയിനത്തിൽ ഈടാക്കിയിട്ടുള്ളു.

തെരുവ് വിളക്കുകളുടെ പരിപാലനം എന്നത് നഗരസഭയുടെ അനിവാര്യ ചുമതലകളിൽപ്പെട്ടതാണ് . ആവർത്തനച്ചെലവായിട്ടും നാളിതുവരെ കൃത്യമായ കണക്കുകളോ, അനുബന്ധരേഖകളോ ഇല്ലാതെ, സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെയും കൃത്യമായ മേൽനോട്ടം ഇല്ലാതെയും പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന പ്രവണത പദ്ധതിപ്പണത്തിന്റെ ദുരുപയോഗത്തിന് കാരണമാകുമെന്നതിനാൽ ഇക്കാര്യത്തിൽ നഗരസഭാ കൌൺസിലിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

നഗരസഭയുടെ അനിവാര്യ ചുമതലകളിൽപെട്ട തെരുവ് വിളക്ക് പരിപാലനം നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് വിധേയമായി കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുവാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.
തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപ്പണി, തെരുവ് വിളക്ക് പരിപാലനത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങൽ എന്നീ പ്രോജക്ടുകൾ നിർവ്വഹിക്കുമ്പോൾ ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ കൂടി പാലിക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

1) നഗരസഭ പരിധിയിലുള്ള തെരുവ് വിളക്കുകളുടെ ആകെ എണ്ണം (പോസ്റ്റ് നമ്പർ ഉൾപ്പെടെ), തരം എന്നിവ (വാർഡ് തിരിച്ച്) രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനും ലൈൻ എക്സ്റ്റൻഷൻ നടത്തുമ്പോൾ യു.സി. (കെ.എസ്.ഇ.ബി.യിൽ നിന്ന് യു.സി. വാങ്ങുമ്പോൾ നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ഉൾപ്പെടെ-എത്ര മീറ്റർ ലൈൻ എക്സ്റ്റൻഷൻ നടത്തി, പുതുതായി എത്ര തെരുവ് വിളക്കുകൾ സ്ഥാപിച്ചു, പോസ്റ്റുകൾ സ്ഥാപിച്ചത് തുടങ്ങിയ-വാങ്ങേണ്ടതാണ്) കിട്ടുന്ന മുറയ്ക്ക് പ്രസ്തുത രജിസ്റ്റർ കാലികമാക്കുന്നതിനും ഉദ്യോഗസ്ഥ തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) മേൽ പ്രകാരം തയ്യാറാക്കിയ രജിസ്റ്ററിലെ കണക്കുകളുടെ അടിസ്ഥാനത്തിലാവണം വാർഷിക അറ്റകുറ്റപ്പണിക്ക് കരാർ ക്ഷണിക്കേണ്ടത്.

3) അറ്റകുറ്റപ്പണിക്ക് ആവശ്യമായ സാധനങ്ങളുടെ വാങ്ങൽ പ്രക്രിയയും മേൽ പ്രകാരം തയ്യാറാക്കിയ രജിസ്റ്ററിലെ കണക്കുകളുടെ അടിസ്ഥാനത്തിലാവണം.

4) വാങ്ങിയ സാധനങ്ങൾ കൃത്യമായി സ്റ്റോക്കിൽ എടുക്കേണ്ടതും പരാതി രജിസ്റ്ററിലെ ആവശ്യകതയുടെ അടിസ്ഥാനത്തിൽ സാധനങ്ങൾ വാർഡ് മെമ്പർമാർ കൈപ്പറ്റി കരാറുകാരന് നല്കേണ്ടതുമാണ്. സ്റ്റോക്കിലെ വിനിയോഗവിവരവും, കരാറുകാരൻ നല്കുന്ന പ്രവൃത്തിയുടെ കണക്കുകളും പൊരുത്തപ്പെടുത്തി വേണം കരാർ അനുസരിച്ചുള്ള തുക നല്കൽ.

5) വിനിയോഗിക്കാതെ ശേഷിക്കുന്ന ഇലക്ട്രിക്ക് സാധനങ്ങളുടെ മൂല്യം കണക്കാക്കി വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതും, തുടർ വർഷത്തിലെ വാങ്ങൽ പ്രക്രിയ ഇതനുസരിച്ച് പരിമിതപ്പെടുത്താനും കഴിയുംവിധം ആകണം സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കേണ്ടത്.

6) പദ്ധതി മോണിറ്ററിങ്ങ് ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പ് നടത്തി റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

മേൽ രജിസ്റ്ററുകളുടെ പരിപാലനം അനിവാര്യമാണ്. സ്റ്റാന്റിങ്ങ് കമ്മിറ്റി (വികസനം), വർക്കിങ്ങ് ഗ്രൂപ്പ് എന്നിവയുടെ ക്രിയാത്മകമായ നിർദ്ദേശങ്ങളും, വിലയിരുത്തലും പദ്ധതി നടത്തിപ്പിൽ അനിവാര്യമാണ്.

## 1-42 തെരുവ് വിളക്കുകളുടെ പരിപാലനം - പദ്ധതി നടത്തിപ്പിലെ അപാകതകൾ

തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി 2019-20 സാമ്പത്തിക വർഷത്തിൽ നഗരസഭാ സെക്രട്ടറി നിർവഹണാധികാരിയായി ഒരു സ്പിൽ ഓവർ പദ്ധതിയടക്കം 3 പദ്ധതികൾ നഗരസഭ തയ്യാറാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) പ്രോ. നം. 342/20 സ്ട്രീറ്റ് ലൈറ്റ് എൽ .ഇ.ഡി. ലാമ്പ്സ് (സ്പിൽ ഓവർ)

അടങ്കൽ തുക - 339700/- വികസന ഫണ്ട്

ചെലവ് തുക - 339200/-

ബിൽ നം. - 15/29.02.2020

2018-19 ൽ ആവിഷ്കരിച്ച 438/19 എന്ന പദ്ധതിയുടെ സ്പിൽ ഓവർ ആയി നടപ്പാക്കിയ ഈ പദ്ധതി പ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ M/s KEL ൽ നിന്നും വാങ്ങിയ എൽ.ഇ.ഡി. ലാമ്പുകളുടെ കുടിശ്ശിക തുകയാണ് അനുവദിച്ചത്. പുതിയ പദ്ധതിക്ക് ലഭിച്ച അംഗീകാരമുപയോഗിച്ച് പഴയ വാങ്ങലിലെ കുടിശ്ശികയാണ് അനുവദിച്ചത്. അംഗീകൃത പദ്ധതിയിൽ നിന്നും വ്യതിചലിച്ച് പദ്ധതിപ്പണം ചെലവ് ചെയ്തതിനു വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

സർക്കുലർ നം. 177/ഡിഎ3/2016 തസ്വഭവ തീയതി 07.11.2017 പ്രകാരം വൈദ്യുത ഉപകരണങ്ങൾ വാങ്ങുന്ന പദ്ധതികൾക്ക് 10% റീടെൻഷൻ ഈടാക്കേണ്ടതാണ്. എന്നാൽ 2.5% റിടെൻഷൻ മാത്രം ഈടാക്കികൊണ്ടാണ് M/s KEL ന് കുടിശ്ശിക തുക അനുവദിച്ചത്.

ബി) പ്രോ. നം. 480/20 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്

അടങ്കൽ തുക - 500000/- ധനകാര്യകമ്മിഷൻ അവാർഡ്

ചെലവു തുക - 0/- (2019-20)

സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിനായി ആവിഷ്കരിച്ച ഈ പദ്ധതിയിൽ 2019-20 ൽ ചെലവ് ഇല്ല.

സി) പ്രോ. നം. 479/20 സ്ട്രീറ്റ് ലൈറ്റ് സ്പെയർ പാർട്സ് വാങ്ങൽ-ചെലവ് തുക 2,67,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

അടങ്കൽ തുക - 500000/- ധനകാര്യകമ്മിഷൻ അവാർഡ്

ചെലവു തുക - 267000/- (2019-20)

ബിൽ നം. - 15/29.02.2020

അഞ്ചു ലക്ഷം രൂപ അടങ്കൽ തുക വകയിരുത്തിയ പദ്ധതിക്കായി ലഭിച്ച ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക രേഖപ്പെടുത്തിയ എ.ആർ. ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിനാണ് കരാർ ഉറപ്പിച്ചു നൽകിയത്.

Notification No. 50/2018 – Central Tax തീയതി 13.10.2018 പ്രകാരം 2.5ലക്ഷത്തിലധികമുള്ള വാങ്ങലുകൾക്ക് സാധനങ്ങളുടെ മൂല്യത്തിന്റെ 2% ടി.ഡി.എസ്. (1%CGST+1%SGST) ആയി ഈടാക്കേണ്ടതുണ്ട്. 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലായി ടി പദ്ധതി പ്രകാരം ആകെ 3,94,830/- (218940+175890) രൂപ മൂല്യമുള്ള ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. 2% ടി.ഡി.എസ്. ഇനത്തിൽ മേൽ പദ്ധതി പ്രകാരം ആകെ 7897/- (4379+3518) രൂപ കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്കേണ്ടിയിരുന്നു. എന്നാൽ നഗരസഭ പദ്ധതി പ്രകാരമുള്ള വാങ്ങലിന് ജി.എസ്.ടി. ടി.ഡി.എസ്. ഈടാക്കിയിട്ടില്ല.

മേൽ മൂന്നു പദ്ധതികളിലെയും വാങ്ങൽ, അറ്റകുറ്റപ്പണികൾക്കായി നഗരസഭ പുറപ്പെടുവിച്ചിട്ടുള്ള ടെണ്ടർ നോട്ടീസ്, ടെണ്ടർ പരസ്യം, പത്രപരസ്യം, ടെണ്ടർ പരസ്യം വെബ്സൈറ്റിൽ അപ് ലോഡ് ചെയ്തതു സംബന്ധിച്ച വിശദാംശങ്ങൾ, വാങ്ങൽ സംബന്ധിച്ച പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ്, ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തത് സംബന്ധിച്ച വിവരങ്ങൾ/സ്റ്റോക്ക് രജിസ്റ്റർ എന്നിവ ലഭ്യമായില്ല.

അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 18/16.10.2021) സ്ട്രീറ്റ് ലൈറ്റ് വാങ്ങിയപ്പോൾ കമ്പനിയിൽ നിന്നും ജി.എസ്.ടി. ഈടാക്കിയിരുന്നതിനാലാണ് നഗരസഭ ജി.എസ്.ടി. ഈടാക്കാത്തതെന്ന മറുപടി ലഭ്യമാക്കി. പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. പദ്ധതി നടത്തിപ്പിലെ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, ജി.എസ്.ടി. ടിഡിഎസ് ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക കരാറുകാരനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ ഒടുക്കി രേഖകൾ ലഭ്യമാക്കേണ്ടതുമാണ്. ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കാത്തതിനാൽ പ്രോജക്ട് നം. 479/20 പ്രകാരം തൻ വർഷം ചെലവു ചെയ്ത 267000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഡി) ഡി.പി.സി. അംഗീകാരമില്ലാതെ നടത്തിയ വാങ്ങൽ- 76,330/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മേൽ പ്രകാരം മൂന്ന് പദ്ധതികളുണ്ടായിരുന്നിട്ടും, പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയും (തീരുമാനം നം.12, 25.06.2019), നഗരസഭാ കൗൺസിലും (തീരുമാനം നം. 33, 26.06.2019) നൽകിയ അനുമതിയുടെ അടിസ്ഥാനത്തിൽ തനതു ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപ വിനിയോഗിച്ച് തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി നഗരസഭ എ.ആർ ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും ക്വട്ടേഷൻ സ്വീകരിച്ച് 76,330/- രൂപ (ചെക്ക് നം. 832763/29.10.2019) അനുവദിക്കുകയുണ്ടായി.

പ്രസ്തുത ചെലവുമായി ബന്ധപ്പെട്ട് നഗരസഭ പുറപ്പെടുവിച്ച ക്വട്ടേഷൻ നോട്ടീസുകൾ, സാധനങ്ങൾ കൈപ്പറ്റി വിതരണം ചെയ്തതിനുള്ള സ്റ്റോക്ക് രജിസ്റ്റർ, പർച്ചേസ് കമ്മിറ്റിയുടെ ശുപാർശ, മിനിട്സ് , സാധനങ്ങൾ സപ്ലൈ ചെയ്തതു സംബന്ധിച്ച സ്ഥാപനത്തിന്റെ ബിൽ, വാങ്ങിയ ഉപകരണങ്ങൾ ഫിറ്റ് ചെയ്തത് സംബന്ധിച്ച വിശദാംശങ്ങൾ ഉടങ്ങിയവ ലഭ്യമായില്ല. രേഖകളുടെ അഭാവത്തിൽ വാങ്ങലിനായി ചെലവു ചെയ്ത 76,330/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-43 ആവശ്യകത നിർണ്ണയിക്കാതെ വാട്ടർ അതോറിറ്റിക്ക് തുക കൈമാറി-തുക തിരികെ ഈടാക്കണം ചെലവ് തുക 27,93,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 292/20 |
| പ്രോജക്ടിന്റെ പേര് | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (സ്പിൽ ഓവർ) |
| അടങ്കൽ തുക | 27,93,000/- |
| ചെലവ് തുക | 27,93,000/- |
| ബിൽ നം/തീയതി | 7/19-20 ,07.05.19 |
| നിർവ്വഹണോദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |

പ്രസ്തുത പദ്ധതിക്കായി 27,93,000/- രൂപ വാട്ടർ അതോറിയിൽ നിക്ഷേപിച്ചിട്ടുണ്ട്.എന്നാൽ പ്രോജക്ട് രൂപീകരണഫോമിൽ പ്രസ്തുത പ്രവൃത്തിയുടെ വിശദാംശങ്ങൾ (ദീർഘിപ്പിക്കുവാനുള്ള പൈപ്പ് ലൈൻ , വാർഡ്/പ്രദേശം)രേഖപ്പെടുത്തിയിട്ടില്ല. സർക്കാർ ഉത്തരവ് (കൈ)നം-17/2018/ത.സ്വ.ഭ.വ തീയതി02.02.2018 ഖണ്ഡിക 11.2(ഡി)(ii)പ്രകാരം മുൻകൂർ നൽകുന്നതിനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സ്ഥാപനം തന്നെ തയ്യാറാക്കി സാങ്കേതികാനുമതി നൽകിയ ശേഷം തദ്ദേശഭരണസ്ഥാപനത്തിന് നൽകേണ്ടതും,നിർവ്വഹണഏജൻസിയുമായി കരാറിലേർപ്പെട്ടശേഷം മാത്രമേ പ്രോജക്ട് നിർവ്വഹണത്തിനായി മുൻകൂർ നൽകാവുവെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.എന്നാൽ പ്രസ്തുത നിബന്ധനകൾ

പാലിക്കാതെയാണ് വാട്ടർ അതോറിറ്റിക്ക് 2793000/- രൂപ മുൻകൂറായി നൽകിയിട്ടുള്ളത്.പ്രസ്തുത അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനും പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് അന്വേഷണം നം-63/21-ന് പദ്ധതി നിർവ്വഹണത്തിൽ കാലതാമസം നേരിടാതിരിക്കുന്നതിന് തുക വാട്ടർ അതോറിയിൽ നിക്ഷേപിച്ചുവെന്നാണ് മറുപടിയായി അറിയിച്ചിട്ടുള്ളത്. 2മാസത്തിനുള്ളിൽ പ്രസ്തുത പ്രവൃത്തി ചെയ്യേണ്ട സ്ഥലം നിശ്ചയിച്ച് മേൽ ഉത്തരവ് ഖണ്ഡിക 11.2(ഡി)(ii) പ്രകാരം കരാറിലേർപ്പെട്ട് പദ്ധതി നിർവ്വഹണം നടത്തേണ്ടതാണ്. അല്ലാത്തപക്ഷം തുക തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പ്രസ്തുത നടപടിക്രമങ്ങൾ പാലിക്കുന്നതുവരെ ചെലവ് തുകയായ 27,93,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-44 മൂല്യനിർണയം നടത്താതെ തുക നൽകി - 26,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 293/20 |
| പ്രോജക്ടിന്റെ പേര് | വിദ്യാർത്ഥികൾക്ക് പഠനമുറി ഒരുക്കൽ(സ്പിൽ ഓവർ) |
| അടങ്കൽ തുക | 31,00,000/- |
| ചെലവ് തുക | 26,00,000/- |
| ബിൽ നം/തീയതി | 1/19-20, 300000/- തീ-26.04.19, 3/19-20, 120000/- തീ-26.04.19, 5/19-20,160000/- തീ-26.04.19, 9/19-20- 120000/- തീ-26.04.19, 12/19-20- 60000/- തീ-26.04.19, 13/19-20 – 440000/- തീ-20.07.19, 17/19-20 280000/- തീ-22.08.19, 18/19-20 – 160000/- തീ-22.08.19<br>20/19-20 270000/- 27.09.19, 23/19-20-60000/- തീ-18.10.19, 26/19-20 – 90000/- തീ-24.10.19<br>27/19-20 , 80000/- തീ-25.10.19, 42/19-20, 80000/- തീ-19.12.19, 52/19-20 170000/- തീ-18.01.20, 61/19-20, 60000/- തീ-11.02.20, 64/19-20 , 30000/- തീ-26.03.20, 69/19-20 – 30000/- തീ-16.03.20, 70/19-20- 30000/- തീ-16.03.20, 76/19-20 – 30000/- തീ-20.03.20, 82/19-20-30000/- തീ-27.03.20 |
| നിർവ്വഹണോദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |

സർക്കാർ ഉത്തരവ് നം-22/2018/ത.സ്വ.ഭ.വ തീയതി 14.02.2018 ഖണ്ഡിക 7.2.16 പ്രകാരം നിലവിലുള്ള 800 ചതുരശ്ര അടിയിലധികരിക്കാത്ത വീടിനോട് ചേർന്ന് 100 ചതുരശ്ര അടിയിലധികരിക്കാതെ പഠനമുറി നിർമ്മിക്കാവുന്നതാണ്. 2 ലക്ഷം രൂപ ഇതിനായി അനുവദിക്കാവുന്നതാണ്. അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണയത്തിന്റെ അടിസ്ഥാനത്തിലാണ് തുക നൽകേണ്ടത്. എന്നാൽ മേൽ നിബന്ധന പാലിക്കാതെയാണ് തുക നൽകിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-63/21-ന് പഠനമുറി പൂർത്തീകരിച്ചത് നിർവ്വഹണോദ്യോഗസ്ഥൻ നേരിട്ട് പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിട്ടുള്ളതെന്നാണ് മറുപടിയായി അറിയിച്ചിട്ടുള്ളത്. മാർഗരേഖപ്രകാരം മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലാണ് തുക നൽകേണ്ടതെന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ പ്രസ്തുത മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആയതിനാൽ ചെലവ് തുക ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-45 ചെലവ് രേഖകളുടെ അഭാവം- 1,20,000/- രൂപ തടസ്സപ്പെടുത്തുന്നു

പട്ടികജാതി വികസന ഓഫീസർ നിർവഹണം നടത്തിയ ഭവനനിർമ്മാണം (65/20) എന്ന പ്രോജക്ടിന്റെ ചെലവ്, സുലേഖ പത്രികപ്രകാരം 6680000/- രൂപയാണ്. എന്നാൽ 6560000/-രൂപയുടെ ചെലവുകൾക്ക് ആധാരമായ വൗച്ചറുകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്.

ഓഡിറ്റിന് ലഭ്യമാക്കിയ ചെലവ് രേഖകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ | തുക | തീയതി |
|---|---|---|
| 19/19-20 | 3,60,000/- | 19.09.19, |
| 22/19-20, | 4,20,000/- | 15.10.19 |

| | | |
|---|---|---|
| 31/19-20 | 60,000/- | 05.11.19, |
| 36/19-20 | 60,000/- | 21.11.19, |
| 37/19-20 | 1,20,000/- | 21.11.19 |
| 39/19-20 | 60,000/- | 21.11.19 |
| 40/19-20 | 60,000/- | 23.11.19, |
| 43/19-20 | 1,20,000/- | 11.12.19 |
| 47/19-20 | 1,20,000/- | 11.12.19, |
| 48/19-20 | 3,60,000/- | 18.12.19 |
| 49/19-20 | 3,60,000/- | 18.12.19 |
| 50/19-20 | 1,60,000/- | 21.12.19 |
| 53/19-20 | 1,60,000/- | 18.01.20 |
| 54/19-20 | 2,80,000/- | 18.01.20, |
| 55/19-20 | 4,80,000/- | 04.02.20 |
| 56/19-20 | 2,80,000/- | 04.02.20 |
| 57/19-20 | 1,20,000/- | 04.02.20 |
| 58/19-20 | 1,60,000/- | 10.02.20 |
| 60/19-20 | 3,40,000/- | 11.02.20 |
| 62/19-20 | 3,00,000/- | 11.02.20 |
| 65/19-20 | 1,20,000/- | 25.03.20 |
| 67/19-20 | 1,20,000/- | 25.03.20 |
| 68/19-20 | 3,40,000/- | 16.03.20 |
| 71/19-20 | 2,20,000/- | 16.03.20 |
| 72/19-20 | 1,60,000/- | 16.03.20 |
| 73/19-20 | 3,40,000/- | 16.03.20 |
| 74/19-20 | 1,60,000/- | 16.03.20 |
| 75/19-20 | 3,80,000/- | 19.03.20 |
| 77/19-20 | 1,60,000/- | 19.03.20, |
| 79/19-20 | 60,000/- | 24.03.20 |
| 80/19-20 | 60,000/- | 24.03.20 |
| 81/19-20 | 60,000/- | 27.03.20 |
| ആകെ | 65,60,000/- | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-75/21-ന് ലഭ്യമാക്കിയ മറുപടിയിൽ ബിൽ ബുക്ക് പ്രകാരം മാറിയ ബില്ലുകൾ ഓഡിറ്റിന് ഹാജരാക്കിയെന്നാണ് അറിയിച്ചിട്ടുള്ളത്. 1,20,000/- രൂപയുടെ ചെലവുകൾക്കാധാരമായ രേഖകൾ ഹാജരാക്കുകയോ, പ്രസ്തുത അപാകത പരിഹരിച്ച് അറിയിക്കുകയോ ചെയ്യുന്നതുവരെ പ്രസ്തുത തുക തടസ്സപ്പെടുത്തുന്നു.

1-46 അയ്യങ്കാളി അർബൻ തൊഴിലുറപ്പ് പദ്ധതി-അപാകതകൾ

അയ്യങ്കാളി അർബൻ തൊഴിലുറപ്പ് പദ്ധതിനടത്തിപ്പിൽ സ.ഉ (കൈ)നം216/2017/തസ്വഭവ തീയതി 03.11.2017 യിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

1. ഒരു എം ബുക്കിൽ ഒന്നിലധികം പ്രവൃത്തികളുടെ മെഷർമെന്റുകൾ രേഖപ്പെടുത്തുന്നു.

2. മസ്റ്റർ റോളുകൾക്ക് യുണീക്ക് ഐഡന്റിഫിക്കേഷൻ നമ്പർ നൽകിയിട്ടില്ല.

3.മസ്റ്റർ റോൾ വിതരണം കൈപ്പററ് സംബന്ധിയായ രജിസ്റ്ററുകൾ പരിപാലിച്ചിട്ടില്ല.

4. മസ്റ്റർ റോളുകളിൽ ആവശ്യമായ വിവരം (പ്രവൃത്തിയുടെ പേര്, നമ്പർ, എസ്റ്റിമേറ്റ് തുക , ഭരണാനുമതി നം , തീയതി മുതലായവ) രേഖപ്പെടുത്തുന്നില്ല.

5. പ്രവൃത്തികൾക്കായി തയാറാക്കുന്ന എസ്റ്റിമേറ്റുകളിൽ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ സാക്ഷപ്പെടുത്തലില്ല.

6. ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേയ്ക്ക് തുക കൈമാറിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

7. പ്രവൃത്തി പൂർത്തീകരണ റിപ്പോർട്ട് തയാറാക്കുന്നില്ല.

8. പ്രവൃത്തികളുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

9. ഓരോ പ്രവൃത്തിയെയും സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്ന പ്രവൃത്തി രജിസ്ററർ പരിപാലിച്ചിട്ടില്ല.

10. തൊഴിൽ കാർഡ് അപേക്ഷാ രജിസ്ററർ, തൊഴിൽ രജിസ്റ്റർ, പ്രവൃത്തി രജിസ്ററർ, ആസ്തി രജിസ്റ്റർ, പരാതി രജിസ്റ്റർ, പ്രതിമാസ അലോട്ട്മെന്റ്, ധനവിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം76/2021 -ന് ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി.അയ്യങ്കാളി അർബൻ തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന് മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1-47 അമരവിള വാർഡിൽ അട്ടക്കുളം നവീകരണം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല -498400/- രൂപ പാഴ്ചെലവായി

നിർവ്വഹണോദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പദ്ധതിയുടെ പേര് : അമരവിള വാർഡിൽ അട്ടക്കുളം നവീകരണം,

പദ്ധതി നമ്പർ. :216/20

അടങ്കൽ :500000/- രൂപ (ധനകാര്യ കമ്മിഷൻ ഗ്രാൻറ്)

ചെലവ് :498400/-രൂപ

ബിൽ നം, തീയതി 27/20-21, 12.5.2020

എം ബുക്ക് നം 148/19-20

കുളം നവീകരിച്ച് മഴവെള്ളം ശേഖരിച്ച് കൃഷിയോഗ്യമാക്കുന്നതിന് സി എഫ് സി ഗ്രാന്റിൽ നിന്നും 500000/- രൂപ വകയിരുത്തി പദ്ധതി നടപ്പാക്കുന്നതിന് അനുമതി ലഭിച്ചു. പ്രവൃത്തി നടത്തിപ്പിനായി സ്ഥലപരിശോധന നടത്തിയ വേളയിൽ കുളത്തിന്റെ പാർശ്വ ഭാഗങ്ങളിൽ കുറ്റിച്ചെടി വെട്ടിവൃത്തിയാക്കേണ്ടതുണ്ടെന്നും കുളത്തിലെ ചെളി കോരിമാറ്റാൻ പറ്റാത്ത സാഹചര്യം നിലനിൽക്കുന്നുവെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിരിക്കുന്നു. റോഡിൽ നിന്നും വരുന്ന ഓടയിലെ വെള്ളം കുളത്തിലേയ്ക്ക് തുറന്ന് വിടുന്നതായി കാണുന്നെന്നും അത് മറ്റേതെങ്കിലും ഭാഗത്തേയ്ക്ക് തിരിച്ച് വിട്ടെങ്കിൽ മാത്രമേ ഉപയോഗിക്കുവാൻ സാധിക്കുകയുള്ളൂ എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൗൺസിലറുടേയും നാട്ടുകാരുടേയും ആവശ്യ പ്രകാരം കർഷകർക്ക് കൃഷി ആവശ്യത്തിനായി നിലവിൽ കുളത്തിനുള്ളിൽ സ്ഥിതി ചെയ്യുന്ന കിണർ വൃത്തിയാക്കുവാനും ടി ഭാഗത്തെ കുളത്തിന്റെ സൈഡ് വാൾ കെട്ടി ബലപ്പെടുത്തുകയും ചെയ്യാം എന്ന അഭിപ്രായം നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചത് പ്രകാരം 17.3.2020 ലെ സാധാരണ കൌൺസിൽ അംഗീകരിച്ച് പദ്ധതി നടപ്പാക്കി.

ഈ പദ്ധതി നേരിട്ട് പരിശോധിച്ചതിൽ എം ബുക്കുമായി ഒത്തുനോക്കി കരിങ്കൽക്കെട്ട് നിർദ്ദിഷ്ട അളവിൽ ചെയ്തതായി കാണുന്നു. എന്നാൽ ബണ്ടിന്റെ വലിയൊരു ഭാഗം പൊട്ടി കുളത്തിലെ വെള്ളം മുഴുവൻ സമീപത്തെ വയലിലേയ്ക്ക് വാർന്ന് പോയത് കാരണം കുളം വറ്റി കാട് പിടിച്ച് ഉപയോഗശൂന്യമായിരിക്കുന്നു. ഏകദേശം 200 മീറ്റർ ചുറ്റളവുള്ള കുളത്തിന്റെ 53.8 മീറ്റർ മാത്രമാണ് കരിങ്കൽ കെട്ടിയത്. ഇതിൽ കുറച്ച് ഭാഗം മണ്ണൊലിപ്പിൽ ഒലിച്ച് പോയിട്ടുണ്ട്. നിലവിൽ കുളം ഉപയോഗശൂന്യമാണ് എന്ന് നേരിട്ട് കണ്ട് ബോധ്യപ്പെട്ടു.

നഗരസഭാതിർത്തിയിലെ നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും വിനിയോഗവും സുസ്ഥിര പരിപാലനവും ഉറപ്പാക്കുക എന്ന ജല സംരക്ഷണ ദൗത്യം [ജി ഒ (പി) 20/2017, 23.10.2017] ഹരിത കേരള മിഷന്റെ നിർദേശാനുസരണം രൂപീകരിച്ച നഗരസഭാതല സാങ്കേതിക സമിതി ഏറ്റെടുത്തിട്ടുള്ളതാണ്. ഇതിന്റെ ഭാഗമായി മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളെ സംബന്ധിച്ച് നീർത്തടാടിസ്ഥാനത്തിൽ പഠനം നടത്തി വികസന റിപ്പോർട്ട് നഗരസഭാതല സാങ്കേതിക സമിതി അംഗീകരിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ നഗരസഭാതിർത്തിയിൽ ഉൾപ്പെടുന്ന കുളം, തോട്, ചാനൽ എന്നീ എല്ലാ ജല സ്രോതസ്സുകളേയും സംരക്ഷിക്കുന്നതിന് വിശദമായ നിർദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അമരവിള വാർഡിലെ പ്രധാന കുളമായ അട്ടക്കുളം ചെളി കോരി കാട് വെട്ടി പാർശ്വ ഭിത്തി കെട്ടി കയർഭൂവസ്ത്രം ഉപയോഗിച്ച് ബണ്ട് സംരക്ഷണവും നടത്തേണ്ടതാണെന്ന് നിർദേശിച്ചിട്ടുണ്ട്. ഈ നിർദേശം പാലിക്കുന്നതിന് ഉതകുന്ന വിധത്തിലുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തി അതിനാവശ്യമായ തുക വകയിരുത്തി പദ്ധതി നടപ്പാക്കേണ്ടിയിരുന്നു. ഇതിന് പകരം 498400/- രൂപ മുടക്കി കേവലം 53 മീറ്റർ കരിങ്കല്ല് ബണ്ട് കെട്ടിയത് കൊണ്ട് യാതൊരുവിധ പ്രയോജനവും ഉണ്ടായില്ല. കരിങ്കല്ല് കെട്ട് ഉൾപ്പെടെ മഴവെള്ളത്തിൽ ഒലിച്ച് പോയതുമൂലം കുളത്തിലെ വെള്ളം മുഴുവൻ വാർന്ന് കുളം വറ്റി ഉപയോഗശൂന്യമായി.

പദ്ധതി രൂപീകരണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കിയതിലും അംഗീകാരം നേടിയതിലും അപാകത കണ്ടെത്തിയിട്ടുണ്ട്. 17.3.2020 ലെ സാധാരണ കൗൺസിൽ തീരുമാനം അനുസരിച്ച് എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ അനുമതി ലഭിച്ചിരിക്കുന്നു. എന്നാൽ എം ബുക്ക് പ്രകാരം 7.01.2020 ന് പ്രവൃത്തി ആരംഭിച്ച് 4.2.2020 ൽ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി റിവൈസ് ചെയ്യുന്നതിന് അംഗീകാരം ലഭിക്കുന്നതിന് മുൻപ് പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നു. പദ്ധതി റിവൈസ് ചെയ്തത് കൗൺസിലറുടേയും നാട്ടുകാരുടേയും ആവശ്യപ്രകാരമാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ 19.2.2020 ൽ നടന്ന വാർഡ് സഭയിൽ ഈ വിഷയം ഉന്നയിക്കപ്പെട്ടിട്ടില്ല. പദ്ധതി രൂപീകരണത്തിലെ പാളിച്ച മൂലവും ആവശ്യത്തിന് തുക വകയിരുത്താത്തതിനാലും കർഷകരുടെ കൃഷി ആവശ്യങ്ങൾ നിറവേറ്റുന്നതിന് നടപ്പാക്കിയ പദ്ധതിലക്ഷ്യം കൈവരിച്ചിട്ടില്ല. 498400/- രൂപയുടെ വിനിയോഗം പാഴ്ച്ചെലവായി പരിണമിച്ചു. ട്രഷറി നിയന്ത്രണം ഉണ്ടായിരുന്നതിനാൽ 2019-20-ൽ ഈ തുക പിൻവലിക്കുന്നതിന് സാധിച്ചിട്ടില്ല. 2020-21ലാണ് തുക മാറിയിരിക്കുന്നത്. കുളം നവീകരണ പദ്ധതിയിലെ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13, തീയതി : 13.10.2021), വസ്തുതാ വിരുദ്ധമായി കുളം നവീകരിച്ച് കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു എന്ന മറുപടിയാണ് ലഭ്യമാക്കിയത്.

മാത്രവുമല്ല കുളത്തിന് മുകളിലെ റോഡിൽ നിന്നും വരുന്ന ഓടയിലെ മലിന ജലം ഒഴുകി സമീപ പ്രദേശത്തെ കൃഷിയിടങ്ങളും കൃഷിയോഗ്യമല്ലാതായി എന്ന് നേരിട്ടുള്ള സ്ഥലപരിശോധനയിൽ ബോധ്യമായിട്ടുണ്ട്. ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിച്ച് കുളം നവീകരിച്ച് സംരക്ഷിക്കേണ്ടതും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

## 1-48 മരാമത്ത് പ്രവൃത്തികൾ - കാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല

2019-20 ൽ നിർവ്വഹണം നടത്തിയ പ്രവൃത്തികളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവ്യത്തി പൂർത്തീകരിക്കാതിരുന്നതിന് നിയമാനുസൃതമായ ഫൈൻ ഈടാക്കിയിട്ടില്ല. ജി.ഒ(പി)13/2012/പി.ഡബ്ല്യഡി തീയതി 01.02.2012, തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.8.2018ലെ എ.സി.2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ എന്നിവ പ്രകാരം കരാറുകാരൻ യഥാസമയം പ്രവ്യത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസക്കാലയളവിനും രണ്ട് ശതമാനം നിരക്കിലും ഈടാക്കേണ്ടതാണ്. ഇപ്രകാരം പിഴ ഈടാക്കാതിരുന്നതിന് ഉദാഹരണം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | കരാർ ഒപ്പ് വച്ചത് | പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി | കാലതാമസം | എം ബുക്ക് | കരാർ തുക |
|---|---|---|---|---|---|---|
| 424/20 | 1.8.2018 | 01.11.2018 | 5.7.2019 | 8 മാസം 5ദിവസം | 188/18-19 | 367888 |
| 383/20 | 25.2.2019 | 24.05.2019 | 13.7.2019 | 1 മാസം 20 ദിവസം | 80/18-19 | 313514 |

| | | | | | | |
|---|---|---|---|---|---|---|
| 379/20 | 18.9.2018 | 17.12.2018 | 8.7.2019 | 6 മാസം 22 ദിവസം | 20/19-20 | 198868 |
| 407/20 | 18.9.2018 | 17.12.2018 | 30.8.2019 | 8 മാസം 14 ദിവസം | 31/18-19 | 175000 |

സെലക്ഷൻ നോട്ടീസ് ലഭിച്ച് കഴിഞ്ഞ് നിശ്ചിത സമയത്തിനുള്ളിൽ കരാറുകാർ കരാറിൽ ഏർപ്പെടേണ്ടതാണ്. അല്ലാത്ത പക്ഷം ഒരു ശതമാനം പിഴ ഈടാക്കേണ്ടതാണ്. ഇപ്രകാരം നിശ്ചിത സമയത്തിനുള്ളിൽ കരാറിൽ ഏർപ്പെടാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | സെലക്ഷൻ നോട്ടീസ് തീയതി | കരാർ ഒപ്പ് വയ്ക്കേണ്ട തീയതി | കരാർ ഒപ്പ് വച്ചത് | എം ബുക്ക് | കരാർ തുക |
|---|---|---|---|---|---|
| 407/20 | 14.8.2018 | 3.9.2018 | 18.9.2018 | 31/18-19 | 175000 |
| 422/20 | 9.7.2018 | 18.7.2018 | 1.8.2018 | 189/18-19 | 189620 |
| 401/20 | 9.7.2018 | 18.7.2018 | 1.8.2018 | 149/18-19 | 498500 |

മേൽ പട്ടികകളിൽ പരാമർശിച്ച പ്രവൃത്തികളുടേയും 19-20 ൽ നടപ്പാക്കിയ മറ്റ് മരാമത്ത് പ്രവൃത്തികളുടേയും കരാറിൽ ഏർപ്പെടേണ്ടതും പ്രവൃത്തി പൂർത്തീകരിക്കേണ്ടതുമായ കാലാവധിയിൽ അധികമായി വന്ന സമയത്തിന് ആനുപാതികമായ പിഴ ഈടാക്കേണ്ടതാണ്.

## 1-49 ആസ്തി സംരക്ഷണം, കുളം നവീകരണം - പദ്ധതികൾ നടപ്പാക്കിയില്ല.

ആസ്തി സംരക്ഷണം, കുളം നവീകരണം എന്നിവയ്ക്കായി അംഗീകാരം ലഭിച്ചെങ്കിലും നടപ്പാക്കാത്ത പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര്, നമ്പർ | അടങ്കൽ തുക |
|---|---|---|
| 1 | കുളങ്ങളുടെ നവീകരണം (472/20) | 30,00,000/- |
| 2 | ആസ്തി സംരക്ഷണം ( 176/20) | 25,72,171/- |
| 3 | ആസ്തി സംരക്ഷണം ( 432/20) | 25,00,000/- |

മേൽ പദ്ധതികൾ നടപ്പാക്കാത്തതിനുള്ള കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.55/23.10.21)മറുപടി ലഭ്യമാക്കിയില്ല. നഗരസഭയുടെ അടിസ്ഥാന സൌകര്യ വികസനത്തിനും കൃഷിക്കാരുടെയും മറ്റ് ജനവിഭാഗങ്ങളുടെയും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള ഇത്തരം പദ്ധതികൾ നടപ്പാക്കാതിരുന്നത് ഭരണസംവിധാനത്തിന്റെ പോരായ്മയായി ഓഡിറ്റ് വിലയിരുത്തുന്നു. ഇതുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും സ്റ്റാന്റിംഗ് കമ്മിറ്റിയും ഈ വിഷയം പരിശോധിച്ച് മുൻഗണനാ അടിസ്ഥാനത്തിൽ തയ്യാറാക്കി അംഗീകാരം ലഭിക്കുന്ന പദ്ധതികൾ നടപ്പാക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. നഗരസഭയ്ക്ക് ലഭ്യമായ ഫണ്ട് പൂർണ്ണമായും വിനിയോഗിച്ച് ജനക്ഷേമവും അടിസ്ഥാനസൌകര്യവികസനവും ഫലപ്രദമായി നടപ്പാക്കുന്നതിന് ഭരണസമിതി ജാഗ്രത പുലർത്തേണ്ടതാണ്.

## 1-50 പെർഫോർമൻസ് ഗ്യാരന്റി ഈടാക്കിയതിൽ കുറവ്

പദ്ധതിയുടെ പേര് മണലൂർ വാർഡിൽ ചെങ്കോട്ട്കോണം റോഡ് മെറ്റലിംഗ് ആന്റ് റീ ടാറിംഗ് (405/2020)

അടങ്കൽ തുക 1954733/-

ചെലവ് തുക 1941320/-

ബിൽ നം 53/19-20, 5.9.2019

നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എഞ്ചിനീയർ

കരാറുകാരൻ ശ്രീ. ഇസ്രയേൽ

മേൽ പദ്ധതിയുടെ കരാർ തുക 1954733/- ആയിരിക്കേ പെർഫോർമൻസ് ഗ്യാരന്റി ആയി 50000/- രൂപ ഒടുക്കുന്നതിന് 17.11.2018ലെ സെലക്ഷൻ നോട്ടീസ് മുഖേന ആവശ്യപ്പെട്ടിരിക്കുന്ന (ബാങ്ക് സെക്യൂരിറ്റി 25000/-, ട്രഷറി സേവിംഗ്സ് 25000/- ). GO(p) NO. 429/15/fin 28.9.2015പ്രകാരം കരാർ തുകയുടെ 5% പെർഫോർമൻസ് ഗ്യാരന്റി ആയി നിജപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 97737/-രൂപ ഈടാക്കേണ്ടതായിരുന്നു. കുറഞ്ഞ തുക ഈടാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 80/26.10.21-ന് മറുപടി ലഭ്യമാക്കിയില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-51 മിനി ഷോപ്പിംഗ് കോംപ്ലക്സ് പൂർത്തീകരണം - പദ്ധതി നടപ്പാക്കിയില്ല

ജില്ലാ ആസൂത്രണസമിതി അംഗീകരിച്ച സ്പിൽ ഓവർ പ്രോജക്ടായ മിനി ഷോപ്പിംഗ് കോംപ്ലക്സ് പൂർത്തീകരണം എന്ന പദ്ധതിയ്ക്ക് 2019-20 വർഷത്തിൽ 10,00,000/- രൂപ അടങ്കൽ വകയിരുത്തിയെങ്കിലും തൻവർഷം നടപ്പാക്കിയില്ല. ഈ സാഹചര്യത്തിൽ ഇതു സംബന്ധിച്ച താഴെപ്പറയുന്ന വിവരങ്ങൾ ഓഡിറ്റ് എൻക്വയറി നം.67/23.10.21പ്രകാരം ആവശ്യപ്പെട്ടിരുന്നു.

1) പദ്ധതി ആരംഭിച്ച വർഷം.

2) ആരംഭിച്ച സമയത്തെ അടങ്കൽ തുക

3) കോൺട്രാക്ടറുടെ പേര്

4) പദ്ധതി പൂർത്തീകരിക്കാൻ അനുവദിച്ച സമയം

5) പദ്ധതി വൈകാനുള്ള കാരണം

6) 2019-20വർഷത്തിൽ പൂർത്തീകരണ പ്രവൃത്തി നടത്താതിരുന്നതിന്റെ കാരണം

എന്നാൽ പ്രസ്തുത വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല. മിനി ഷോപ്പിംഗ് കോംപ്ലക്സ് പൂർത്തീകരണവുമായി ബന്ധപ്പെട്ട് 23.10.21-ലെ 67-ാം നമ്പർ ഓഡിറ്റ് അന്വേഷണ പ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-52 ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത നടപ്പാതകളിൽ ഇന്റർലോക്ക് ടൈൽ പാകിയത് - 246839/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പദ്ധതിയുടെ പേര് :പനങ്ങാട്ടുകരി വാർഡിലെ സമതാ ഗാർഡനിലെ വിവിധ നടപ്പാതകളിൽ ഇന്റർലോക്കിംഗ്

അടങ്കൽ തുക : 250000/- രൂപ

ചെലവ് : 246839/- രൂപ

ബിൽ നം./തീയതി : 110/25.02.2020
നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റൻറ് എഞ്ചിനിയർ

മേൽ പദ്ധതി പ്രകാരം പനങ്ങാട്ടുകരി വാർഡിലെ 7 ചെറിയ നടപ്പാതകൾ 246839/- രൂപ ചെലവിട്ട് ഇന്റർലോക്ക് ടൈൽ പാകിയിരുന്നു. എന്നാൽ ടി നടപ്പാതകൾ നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതായി കാണുന്നില്ല. ഇത് സംബന്ധിച്ച് മുനിസിപ്പൽ എഞ്ചിനീയർക്ക് 27/10/2021 ന് നല്കിയ ഓഡിറ്റ് അന്വേഷണം നം.80 മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടിയിനത്തിൽ ചെലവിട്ട തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-53 സൈറ്റിൽ നിന്നും ലഭിച്ച മണ്ണിനുപകരം കരാറുകാരന്റെ സ്വന്തം മണ്ണ് ഉപയോഗിച്ചതുമൂലം ധനനഷ്ടം- 9109/ രൂപ

പ്രോജക്ടിന്റെ പേര് - വട്ടകോട് വാർഡിലെ ഐന്തലക്കോണം കുളം നവീകരണം

പ്രോജക്ട് നമ്പർ - 248/20

ഫണ്ട് - CFC

അടങ്കൽ - 10 ലക്ഷം

M Book No. - 229/2019-20

Bill No – 15/21.02.2021

ചെലവ് തുക – 8,99,885/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

ഈ പ്രോജക്ടിന്റെ ഐറ്റം നമ്പർ 3-ലെ Earth Work Excavation By Mechanical Means ൽ 50.352.$m^3$ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. ഈ പ്രവൃത്തിയിൽ എക്സ്ട്രാ ഐറ്റമായി നിർവഹിച്ച കരാറുകാരന്റെ സ്വന്തം മണ്ണ് ഉപയോഗിച്ചുള്ള മണ്ണ് നിറയ്ക്കലിന് 263.29 $M^3$ ന് 51185.81 രൂപ ചെലവിട്ടു. (ഐറ്റം നം.3 പ്രകാരം ലഭിച്ച മണ്ണ്,എക്സട്രാ ഐറ്റമായി ചെയ്ത മണ്ണ് നിറയ്ക്കലിന് ഉപയോഗയോഗ്യമല്ല എന്ന് ബന്ധപ്പെട്ട എൻജിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല )ഈ സാഹചര്യത്തിൽ മേല്പടി മണ്ണ് നിറയ്ക്കലിന് ഐറ്റം നം 3പ്രകാരം സൈറ്റിൽ നിന്നും ലഭിച്ച 50.352m3മണ്ണ്

ഉപയോഗിച്ച ശേഷം യഥാർത്ഥത്തിൽ ആവശ്യമായ മണ്ണിന്റെ അളവ് 212.93m3 മാത്രമാണ്.എന്നാൽ ഈയിനത്തിൽ ഉപയോഗിച്ച മുഴുവൻ മണ്ണും കരാറുകാരന്റെ സ്വന്തം മണ്ണ് എന്ന് കണക്കിലെടുത്ത് തുക നല്കിയതിലൂടെ 9109/രൂപ അധിക ചെലവ് ഉണ്ടായതായി കാണുന്നു.

ഈയിനത്തിന് അനുവദനീയമായ തുക ചുവടെ ചേർക്കുന്നു.

മണ്ണ് നിറയ്ക്കലിന് വേണ്ടിവന്ന ആകെ മണ്ണിന്റെ അളവ് - 263.29$m^3$

ഐറ്റം 3 പ്രകാരം ലഭിച്ച മണ്ണ് - 50.352m3

കരാറുകാരൻ സ്വന്തം നിലയ്ക്ക് ലഭ്യമാക്കേണ്ട മണ്ണിന്റെ അളവ്-212.93m3(263.29-50.352)

കുറയ്ക്കുക 20% Consolidation – 42.58$m^3$

ശേഷിക്കുന്ന അളവ് = 170.35m3

അനുവദനീയമായ തുക-170.35x247 = 42076.45

അനുവദിച്ച തുക – 51185.81

അധികം നൽകിയത് - 9109/

ഉത്തരവാദിയായ വ്യക്തിയിൽ നിന്ന് അധികമായി അനുവദിച്ച തുക ഈടാക്കേണ്ടതാണ്.
2019-20 പണി പൂർത്തീകരിച്ചെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം 2020-21 ലാണ് ബില്ല് മാറിയത്. (ബിൽ നം.15/21.02.2021) ചെലവ് നടന്നത് 2020-21-ൽ ആയതിനാൽ ഇത് സംബന്ധിച്ച ഓഡിറ്റ് ഉടർനടപടികൾ 2020-21 വർഷത്തെ ഓഡിറ്റിൽ സ്വീകരിക്കുന്നതായിരിക്കും.

## 1-54 ഡി.പി.സി അംഗീകരിക്കാത്ത പദ്ധതിക്ക് തുക ചെലവഴിച്ചു.

| | |
|---|---|
| പദ്ധതി നമ്പർ | SO364/20 |
| പദ്ധതി | സാക്ഷരത തുല്യത പരിപാടി |
| അടങ്കൽ | 3,77,200/- |
| ചെലവ് | 1,47,750/- |
| ബിൽ നം.,തീയതി & തുക | 7/19-20/30.08.2019 1,20,250/- |
| നിർവ്വഹണം | പ്രിൻസിപ്പാൾ, ഗവ. ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ, നെയ്യാറ്റിൻകര |

മേൽ പദ്ധതിയ്ക്ക് സുലേഖ സ്റ്റേറ്റ്മെൻറ് പ്രകാരം വികസന ഫണ്ടിൽ നിന്നും 1,47,750/- രൂപയുടെ ചെലവ് നടന്നിട്ടുണ്ട്. ബിൽ ബുക്ക് പ്രകാരം തൻവർഷം 1,20,250/-രൂപയാണ് ടി പദ്ധതി നടത്തിപ്പിനായി പിൻവലിച്ചിട്ടുള്ളത് . പദ്ധതി പ്രകാരം 65 പഠിതാക്കൾക്ക് 1,850/-(കോഴ്സ് ഫീസ് 1,750/- + രജിസ്ട്രേഷൻ ഫീസ് 100) നിരക്കിൽ 1,20,250/-രൂപ ഡയറക്ടർ,കേരള സംസ്ഥാന സാക്ഷരതാ മിഷന് കൈമാറിയിട്ടുണ്ട്. 65 പഠിതാക്കളിൽ 57 പേർ പരീക്ഷ എഴുതിയിട്ടുണ്ട്.ബാക്കി 8 പേർ ഇനി പരീക്ഷ എഴുതുവാനുണ്ട്. ടി പദ്ധതിക്കായി നഗരസഭ അംഗീകരിച്ച ഗുണഭോക്താക്കളുടെ പട്ടിക ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

പദ്ധതി തുകയുടെ ഒരു ഭാഗം അതായത് 27,500/-രൂപ "ഗുഡ് ഇംഗ്ളീഷ് " എന്ന മറ്റൊരു പദ്ധതിക്ക് വകമാറ്റി ചെലവഴിച്ചതായി കാണുന്നു. പ്രസ്തുത പദ്ധതിക്ക് ഡി.പി.സി-യുടെയോ മുനിസിപ്പാലിറ്റി കൗൺസിലിന്റെയോ അംഗീകാരം ഉണ്ടായിരുന്നില്ല. ഇപ്രകാരം തുക വകമാറ്റാനുണ്ടായ കാരണം/മറുപടി ലഭ്യമാക്കാൻ 25.10.2021 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.59 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുഡ് ഇംഗ്ലീഷ് എന്ന പദ്ധതികൾ ഡി.പി.സി/നഗരസഭാ കൗൺസിൽ എന്നിവയുടെ അംഗീകാരം ലഭിച്ചിരുന്നു എന്നുള്ള വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-55 സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിരിക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – പ്രിൻസിപ്പാൾ, ഗവ. ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ, നെയ്യാറ്റിൻകര.
സർക്കാർ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കേരളാ സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ Centralised Procurement And Rate Contract System (Cprcs)(www.cprcs.kerala.gov.in)മുഖേന വാങ്ങേണ്ടതാണെന്ന നിബന്ധന ഉൾപ്പെടുത്തി സ്റ്റോർ പർച്ചേസ് മാന്വലിൽ ഖ.7.52 കൂട്ടിച്ചേർത്തിട്ടുണ്ട് [ജി.ഒ.(പി) നം.10/2019/എസ്.പി.ഡി തീയതി 22.08.19]. 2018-19 സാമ്പത്തിക വർഷം ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഇ-ലൈബ്രറി പദ്ധതി പ്രകാരമുള്ള കമ്പ്യൂട്ടർവൽക്കരണത്തിന് 02 കമ്പ്യൂട്ടറും

അനുബന്ധ ഉപകരണങ്ങളും ബാർകോഡ് സ്കാനറും 2019-20 സാമ്പത്തിക വർഷം സ്പിൽ ഓവർ പദ്ധതിയായി (പദ്ധതി നം.366/19-20 ബിൽ നം.5/19-20 തീയതി 14.08.19) ഉൾപ്പെടുത്തി പാർച്ച്മെൻറ് ലൈബ്രറി ഓർഗനൈസേഷൻ എന്ന സ്ഥാപനത്തിൽ നിന്നും 75,000/- രൂപക്ക് വാങ്ങിയിട്ടുണ്ട് [Parchment ലൈബ്രറി ഓർഗനൈസേഷൻ ബിൽ നം.3059 തീയതി18.07.2019 പ്രകാരം 02 കമ്പ്യൂട്ടർ(Duel Core,RAM-4GB,HD 500 GB,DVD/18.5"Monitor ) 30000 X 2 = 60,000/-,02 ബാർക്കോഡ് സ്ക്കാനർ (BS-c101-STAR TV3) 7500 X 2 = 15,000/-] മേൽ ഉപകരണങ്ങൾ പോർട്ടലിൽ നിന്നും വാങ്ങാമെന്നിരിക്കെ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുവാനുണ്ടായ സാഹചര്യം ലഭ്യമാക്കുവാൻ 20.10.2021 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.36 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിഷയം സംബന്ധിച്ച മറുപടി ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-56 മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ ഹാജരാക്കിയില്ല - 1,81,60,206/- രൂപ തടസ്സപ്പെടുത്തുന്നു

അസി. എഞ്ചിനീയറുടെ ചെലവ് പത്രിക പ്രകാരം 2019-20 വർഷത്തിൽ നടപ്പിലാക്കിയ ചുവടെ ചേർത്തിരിക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് അന്വേഷണം നം.78/23.10.21) ഹാജരാക്കിയില്ല. ആയതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

| ക്രമ നമ്പർ | പദ്ധതി നമ്പർ | ചെലവ് തുക |
|---|---|---:|
| 1 | 282/20 | 73016 |
| 2 | 285/20 | 150000 |
| 3 | 286/20 | 683062 |
| 4 | 294/20 | 653922 |
| 5 | 297/20 | 474715 |
| 6 | 298/20 | 693000 |
| 7 | 299/20 | 740937 |
| 8 | 304/20 | 488530 |
| 9 | 306/20 | 538907 |
| 10 | 307/20 | 1788187 |
| 11 | 308/20 | 684064 |
| 12 | 309/20 | 237090 |
| 13 | 310/20 | 291871 |
| 14 | 316/20 | 800000 |
| 15 | 318/20 | 498120 |
| 16 | 319/20 | 367155 |

| | | |
|---|---|---|
| 17 | 321/20 | 1450819 |
| 18 | 322/20 | 1316686 |
| 19 | 323/20 | 443211 |
| 20 | 382/20 | 361822 |
| 21 | 394/20 | 149649 |
| 22 | 397/20 | 497534 |
| 23 | 410/20 | 591820 |
| 24 | 413/20 | 399523 |
| 25 | 415/20 | 397052 |
| 26 | 418/20 | 847359 |
| 27 | 438/20 | 843926 |
| 28 | 445/20 | 311353 |
| 29 | 458/20 | 156466 |
| 30 | 468/20 | 535174 |
| 31 | 473/20 | 246005 |
| 32 | 475/20 | 449231 |
| | | 1,81,60,206 |

## 1-57 ചെലവഴിക്കാത്ത തുക ശുചിത്വ മിഷനിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്-1,32,990/- രൂപ.

മുനിസിപ്പാലിറ്റിയിൽ 2019-20 കാലയളവിൽ ഹെൽത്ത് ഇൻസ്പെക്ടർ നടപ്പിലാക്കിയ പ്രോജക്ട് നം. 357/2020 (നാപ്കിൻ ഡിസ്ട്രോയൽ മെഷീൻ സ്ഥാപിക്കൽ) പ്രകാരം 31 നാപ്കിൻ മെഷീൻ 1,01,290/- രൂപയ്ക്ക് വാങ്ങി മുനിസിപ്പാലിറ്റിയുടെ വിവിധ സ്ഥാപനങ്ങളിൽ സ്ഥാപിക്കൽ ആണ് വിഭാവനം ചെയ്തിട്ടുള്ളത് സി.എഫ്.സി.ഗ്രാൻറ് 1251080/ രൂപയും സംസ്ഥാനവിഹിതം754920/ രൂപയും കേന്ദ്രവിഹിതം 1134000/- രൂപയും ലഭിച്ചിട്ടുണ്ട്. സംസ്ഥാന കേന്ദ്ര വിഹിതം ഐ.സി.ഐ.സി.ഐ. ബാങ്കിലാണ് നിക്ഷേപിച്ചിട്ടുള്ളത്. പ്രോജക്ട് പ്രകാരമുള്ള 31 മെഷീനുകളും SIDCO വഴി വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. യൂണിറ്റ് ഒന്നിന് 97,000/- രൂപയാണ് SIDCOയ്ക്ക് നല്കിയത്. സി.എഫ്.സി. വിഹിതം പൂർണമായും വിനിയോഗിച്ചിട്ടുണ്ട്. ശുചിത്വ മിഷനിൽ നിന്നും ലഭിച്ച തുകയിൽ 1,32,990/-രൂപ അവശേഷിക്കുന്നു. പ്രോജക്ട് പൂർത്തീകരിച്ചിട്ടുള്ളതിനാൽ ചെലവഴിക്കാത്ത തുകയായ 1,32,990/- രൂപ തിരിച്ചടയ്ക്കേണ്ടതാണ്.

## 1-58 മെഡിക്കൽ ലാബ്-കെട്ടിടമില്ലാതെ ലാബ് ഉപകരണങ്ങൾ വാങ്ങി 2,10,547/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.6,62,882/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ – 361/20

പ്രോജക്ട് നമ്പർ പേര് - പി.എച്ച്.സി.ക്ക് ലാബ് സജ്ജീകരണം.

അടങ്കൽ - 15,00,000/-

ചെലവ് -8,73,429/-

ഫണ്ടിനം -Maintanence-nonroad

ബിൽ നമ്പർ തിയതി -1/28.06.2019

നിർവഹണ ഉദ്യോഗസ്ഥ-മെഡിക്കൽ ഓഫീസർ (PHC)

2018-19 ൽ ഡി.പി.സി. അംഗീകാരം ലഭിച്ച് 3,32,520/- രൂപ ചെലവിട്ട ഈ പ്രോജക്ടിന്റെ സ്പിൽ ഓവറായി 2019-20 ൽ ചെലവിട്ടത് 8,73,429/- രൂപയാണ്. പ്രോജക്ടിന്റെ നിർവ്വഹണത്തിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ലാബ് കെട്ടിടനിർമ്മാണം പൂർത്തിയാകുന്നതിനു മുൻപ് ലാബ് ഉപകരണങ്ങൾ വാങ്ങിയതുമൂലം, ആയത് സ്ഥാപിക്കാനാവാതെ നശിക്കുന്നു.

2)കെൽട്രോൺ, കെ.എം.എസ്.സി.എൽ, പവർ എസ്സ്. എന്നിവിടങ്ങളിൽ നിന്നും വാങ്ങിയ ഉപകരണങ്ങൾ കരാർ പ്രകാരം അവ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയതിനുശേഷമാണ് അവസാനഗഡു നല്കേണ്ടത്. എന്നാൽ ക്രമവിരുദ്ധമായി മുഴുവൻ തുകയും മുൻകൂർ അനുവദിച്ചതായി കാണുന്നു.

3)കെൽട്രോണിൽ നിന്നും 1,15,852/- രൂപയ്ക്ക് ലഭിക്കേണ്ട രണ്ട് ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ, യു.പി.എസ്, പ്രിന്റർ, സ്കാനർ എന്നിവയും കെ.എം.എസ്.സി.എല്ലിൽ നിന്നും 94,695/- രൂപയ്ക്ക് ലഭിക്കേണ്ട ഒരു എലക്ട്രോലൈറ്റ് അനലൈസറും നാളിതുവരെ ലഭിച്ചിട്ടില്ല.

4)ഇലക്ട്രിക്, ഇലക്ട്രോണിക് സാധനങ്ങളുടെ വാറണ്ടികാലയളവ് പരമാവധി 1 മുതൽ 2 വർഷം വരെയാണ്. നാളിതുവരെ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ വാറണ്ടി പ്രയോജനപ്പെടുത്താൻ കഴിയില്ല.

5)കെമിക്കലുകളും, മറ്റു എക്സ്പയറി കാലാവധി ഉള്ളതിനാൽ അത്തരം വസ്തുക്കൾ ഇതിനകം ഉപയോഗശൂന്യമായിട്ടുണ്ടാവും.

6)ബിൽ പ്രകാരം ലഭിച്ച സാധനങ്ങൾ ഇൻവോയിസ് പ്രകാരമുള്ളതാണോയെന്ന് ഉറപ്പുവരുത്താതെ സ്റ്റോക്കിലെടുത്തതായി കാണുന്നു. പ്രാദേശിക പരിശോധനയിൽ ഇവ പാക്കിംഗ് പൊട്ടിക്കാത്ത നിലയിൽ കാണപ്പെട്ടു.

18/10/2021ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ ടി പ്രോജക്ട് പ്രകാരം 2018-19, 19-20 വർഷങ്ങളിലായി വാങ്ങിയ സാധനങ്ങൾ ഒന്നും തന്നെ സ്ഥാപിച്ചിട്ടില്ലായെന്നും ലബോറട്ടറി പ്രവർത്തനം ആരംഭിച്ചിട്ടില്ലായെന്നും ബോധ്യമായി.

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(16/23.10.2021) മറുപടിയായി, സ്ഥലസൗകര്യം ഇല്ലാത്ത കാര്യം താൻ നഗരസഭയെ 26/12/2018, 02/02/2019 തിയതികളിൽ കത്തുകളിലൂടെ അറിയിച്ചതായും, ലാബിനാവശ്യമായ കെട്ടിടം 31/03/2019 മുൻപുതന്നെ പൂർത്തിയാക്കും എന്ന് നഗരസഭ മെഡിക്കൽ ഓഫീസർക്ക് കത്തിലൂടെ ഉറപ്പ് നല്കിയതായും, ഇതിന്റെ അടിസ്ഥാനത്തിലാണ് മെഡിക്കൽ ഓഫീസർ സാധനങ്ങൾ വാങ്ങിയതെന്നും നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. സ്ഥലസൗകര്യം ഉറപ്പുവരുത്താതെ ലാബ് ഉപകരണങ്ങളും കെമിക്കലുകളും വാങ്ങാൻ പ്രോജക്ട് തയ്യാറാക്കി പദ്ധതി നിർവഹണം നടത്തിയ നിർവഹണ ഉദ്യോഗസ്ഥയും ഉറപ്പു നല്കിയതുപോലെ യഥാസമയം കെട്ടിടനിർമ്മാണം പൂർത്തിയാകുന്നതിൽ വീഴ്ച വരുത്തിയ കൗൺസിലും ഇതിൽ ഒരുപോലെ ഉത്തരവാദിയാണ്.

പൊതുജനങ്ങൾക്ക് ഏറെ പ്രയോജനം ലഭിക്കേണ്ടിയിരുന്ന ഈ പ്രോജക്ട്, നിർവഹണത്തിലെ അപാകതകൾ മൂലം നാളിതുവരെ ലക്ഷ്യം കണ്ടില്ല. 26/10/2020 ൽ ഉദ്ഘാടനം കഴിഞ്ഞ കെട്ടിടം ഇപ്പോഴും തുറന്ന് പ്രവർത്തിക്കാത്തത് നഗരസഭയുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണ്.

പദ്ധതിക്കായി ക്രമവിരുദ്ധമായി മുൻകൂർ പണം നല്കിയിട്ടും നാളിതുവരെ ലഭിക്കാത്ത സാധനങ്ങളുടെ വിലയായ 2,10,547/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ലഭിച്ച സാധനങ്ങൾ ലബോറട്ടറിയിൽ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ ബാക്കി ചെലവ് തുകയായ 6,62,882/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-59 ഹോമിയോ ആശുപത്രിയിൽ സൗരോർജ്ജ ഇൻവെർട്ടർ-സ്ഥാപിച്ചതിന്റെ പിറ്റേ ദിവസം മുതൽ പ്രവർത്തനരഹിതമായി ( 82,792/-രൂപ നിരാകരിക്കുന്നു, 7,45,133/-രൂപ തടസ്സപ്പെടുത്തുന്നു)

പ്രോജക്ട് നം-SO 314/19-20

അടങ്കൽ -8,30,000/-

ചെലവ് -8,27,925/-

ബിൽനം. -1/30-04-2019.

നിർവഹണ ഉദ്യോഗസ്ഥ - മെഡിക്കൽ ഓഫീസർ, ഹോമിയോ

25/01/2018ൽ നെയ്യാറ്റിൻകര സർക്കാർ ഹോമിയോ ആശുപത്രി സൂപ്രണ്ട്, നഗരസഭ ചെയർപേഴ്സന് നല്കിയ 10/2018/GHH നമ്പർ കത്തിൽ നെയ്യാറ്റിൻകര സർക്കാർ ഹോമിയോ ആശുപത്രിയിലെ ക്ലിനിക്കൽ ലാബിന്റെയും, ഫിസിയോതെറാപ്പി യൂണിറ്റിന്റെയും പ്രവർത്തനം ജനങ്ങളിൽ വേണ്ടവിധം എത്തിക്കുന്നതിന് തടസ്സമില്ലാത്ത വൈദ്യുതി അനിവാര്യം ആണെന്നും ആയതിനാൽ സോളാർ സംവിധാനം ഉള്ള ഇൻവെർട്ടർ സ്ഥാപിച്ച് നല്കണമെന്ന് അപേക്ഷിച്ചതായി കാണുന്നു.

ഇതനുസരിച്ച് 2017-18ൽ തയ്യാറാക്കി ഡി.പി.സി അംഗീകരിച്ച "ഹോമിയോ ആശുപത്രിയിൽ ഇൻവെർട്ടർ "എന്ന പ്രോജക്ട് "ഓഫ് ലൈൻ സോളാർപവർ പ്ലാൻറ്" എന്നു മാറ്റുന്നതിനും, സർക്കാർ സ്ഥാപനമായ കെൽട്രോൺ സമർപ്പിച്ച 8,30,000/- രൂപയുടെ പ്രോജക്ട് അംഗീകരിക്കാനും 1/3/2019ൽ കൂടിയ കൗൺസിൽ തീരുമാനിക്കുകയും 2019-20 വർഷത്തിൽ നിർവഹണം നടത്തുകയും ചെയ്തു. 30/10/2019ൽ

പണി പൂർത്തിയാക്കിയെങ്കിലും 2/11/2019ൽ പ്ളാൻറ് കെൽട്രോൺ അറ്റകുറ്റ പണികൾക്കായി ഓഫ് ചെയ്തു. പത്ത് ദിവസത്തിനകം പ്ളാൻറ് പ്രവർത്തന ക്ഷമമാക്കാമെന്ന് 5/11/2019ലെ MKTG/F2/CSP237/PEG9(s)/2019-20/291നമ്പർ കത്ത് പ്രകാരം കെൽട്രോൺ അറിയിച്ചെങ്കിലും നാളിതുവരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ല. ഇക്കാര്യം ബോധ്യപ്പെട്ടത്തികൊണ്ട് 11.10.2021ലെ 1-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഫണ്ട് ലാപ്സാകാതിരിക്കാനാണ് ലഭ്യമായ തുക ചെലവിട്ട് പ്ലാന്റ് സ്ഥാപിച്ചതെന്നും സോളാർ ഇൻവെർട്ടർ ഇതുവരെ പ്രവർത്തിച്ചിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്. ഹോമിയോ മെഡിക്കൽ ഓഫീസർ, മുനിസിപ്പൽ ജീവനക്കാർ എന്നിവരുടെ സാന്നിധ്യത്തിൽ 24/10/2021 ന നടത്തിയ സ്ഥലപരിശോധനയിൽ പ്രസ്തുത പ്ളാൻറ് നിലവിൽ പ്രവർത്തന രഹിതമാണെന്നും, അറ്റകുറ്റ പണികൾ നടന്നുവരുന്നതായും ബോധ്യപ്പെട്ടു. ഈ പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1)സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കാനുള്ള സർക്കാർ നോഡൽ ഏജൻസി ANERTആണെന്നിരിക്കെ, ടെണ്ടർ നടപടികൾ കൂടാതെ സൗരോർജ്ജ പ്ളാൻറ് സ്ഥാപിക്കുന്നതിനുള്ള കരാർ KELTRON ന നല്കി.

2)പ്ളാൻറ് സ്ഥാപിക്കാൻ ഉദ്ദേശിച്ച സ്ഥലത്തെ സൗരോർജ്ജ ലഭ്യതയെ കുറിച്ച് പഠിക്കാതെയാണ് സൗരോർജ്ജ ഇൻവെർട്ടർ സ്ഥാപിച്ചത്. ചുറ്റം വൻമരങ്ങൾ നിറഞ്ഞുനില്ക്കുന്ന ഹോമിയോ ആശുപത്രി കോമ്പൗണ്ടിൽ സൗരോർജ്ജ ലഭ്യത തീരെ കുറവാണെന്ന് നേരിട്ടുള്ള പരിശോധനയിൽ ഓഡിറ്റിന് ബോധ്യപ്പെട്ടു.

3)10KWp കപ്പാസിറ്റിയുള്ള സോളാർപവർ പ്ളാൻറ് സ്ഥാപിക്കാനായിരുന്നു പ്രോജക്ട്. എന്നാൽ എന്തടിസ്ഥാനത്തിലാണ് പവർപ്ളാന്റിന്റെ കപ്പാസിറ്റി 10KWP അയി നിർണയിച്ചത് എന്ന് വ്യക്തമല്ല. ഇത്തരമൊരു പവർ പ്ളാൻറ് സ്ഥാപിക്കുന്നതിന മുൻമ്പ് സ്ഥാപനത്തിന് ആവശ്യമായ വൈദ്യുതിപവർ(KW)കണക്കാക്കണം. ഇതിലേയ്ക്കായി ഈ പവർപ്ളാൻറിൽ കണക്ട് ചെയ്യാൻ ഉദ്ദേശിക്കുന്ന വൈദ്യുതി ഉപകരണങ്ങളുടെ പ്രവർത്തനത്തിന് ആവശ്യമായ ആകെ വൈദ്യുതിയുടെ അളവ് (Volt, Ampere) സ്ഥാപനത്തിന് ലഭ്യമായിട്ടുള്ള വൈദ്യുതി കണക്ഷൻ (Single Phase/3phase) എന്നിവ കണക്കാക്കി ആയതിന്റെ അടിസ്ഥാനത്തിൽ ആണ് ജനറേറ്ററിന്റെ കപ്പാസിറ്റി നിർണ്ണയിക്കേണ്ടത്. എന്നാൽ ഇവിടെ ഇത്തരത്തിൽ യാതൊരുവിധ സാങ്കേതിക പഠനവും നടത്തിയതായി കാണുന്നില്ല. ലാബ് ഉപകരണങ്ങൾ പ്രവർത്തിക്കാനായിട്ടാണ് പ്രോജക്ട് വിഭാവനം ചെയ്തതെങ്കിലും 30.01.2019 ലെ MKTG/F1/SP 19-80/PEG(S) 2018-119/645 നമ്പർ കത്ത് പ്രകാരം കെൽട്രോൺ വാഗ്ദാനം ചെയ്തത്."10kwp Off Grid Solar Power Generator With 240v 50AH Battery Backup For Electric Light Loads Only " എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ 28/11/2019ൽ KELTRON സീനിയർ എഞ്ചിനീയർ, ഡോ.ബിന്ദു.എം.ബി. (ഹോമിയോ മെഡിക്കൽ സൂപ്രണ്ടിന്) നല്കിയ കത്തിൽ കെൽട്രോൺ നല്കിയ സോളാർപവർപ്ളാൻറ് പ്രൊപ്പോസൽ ലൈറ്റ് ലോഡിന് മാത്രമായിട്ടുള്ളതാണെന്നും ലാബ് ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാൻ ആവില്ലായെന്നും ആശുപത്രി അധികൃതരുടെ നിർബന്ധത്തിന് വഴങ്ങി, ലാബ് ഉപകരണങ്ങൾ, എ.സി. എന്നിവ കണക്ട് ചെയ്തത് മൂലമാണ് പ്ലാന്റ് പ്രവർത്തനരഹിതമായതെന്നും അറിയിച്ചതായി കാണുന്നു. ഇതിൽ നിന്നും ആശുപത്രിക്ക് ആവശ്യമായ ജനറേറ്ററിന്റെ കപ്പാസിറ്റി നിർണ്ണയിക്കുന്നതിൽ വീഴ്ച ഉണ്ടായതായും പദ്ധതിക്ക് അംഗീകാരം നല്കിയ സാങ്കേതിക സമിതി ഇക്കാര്യം പരിശോധിച്ചിട്ടില്ലായെന്നും കണക്കാക്കാവുന്നതാണ്.

4)KELTRON ഏർപ്പെട്ട കരാർ പ്രകാരം, പ്ലാന്റിന്റെ വാറണ്ടി 5 വർഷമാണ്. 80% അടങ്കൽ തുക മുൻകൂർ ആയും 10% സോളാർപവർ പ്ളാൻറ് പ്രവർത്തനക്ഷമമാക്കിയതിനുശേഷമാണ് കരാറിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ മെറ്റീരിയൽ അറൈവൽ റിപ്പോർട്ട് പ്രകാരം പ്ളാൻറിന്റെ സാധനസാമഗ്രികൾ ലഭ്യമാക്കിയത് 4/7/2019 ലും പണി പൂർത്തിയാക്കിയത് 20.10.2019ലുമാണ്. 2.11.2019ൽ പ്ലാന്റ് അറ്റകുറ്റ പണികൾക്കായി കെൽട്രോൺ ഓഫ് ചെയ്തു. എന്നാൽ കരാർ വ്യവസ്ഥയ്ക്ക് വിരുദ്ധമായി മുഴുവൻ തുകയും 30.04.2019 ന് നല്കിയതായി കാണുന്നു. പണി പൂർത്തിയായി പ്ളാൻറ് പ്രവർത്തനക്ഷമമാക്കിയതിനുശേഷം മാത്രം നല്കേണ്ട 10% തുക മുൻകൂറായി നല്കിയത് നിർവഹണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യതയായി ഓഡിറ്റ് വിലയിരുത്തുന്നു. ടി തുക 82,792/-രൂപ ടിയാളിൽ നിന്നും ഈടാക്കേണ്ടതാണ്.

5) 5 വർഷ വാറണ്ടികാലയളവ് ഉണ്ടായിട്ടും ലാബ് പ്രവർത്തന ക്ഷമമാക്കാത്തതിനാൽ, Keltronന് എതിരെ നിയമനടപടികൾ നാളിതുവരെ സ്വീകരിച്ചതായി കാണുന്നില്ല.

പ്രസ്തുത അപാകങ്ങളുടെ അടിസ്ഥാനത്തിൽ ഹോമിയോ ആശുപത്രിയിൽ സൗരോർജ്ജ പ്ലാന്റിനായി ചെലവിട്ട തുകയിൽ കരാർ വ്യവസ്ഥയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 82,792/-രൂപ ഓഡിറ്റിൽ നിരാകരിക്കുകയും, ശേഷിക്കുന്ന തുക 7,45,133/- (827925 - 82792) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

## 1-60 ഔഷധിയിൽ നിന്നും മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം

മുനിസിപ്പാലിറ്റിയിലെ ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങലിനായി 'ഔഷധിയുമായി' കരാറിലേർപ്പെട്ടിട്ടുള്ളതാണ്. കരാർ (1) പ്രകാരം തുക ലഭ്യമായി 60 ദിവസത്തിനകം മരുന്നുകൾ ഔഷധി ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഇതുമൂലമുണ്ടാകുന്ന നഷ്ടത്തിനുത്തരവാദി ഔഷധിയാണ്.

ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 2019-20 -ലെ രണ്ടു പ്രോജക്ടുകൾക്കായി 25 ലക്ഷം രൂപ ഔഷധിക്ക് കൈമാറി. എന്നാൽ കരാർ പ്രകാരം ഔഷധി മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കിയില്ല വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം/പേര് | തുക | കൈമാറിയ തീയതി | മരുന്നുകൾ പൂർണമായും ലഭ്യമാക്കിയ തീയതി |
|---|---|---|---|
| S0018/2020/ (ആയുർവേദ ആശുപത്രിക്ക് മരുന്ന വാങ്ങൽ) | 22 ലക്ഷം | ബിൽ നം.06/ 20.12.2019 | 06.11.2020 |
| S0014/2020/ | 3 ലക്ഷം | ബിൽ നം.2/ 01.11.2019 | 27.08.2020 |

| | | | |
|---|---|---|---|
| (പൂന്നയ്ക്കാട് ആയുർവേദ സബ്സെന്ററിലേക്ക് മരുന്ന വാങ്ങുന്നത് | | | |

മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയിൽ ഒട്ടുമിക്ക മരുന്നുകൾക്കും 2019-20 കാലയളവിൽ ദൗർലഭ്യം നേരിട്ടതായി കാണാം. ഉദാഹരണം ചുവടെ ചേർക്കുന്നു.

| പേര് | Stock തീർന്ന തീയതി | അടുത്ത സ്റ്റോക്ക് ലഭിച്ച ദിവസം |
|---|---|---|
| ഷഡ്ധാര ചൂർണം | 13.06.2019 | 01.03.2020 |
| കർപ്പൂരാദി തൈലം | 24.06.2019 | 17.02.2020 |
| ബലാരിഷ്ടം | 27.11.2019 | 08.01.2020 |
| വില്വാദി ലേഹ്യം | 09.12.2019 | 17.02.2020 |
| കോലകുത്ഥാദി ചൂർണം | 16.07.2019 | 31.03.2020 |

കിടത്തി ചികിത്സ ഉൾപ്പെടെയുള്ള ആശുപത്രിയിൽ മരുന്നുകളുടെ ക്ഷാമം നേരിടുമ്പോൾ ഔഷധിയിൽ അഡ്വാൻസ് പേമെന്റ് നടത്തിയിട്ടും മരുന്നുകൾ കരാർ പ്രകാരം യഥാസമയം ലഭ്യമാകാത്തത് പദ്ധതി നടത്തിപ്പിലെ വീഴ്ചയാണ്. ആരോഗ്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം ഗൗരവമായി പരിഗണിക്കേണ്ടതും ആശുപത്രിയിൽ മരുന്നുകളുടെ ക്ഷാമം ഉണ്ടാകാതിരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-61 മാലിന്യ നിർമ്മാർജ്ജന പ്രോജക്ടുകൾ-നടപ്പിലാക്കിയിട്ടില്ല

മുനിസിപ്പാലിറ്റികളുടെ അനിവാര്യ ചുമതലയിൽപെടുന്ന മാലിന്യ നിർമ്മാർജ്ജനത്തിനായി നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി വർഷാവർഷം വലിയ തുകകൾ വകയിരുത്തി പ്രോജക്ടുകൾക്ക് അംഗീകാരം വാങ്ങുന്നുണ്ടെങ്കിലും അവയൊന്നും തന്നെ നടപ്പിൽ വരുത്തുന്നില്ല. 2019-20ൽ ഇത്തരത്തിൽ വിവിധ പ്രോജക്ടുകൾക്കായി 5,20,37,918/-രൂപ വകയിരുത്തുകയും 7,49,700/- രൂപ മാത്രം ചെലവ് നടത്തി ബാക്കി പദ്ധതികൾ ഉപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

പൊതുജനങ്ങൾക്കായി പ്രോജക്ടുകൾ ആവിഷ്കരിക്കുകയും അവ നടപ്പിലാക്കാതെ വരികയും ചെയ്യുമ്പോൾ വകയിരുത്തിയ തുക ലാപ്സാവുകയോ, തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടിവരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു

(A) സോളിഡ് വേസ്റ്റ് മാനേജ്മെൻറ് -വിനിയോഗിക്കാത്ത തുക തിരിച്ചടച്ചു .

നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിൽ ഖരമാലിന്യ സംസ്കരണത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും 2009-2010 കാലയളവിൽ 26,90,365/രൂപയും 2012-13 ൽ 40 ലക്ഷം രൂപയും State Mission Management Unit, AMRUT വഴി ലഭിച്ചിട്ടുണ്ട്.(ഐ.ഒ.ബി. ബാങ്ക് അക്കൗണ്ട് നം.15498). ചെലവഴിക്കാത്ത തുക തിരികെ അടയ്ക്കാൻ ആവശ്യപ്പെട്ടതനുസരിച്ച് 29,52,080/ രൂപ 14/01/2020 ൽ തിരിച്ചടച്ചു. ഖരമാലിന്യ സംസ്കരണ പ്രവർത്തനത്തിനായി ലഭിച്ച തുക ചെലവഴിക്കാതെ തിരിച്ചടയ്ക്കേണ്ടി വന്നത് ഭരണപരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

(B) ഖരമാലിന്യ സംസ്കരണത്തിനായി മുനിസിപ്പാലിറ്റിയിൽ കേന്ദ്ര സംസ്ഥാന സർക്കാരിൽ നിന്നും ലഭിക്കുന്ന തുകകൾ നിക്ഷേപിക്കുന്നതിനായി 2009 ഒക്ടോബറിൽ കാനറാ ബാങ്കിൽ തുടങ്ങിയ സേവിംഗ്സ് അക്കൗണ്ട് നം.44974 ൽ 2014-2015 മുതൽ യാതൊരു ഇടപാടുകളും നടന്നിട്ടില്ല. നിഷ്ക്രിയമായി തുടരുന്ന ഈ അക്കൗണ്ടിലെ നീക്കീയിരിപ്പ് ഖരമാലിന്യ സംസ്കരണത്തിനായി പ്രയോജനപ്പെടുത്താത്ത പക്ഷം ഈ തുകയും തിരികെ അടയ്ക്കേണ്ടിവരും. പ്രസ്തുത അക്കൗണ്ടിലെ 31.07.2021 ലെ നീക്കീയിരിപ്പ് 47,11,163/- രൂപയാണ്.

## 1-62 ഡി.പി.സി അംഗീകരിച്ച വിദ്യാഭ്യാസ മേഖലയിലെ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല

പ്രിൻസിപ്പൽ, ഗവൺമെൻറ് ഹയർ സെക്കണ്ടറി സ്കൂൾ, നിർവ്വഹണോദ്യോഗസ്ഥയായ ചുവടെ ചേർക്കുന്ന പദ്ധതികൾക്ക് 2019-20 സാമ്പത്തിക വർഷത്തിൽ ഡി.പി.സി അംഗീകാരം ലഭിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം. | പ്രോജക്ട് പേര് | ഫണ്ടിനം | അടങ്കൽ തുക |
|---|---|---|---|---|
| 1 | 104/19-20 | ഹൈസ്കൂൾ ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥിനികൾക്ക് കരാട്ടെ പരിശീലനം | വികസനഫണ്ട് | 4,00,000/- |
| 2 | 154/19-20 | ഹയർ സെക്കണ്ടറി സ്കൂൾ ലാബുകൾക്ക് കെമിക്കൽസ് വാങ്ങി നൽകൽ | വികസനഫണ്ട് | 2,00,000/- |

| | | | | |
|---|---|---|---|---|
| 3 | 160/19-20 | ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് കംപ്യൂട്ടർ വാങ്ങൽ | മെയിന്റനൻസ് ഫണ്ട്-റോഡിതരം | 5,00,000/- |
| 4 | 165/19-20 | സ്കൗട്ട്,ഗൈഡ്,സ്റ്റുഡന്റ്സ് പോലീസ് എന്നിവയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ | വികസനഫണ്ട് | 1,80,800/- |
| 5 | 167/19-20 | സാക്ഷരതാ തുല്യത പരിപാടി | വികസനഫണ്ട് | 4,00,000/- |
| 6 | 170/19-20 | നെയ്യാറ്റിൻകര ജെ.ബി.എസ്സ് ഓഡിറ്റോറിയത്തിന് ഫർണിച്ചർ | മെയിന്റനൻസ് ഫണ്ട്-റോഡിതരം | 2,00,000/- |
| 7 | 280/19-20 | ഷീ-പാഡ് പദ്ധതി (വനിത) | വികസന ഫണ്ട് | 5,00,000/- |

പ്രസ്തുത വിഷയത്തിന്മേൽ 16.10.2012 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.21 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിദ്യാഭ്യാസ മേഖലയിലെ മേൽ പദ്ധതികൾ നടപ്പിലാക്കാത്തത് വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ജാഗ്രതാ കുറവായി ഓഡിറ്റ് വിലയിരുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 നിക്ഷേപപ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിക്ഷേപ പ്രവൃത്തികൾക്ക് 2019-20 സാമ്പത്തിക വർഷം നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | നൽകിയ തുക | ചെലവഴിച്ച തുക | തിരികെ ലഭിച്ച തുക | ചെലവഴിക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (292/20) | 2793000 | 0 | 0 | 2793000 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

### 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടവിന്റെയും വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുകയുടെയും വിവരം ചുവടെ ചേർക്കുന്നു.

| വായ്പ വിവരം | ഉത്തരവ്/നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭ്യമായ തുക | തൻവർഷം അടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC ലോൺ ( രജിസ്റ്റർ പ്രകാരം ) | ലഭ്യമായില്ല | 9600000 | 193400000 | 18360000 | 184640000 |
| ഇ എം എസ് ലോൺ (ഫയൽ പ്രകാരം ) | ലഭ്യമായില്ല | 5000000 | 0 | 5000000 | 0 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ട്

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1999-00 | 54 | 2003-04 | 6.1.1 | പദ്ധതി തുക വകമാറ്റിയത് |
| 1999-00 | 59 | 2003-04 | 6.1.2 | താലൂക്ക് ആശുപത്രിയിൽ പൈറലേറ്റർ സ്ഥാപിച്ചത് |
| 1999-00 | 62 | 2003-04 | 6.1.3 | മരാമത്ത് പ്രവൃത്തികൾ |
| 1999-00 | 63 | 2003-04 | 6.1.4 | ലക്ഷ്യം കൈവരിക്കാത്ത പദ്ധതികൾ |
| 1999-00 | 64 | 2003-04 | 6.1.5 | കുടിവെള്ള പദ്ധതികൾ |
| 1999-00 | 80 | 2003-04 | 6.1.6 | ലേലം |

| | | | | |
|---|---|---|---|---|
| 1999-00 | 94 | 2003-04 | 6.1.7 | മണൽ ലേലം |
| 1999-00 | 95 | 2003-04 | 6.1.8 | ഷോപ്പിംഗ് കോംപ്ലക്സ് |
| 2000-01 | 2.28 | 2005-06 | 6.1 | മെറ്റലിംഗ്, ടാറിംഗ് |
| 2000-01 | 2.23 | 2005-06 | 6.2 | വകമാറ്റി ചെലവ് |
| 2000-01 | 2.35 | 2005-06 | 6.3 | റോഡ് നിർമ്മാണം |
| 2000-01 | 2.12 | 2005-06 | 4.6.1 | അക്ഷയ കോംപ്ലക്സ് |
| 2000-01 | 2.13.3 | 2005-06 | 4.6.2 | അക്ഷയ കോംപ്ലക്സ് |
| 2014-15 | 6-1 | 2014-15 | 6-1 | തൊഴിൽരഹിത വേതനം 13.35ലക്ഷം രൂപയുടെ പണാപഹരണം |
| 2014-15 | 4.1.1<br>4.1.2<br>4.1.3<br>4.1.4 | 2014-15 | 4.1.4 | നിഷ്ക്രിയാസ്തികൾ |

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 586863075.43 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 535307591.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 293339.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 31373912.00 |

(ബി) നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-58 | 2,10,547/- | ഡോ. ലിനി. എം.എസ്, മെഡിക്കൽ ഓഫീസർ PHC |

| | | |
|---|---|---|
| 1-59 | 82,792/- | ഡോ. സുലേഖ. ഡി, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| ആകെ | 2,93,339/- | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 26,825/- | ശ്രീ. സജി. എസ്.എസ്, സെക്രട്ടറി |
| 1-25 | 6,830/- | ശ്രീ. സജി. എസ്.എസ്, സെക്രട്ടറി |
| 1-30 | 23,09,787/- | ശ്രീ. മണികണ്ഠൻ. ആർ, സെക്രട്ടറി |
| 1-33 | 3,74,700/- | ശ്രീ. സജി. എസ്.എസ്, സെക്രട്ടറി |
| 1-34 | 24,78,727/- | ശ്രീ. മണികണ്ഠൻ. ആർ, സെക്രട്ടറി |
| 1-38 | 21,800/- | ശ്രീ. ഐ.കുമാർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ |
| 1-39 എ | 3,47,058/- | ശ്രീ. ഐ.കുമാർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ |
| 1-39 ബി | 86,795/- | ശ്രീ. പി.കെ. ശശികുമാർ, ഹെൽത്ത് സൂപ്പർവൈസർ |
| 1-40 | 50,000/- | ശ്രീമതി. വിജയലക്ഷ്മി അമ്മ, ഓവർസിയർ |
| 1-42(c) | 2,67,000/- | ശ്രീ. മണികണ്ഠൻ. ആർ, സെക്രട്ടറി |
| 1-42(d) | 76,330/- | ശ്രീ. സജി. എസ്.എസ്, സെക്രട്ടറി |
| 1-43 | 27,93,000/- | ശ്രീമതി. മേരി സ്റ്റെല്ല, പട്ടികജാതി വികസന ഓഫീസർ |
| 1-44 | 26,00,000/- | ശ്രീമതി. മേരി സ്റ്റെല്ല, പട്ടികജാതി വികസന ഓഫീസർ |
| 1-45 | 1,20,000/- | ശ്രീമതി. മേരി സ്റ്റെല്ല, പട്ടികജാതി വികസന ഓഫീസർ |
| 1-52 | 2,46,839/- | ശ്രീ. എൻ. ലോറൻസ്, അസി. എഞ്ചിനീയർ |
| 1-56 | 1,81,60,206/- | ശ്രീ. അഷ്റഫ് ഖാൻ, മുനിസിപ്പൽ എഞ്ചിനീയർ |
| 1-58 | 6,62,882/- | ഡോ. ലിനി. എം.എസ്. മെഡിക്കൽ ഓഫീസർ, PHC |
| 1-59 | 7,45,133/- | ഡോ. സുലേഖ. ഡി, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| ആകെ | 3,13,73,912/- | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 1-29, ഖണ്ഡിക1-13 (1മുതൽ 8വരെ)

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സജി. എസ്.എസ്, മുനിസിപ്പൽ സെക്രട്ടറി | സെക്രട്ടറി | സുജാത മന്ദിരം, പെരുങ്കുഴി, തച്ചർ വിളാകം, അഴൂർ-695305 |
| ശ്രീ. മണികണ്ഠൻ. ആർ, സെക്രട്ടറി | സെക്രട്ടറി, നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി | റ്റി.സി.6/2476(2), ഗുരുജി റോഡ്, കുരുവിക്കട, വട്ടിയൂർക്കാവ്. പി.ഒ, തിരുവനന്തപുരം. |
| ശ്രീ. അഷ്റഫ് ഖാൻ, | | നേതാജി ബോസ് റോഡ്, NBRA-47, |

| | | |
|---|---|---|
| അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | | കുറവൻകോണം, കവടിയാർ-695003 |
| ശ്രീ. എൻ. ലോറൻസ്, അസി. എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി | സെന്റ് ആന്റണീസ് ഭവൻ, മൈലോട്, മലയിൻകീഴ്. പി.ഒ, തിരുവനന്തപുരം. |
| ഡോ. ലിനി. എം.എസ്. മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, PHC ഓലത്താന്നി | അതുല്യ, ശ്രീകൃഷ്ണനഗർ, ശ്രീകാര്യം, തിരുവനന്തപുരം-17. |
| ഡോ. സുലേഖ. ഡി, മെഡിക്കൽ ഓഫീസർ, ഹോമിയോ | | ദേവരാജ് ഭവൻ, മേലാറന്നൂർ, GNRA-2, കരമന-695002 |
| ശ്രീമതി. മേരി സ്റ്റെല്ല, പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ, നെയ്യാറ്റിൻകര | കുരുവിത്തോട്ടം, ആറ്റുപുറം, ഉച്ചക്കട. പി.ഒ. |
| ശ്രീ. ഐ. കുമാർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | | പനംകാല വീട്, ചെങ്കവിള, അടയ്ക്കാക്കുഴി 629153 |
| ശ്രീ. പി.കെ. ശശികുമാർ, ഹെൽത്ത് സൂപ്പർവൈസർ | | സൈന്ധവം, ഊരുട്ടുകാല, നിയർ കണിയംകുളം, നെയ്യാറ്റിൻകര പി.ഒ. |
| ശ്രീമതി. വിജയലക്ഷ്മി അമ്മ, ഓവർസിയർ | | കുറുവറത്തല മേലെ പുത്തൻവീട്, വെൺപകൽ പി.ഒ., ആറാലുംമൂട് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | നം.എൽ.എഫ്.റ്റി.ഡി(എ)4/13/99/ 01.01.1992 | 32 | |
| 1997-98 | നം.എൽ.എഫ്.റ്റി.ഡി(എ)എം.എൽ.476/2000/ 20.12.00 | 36 | |
| 1998-99 | നം..എൽ.എഫ്.റ്റി.ഡി.എം.എൽ.241/01/ 15.03.2003 | 31 | |
| 1999-00 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.289/ 03/ 13.10.2003 | 57 | |
| 2000-01 (ചെലവ്) | ന.എൽ.എഫ്.റ്റി.ഡി.എം.എൽ.1370/04/ 16.3.2005 | 63 | |
| 2000-01 (ഫൈനൽ) | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.1637/07/ 16.2.2008 | 34 | |
| 2001-02 (ചെലവ്) | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.1365/06/ 20.1.07, 14.3.07 | 29 | |
| 2001-02 (ഫൈനൽ) | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.1636/07/ 7.4.2008 | 30 | |
| 2002-03 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.1683/07/ 7.4.2008 | 28 | |
| 2003-04 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.1720/2007 | 24 | |
| 2004-05 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.1584/2009 | 24 | |
| 2005-06 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.1601/09/ 31.03.10 | 25 | |

| | | | |
|---|---|---|---|
| 2006-07 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.304/11/ 13.10.2011 | 24 | |
| 2007-08 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.305/11/ 13.10.2011 | 33 | |
| 2008-09 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.36/12/17.07.12 | 20 | |
| 2009-10 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.37/12/17.7.12 | 18 | |
| 2010-11 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.1684/12/22.2.13 | 35 | |
| 2011-12 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.2080/14/ 18.12.14 | 25 | |
| 2012-13 | നം.എൽ.എഫ്.റ്റി.ഡി.എം.എൽ.1901/13/16.1.14 | 37 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.എം.എൽ.738/2016/ 18.03.2016 | 42 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.എം.എൽ.1337/2016/ 12.08.2016 | 34 | |
| 2015-16 | നം.കെ.എസ്.എ.റ്റി.വി.എം.എം.എൽ.122/2016<br>12.01.17 | 33 | |
| 2016-17 | കെ.എസ് . എ.റ്റി .വി . എം.എൽ/1848/2017 , തീയതി: 26.09.2017 | 9 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.എൽ/2692/2018, തീയതി: 18/03/2019 | 32 | |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.എൽ/329/2020, തീയതി: 25/05/2020 | 65 | |

ജോയിന്റ് ഡയറക്ടർ ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്റ്റിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര മുൻസിപ്പാലിറ്റിയുടെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര മുൻസിപ്പാലിറ്റിയുടെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്